"എളിമയുള്ളവരെ സഹായിക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യുന്ന ദൈവത്തിന്റെ അനുഗ്രഹത്തിലല്ലാതെ, നിന്റെ സ്വന്തം വിജ്ഞാനത്തിലോ ജീവിച്ചിരിക്കുന്ന യാതൊരു മനുഷ്യന്റേയും കൗശലതയിലോ വിശ്വസിക്കരുതു്. നിനക്കു സമ്പത്തുക്കളുണ്ടെങ്കിൽ അവയിൽ നീ അഭിമാനിക്കരുതു്; നിന്റെ സ്നേഹിതന്മാർ പ്രബലന്മാരാണെന്നുള്ള കാരണത്താൽ അവരിലും നീ അഭിമാനിക്കരുതു്."

—ക്രിസ്ത്വനുകരണം.

# സത്യദീപം

"ഇതാകുന്നു ഉപമ: വിത്തു ദൈവവചനമാകുന്നു. വഴിയരികിൽ വീണവ, വചനം ശ്രവിക്കുന്നവരാകുന്നു. എന്നാൽ പിശാചൻ വന്നു് അവരുടെ ഹൃദയത്തിൽനിന്നു് അവ എടുത്തുകളയുന്നു...നല്ല മണ്ണിൽ വീണ വിത്താകട്ടെ, വചനം ശ്രവിച്ചിട്ടു്, ശ്രേഷ്ഠവും ഉദാരവുമായ ഹൃദയത്തോടെ അതിനെ മുറുകെപ്പിടിക്കുകയും നല്ല വിളവു പുറപ്പെടുവിക്കുകയും ചെയ്യുന്നവരെ സൂചിപ്പിക്കുന്നു."


—ലൂക്കാ VIII: 11—16

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഫെബ്രുവരി 20—ബുധനാഴ്ച | Vol. 30, No. 27


## യാക്കോബായക്കാരും റവ. വി. സി. ഗീവർഗീസ് കോർ എപ്പിസ്കോപ്പായുടെ പുനരൈക്യവും

(ഫാദർ തോമസ് മണ്ണഞ്ചേരി)



### "എന്റെ ആടുകളെ മേയിക്കുക"

### അനുതാപിയായ പത്രോസിനെ ഇടയനായി നിയമിച്ചു

സൗഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യവും തൽഫലമായി യാക്കോബായസഭയിൽനിന്നുമുണ്ടായ മാനസാന്തരപ്രവാഹവും മലങ്കരസഭാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ കുറിക്കുന്ന സംഭവങ്ങളായിരുന്നു. 1653-ൽ നടന്ന കൂനൻകുരിശുസത്യവും അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും അതഃപശ്ചാത്തം ഒരേവിശ്വാസത്തെ പാലിച്ചുകൊണ്ടിരുന്ന മലങ്കരസഭയിൽ വിശ്വാസവൈപരീത്യങ്ങളും ഭിന്നതകളും ഉണ്ടാകുന്നതിനു കാരണമായിത്തീർന്നു. എന്നാൽ 1930 ൽ നടന്ന മാർ ഈവാനിയോസ്-തെയോപ്പിലോസ് തിരുമേനിമാരുടെ പുനരൈക്യം കൂനൻകുരിശുസത്യത്തിനുശേഷം മലങ്കരസഭയിൽ നടന്ന ചരിത്രപ്രസിദ്ധമായ സംഭവമായിരുന്നു. ഇതു് ശീശ്മമൂലം മലങ്കരസഭയിലുണ്ടായ പിളർപ്പിനെ നീക്കി യഥാർത്ഥമായ ഐക്യം കൈവരുത്തണമെന്നും ചിതറിപ്പോയ ആട്ടിൻകൂട്ടങ്ങളെ സത്യസഭയായ ഏകതൊഴുത്തിലേക്കു് കൂട്ടിക്കൊണ്ടുവരണമെന്നുമുള്ള ഉദ്ദേശ്യത്തോടുകൂടി ചിരകാലപ്രതീക്ഷയുടേയും പ്രാർത്ഥനയുടേയും ഫലമായി നടന്ന സംഭവമായിരുന്നു. യാക്കോബായക്കാരുടെ കൂട്ടത്തിൽനിന്നും കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യം ഒരു മഹാപ്രസ്ഥാനമായിത്തീരുകയും അതിനു കത്തോലിക്കാസഭയുടെ ഔദ്യോഗികമായ അംഗീകരണം സിദ്ധിക്കയും ചെയ്തതിനുശേഷം യാക്കോബായസഭയിൽനിന്നും ഒരു ലക്ഷത്തിലധികം ആളുകൾ കത്തോലിക്കാസഭയിൽ പ്രവേശിച്ചുകഴിഞ്ഞതായിട്ടാണു് ഈ വിഷയത്തെപ്പററി പ്രസിദ്ധീകൃതമായ ചില രേഖകളിൽനിന്നും വ്യക്തമാകുന്നതു്. ഇങ്ങനെ മാനസാന്തരപ്പെട്ടവരുടെ കൂട്ടത്തിൽ അനേകം പ്രമുഖവ്യക്തികൾ ഉൾപ്പെടുന്നുണ്ടെന്നുള്ളതു് തർക്കമററകാര്യമാണല്ലോ.

ക്രിസ്തുവിനാൽസ്ഥാപിക്കപ്പെട്ട സഭ ഒന്നുമാത്രമേ ഉള്ളുവെന്നും അതു യാക്കോബായസഭയല്ലെന്നും വിശ്വസിക്കുന്ന യാക്കോബായക്കാർ സത്യൈകസഭ ഏതെന്നു അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതു് അവരുടെ മുഖ്യമായ ആവശ്യവും കടമയുമായി വിചാരിക്കേണ്ടതാകുന്നു. യാക്കോബായസഭയിലെ ആഭ്യന്തരകലഹങ്ങളും കക്ഷിവഴക്കുകളും തീരാവ്യവഹാരങ്ങളും നിമിത്തം സാമാന്യബുദ്ധികളായ ആളുകൾക്കുപോലും യാക്കോബായസഭ മനുഷ്യർക്കു രക്ഷാമാർഗ്ഗമായി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള സഭയല്ലെന്നു മനസ്സിലാക്കാൻകഴിയും. സമാധാനത്തിനുവേണ്ടി അനേകം ശ്രമങ്ങൾ നടത്തിയിട്ടും ഒരിക്കലും സമാധാനം ഉണ്ടാക്കാൻ സാധിക്കാത്ത ഈ സഭയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവു വസിക്കുന്നില്ലെന്നു ഗ്രഹിക്കാൻ ആർക്കാണു് പ്രയാസമുള്ളതു്? യാക്കോബായസഭയുടെ കഴിഞ്ഞ അമ്പതു കൊല്ലക്കാലത്തെ ചരിത്രം ബാവാമെത്രാൻ കക്ഷിവഴക്കുകളുടേയും വട്ടിപ്പണക്കേസിന്റേയും ചരിത്രമായിരുന്നുവെന്നതു് നിസ്തർക്കമായ കാര്യമാണല്ലോ. ആത്മാക്കളുടെ രക്ഷയേയും ആദ്ധ്യാത്മികപുരോഗതിയേയും ലക്ഷ്യമാക്കി ആ സഭയ്ക്കു് എന്തു നേട്ടമാണു് ഉണ്ടായിട്ടുള്ളതെന്നു നിർമ്മത്സരബുദ്ധികളും സത്യാന്വേഷകരുമായ ആളുകൾ പരിചിന്തനം ചെയ്യാതിരിക്കുകയില്ല. യാക്കോബായസഭയ്ക്കു ആ സഭയുടെ അംഗങ്ങളെ രക്ഷാമാർഗ്ഗത്തിൽക്കൂടി നയിക്കാൻ കഴിവില്ലെന്നും യാക്കോബായസഭ വാസ്തവത്തിൽ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നില്ലെന്നും ആ സഭയിൽനിന്നുകൊണ്ടു് ആത്മരക്ഷ നേടാൻ സാദ്ധ്യമല്ലെന്നും വിശ്വസിക്കുന്നവർ യാക്കോബായസഭ വിട്ടു് സത്യൈകസഭയായ കത്തോലിക്കാസഭയിൽ ചേരുന്നതിനെപ്പററി ആരെങ്കിലും ക്ഷോഭിക്കുകയോ കുപിതരാകുകയോ ചെയ്യുന്നുവെങ്കിൽ അതു അവരുടെ ബലഹീനതയെമാത്രമാണു് തെളിയിക്കുന്നതു്. മനസ്സാക്ഷിസ്വാതന്ത്ര്യമെന്നതു് മനുഷ്യന്റെ മൗലികാവകാശങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്ന ജന്മസിദ്ധമായ അവകാശമാണല്ലോ. ആത്മരക്ഷനേടുക എന്നതു് ഏതു മനുഷ്യന്റേയും മുഖ്യമായ ആവശ്യമായിരിക്കുകയാൽ, ശരിയായ രക്ഷാമാർഗ്ഗമെന്നു് ഒരുവനു ബോദ്ധ്യമുള്ള മതത്തിൽ ചേരുന്നതിനെപ്പററി ആർക്കെങ്കിലും ന്യായമായി എതിർക്കുന്നതിനോ പ്രതിഷേധിക്കുന്നതിനോ അവകാശമുള്ളതല്ല.

സത്യദീപത്തിന്റെ അടുത്തകാലത്തെ ഏതാനും ലക്കങ്ങളിൽ "ശകാരവർഷങ്ങൾ" എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനങ്ങൾ എന്റെ ശ്രദ്ധയ്ക്കു വിഷയമാകുകയുണ്ടായി. അവ കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ട റവ. വി. സി. ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ അവർകളുടെ ലേഖനങ്ങളായിരുന്നു. അദ്ദേഹത്തിന്റെ പുനരൈക്യം യാക്കോബായസഭയിലെ ബാവാകക്ഷികളുടെ ഇടയിൽ വലിയ ക്ഷോഭത്തിനു കാരണമാക്കിയിരിക്കുന്നതായി ആ ലേഖനങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. കോർഎപ്പിസ്ക്കോപ്പാ അവർകൾ യാക്കോബായസഭയുടെ ആധുനികനിലയേയും പൂർവ്വികചരിത്രത്തേയുംപററി പഠിക്കുകയും അന്വേഷിക്കുകയും ആലോചിക്കുകയും ചെയ്തതിന്റെ ഫലമായി യാക്കോബായസഭ ക്രിസ്തുവിന്റെ യഥാർത്ഥമായിട്ടുള്ള സഭയല്ലെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടുവെന്നും ആ കാരണത്താലാണു് അദ്ദേഹം മതപരിവർത്തനം ചെയ്തിട്ടുള്ളതെന്നും ആ ലേഖനങ്ങൾ വിശദമാക്കിയിരിക്കുന്നു. എന്നാൽ അദ്ദേഹം ആകസ്മികമായി യാക്കോബായസഭ വിട്ടു് കത്തോലിക്കാസഭയിൽ ചേരുകയല്ലാ ചെയ്തിട്ടുള്ളതു്. കത്തോലിക്കാസഭയെപ്പററി അവഗാഢമായ പഠനവും അന്വേഷണവും നടത്തിയെന്നും ഏതന്മൂലം ചരിത്രപരമായും വേദശാസ്ത്രപരമായും ക്രിസ്തുവിന്റെ സത്യസഭ എന്നു വിളിക്കപ്പെടാൻ അർഹതയുള്ള ഏകസ്ഥാപനം കത്തോലിക്കാസഭയാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

ഇരുപത്താറുകൊല്ലങ്ങൾക്കുമുമ്പു മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടപ്പോൾ യാക്കോബായക്കാരുടെ കൂട്ടത്തിൽ പ്രധാനികളായ അനേകംപേർ ഉടൻതന്നെ അദ്ദേഹത്തെ അനുഗമിച്ചു് കത്തോലിക്കാസഭയിൽ വന്നുചേരുമെന്നാണു് അദ്ദേഹം പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ അദ്ദേഹത്തിനു അനുഭവപ്പെട്ടതു് സ്വന്തം കൂട്ടരിൽനിന്നും ഭയങ്കരമായ എതിർപ്പും അധിക്ഷേപങ്ങളും ശകാരവർഷങ്ങളും പീഡനങ്ങളുമായിരുന്നു. എങ്കിലും ധീരമനസ്കനായ തിരുമേനി ഈവക ഭീഷണികൾ ഒന്നും വകവയ്ക്കാതെ പുനരൈക്യപ്രസ്ഥാനത്തിനു് ഒന്നാംതരം അടിസ്ഥാനം പണിതുറപ്പിക്കുകയാണു ചെയ്തതു്. കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുന്നവർക്കു് യാതൊരാപത്തും നേരിടാനില്ലെന്നും യാക്കോബായസഭയിലെ അപകടകരമായ കോളിളക്കങ്ങളിൽനിന്നു രക്ഷപ്രാപിച്ചു് പത്രോസിന്റെ ഉറപ്പുള്ള പാറയിൽ അഭയംപ്രാപിച്ചിരിക്കുന്നുവെന്നുള്ള സുരക്ഷിതത്വബോധമാണു് അവർക്കനുഭവപ്പെടുന്നതെന്നും തിരുമേനി സ്വന്തം ദൃഷ്ടാന്തത്താൽ വ്യക്തമാക്കി. കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നവർക്കു് യാതൊരു ഭയാശങ്കകളും കൂടാതെ ഹൃദയസമാധാനത്തോടുകൂടി ജീവിച്ചുകൊണ്ടു് തങ്ങളുടെ ആത്മരക്ഷയുടെ കാര്യം മുഖ്യമായ ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കാൻ കഴിയുമെന്നു് തിരുമേനി സ്വസഹോദരങ്ങളെ ഗ്രഹിപ്പിച്ചു. രക്ഷയുടെ തുറമുഖമായ കത്തോലിക്കാസഭയിലേക്കുള്ള പ്രവേശനം ഇത്ര സുഗമമായിരിക്കവേ ശീശ്മയും എടുത്തുട്ടം നിമിത്തം ശരിയായ രക്ഷാമാർഗ്ഗത്തിൽനിന്നും തെററിപ്പോയിരിക്കുന്ന യാക്കോബായസഭയിൽനിന്നുകൊണ്ടു് ആത്മരക്ഷ അപകടത്തിലാക്കുന്നതു് എത്രയോ വലിയ അബദ്ധമാണെന്നു് മാർ ഈവാനിയോസ് തിരുമേനി സ്വസഹോദരങ്ങളെ അനുസ്യൂതം ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. ആ വന്ദ്യതിരുമേനിയുടെ ആഹ്വാനമനുസരിച്ചു് അനേകം യാക്കോബായക്കാർ കത്തോലിക്കാസഭയിൽ വന്നുചേരുകയുമുണ്ടായി എന്ന കാര്യം സവിശേഷം സ്മരണീയമത്രെ.

മാർ ഈവാനിയോസ്-മാർ തെയോഫിലോസ് തിരുമേനിമാരും മററനേകം യാക്കോബായക്കാരും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിട്ടു് ഇരുപത്തിയാറു കൊല്ലങ്ങൾ കഴിഞ്ഞിരിക്കുകയാണല്ലോ. യാക്കോബായസഭയിൽനിന്നും ദിവസേന എന്നപോലെ അനേകം ആളുകൾ കത്തോലിക്കാസഭയിൽ ചേർന്നുകൊണ്ടിരിക്കുന്ന

(ശേഷം 9-ാംപേജിൽ)

ആഖ്യായിക

# ബറാബാസ്



## അദ്ധ്യായം 21 (തുടർച്ച)

# റോമായിൽനിന്നൊരു കത്തും അതിനു മറുപടിയും

(വി. സി. ജോർജ്ജ് ബി എ. എൽ. ററി.)

അദ്ദേഹം മറിയിൽനിന്നിറങ്ങി. പീലാത്തോസിന്റെ സമയംപാത്തു് മാർക്കസ് പുറത്തുനില്ക്കുന്നുണ്ടായിരുന്നു. സിക്രട്ടറിയെ പറഞ്ഞയച്ചിട്ട് സിക്ഥകപത്രമെടുത്തു് പീലാത്തോസ് എഴുതിത്തുടങ്ങി.

ജൂദിയാ, സമാറിയാ ഈ രാജ്യങ്ങളുടെ പ്രൊക്കറേററും സൈനികാദ്ധ്യക്ഷനുമായ പൊൻറിയസ് പീലാത്തോസ് സെനററർ റൂളിയസ് ആപ്പറിന്നെഴുതുന്നതു്.

അഭിവന്ദനങ്ങൾ! സ്നേഹിതാ, താങ്കൾ അയച്ചതും ഇന്നിവിടെ കിട്ടിയതുമായ കത്തിന്നായി നന്ദിപറയുന്നു. ഈ നാശംപിടിച്ച ദേശത്തു് എന്റെ മനഃസ്ഥിതിയെന്താണെന്നു് താൻ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ ദീർഘകാലമൗനം പ്രമാണിച്ചു് നിങ്ങൾ എന്നെ തെല്ലും പഴിക്കുകയില്ലായിരുന്നു. വിലാപങ്ങളും പരാതികളും കൂട്ടിക്കെട്ടി സ്നേഹിതന്റെ പേർക്കു കത്തുകളയക്കുക ഏതാണ്ടു് നിർദ്ദയത്വമല്ലയോ?

റോമായിൽ നടന്നുകൊണ്ടിരിക്കുന്ന സംഗതികളുടെ വിവരങ്ങൾ ലഭിക്കുക എനിക്കുപകാരപ്രദംതന്നെ. യഹൂദന്മാരുടെ ആദ്ധ്യാത്മികനേതാവു്, ശ്രേഷ്ഠാചാര്യൻ അന്നാസിന്റെ ഒരു പുത്രൻ റോമായിലുണ്ടെന്നും അയാൾക്കു് അഗസ്റ്റസിന്റെ സന്നിധിയിൽ പ്രവേശനസ്വാതന്ത്ര്യം കൈവന്നിട്ടുണ്ടെന്നും ഞാൻ അറിഞ്ഞിട്ടുണ്ടു്. എന്നാൽ അയാളും അയാളുടെ പാർശ്വവർത്തികളുംകൂടി കേസറിന്റെ ശ്രദ്ധ അവരിലേക്കും അവരുടെ സമുദായകാര്യങ്ങളിലേക്കും ആകർഷിച്ചുകഴിഞ്ഞതായി ഞാൻ അറിഞ്ഞിരുന്നില്ലാ. സ്വാർത്ഥം മുൻനിറുത്തി, എവിടെയെങ്കിലും നുഴഞ്ഞുകയറുവാനവർക്കുള്ള പാടവം ഞാൻ ഗ്രഹിച്ചിട്ടുണ്ടു്. പാശ്ചാത്യരുടെ മതാചാരസമ്പ്രദായങ്ങളിൽനിന്നു് വിഭിന്നമായി ചില പ്രത്യേകതകളും പല വിലക്ഷണങ്ങളുമുള്ള ആചാരസമ്പ്രദായങ്ങളോടു് അഗസ്റ്റസിനുപ്രതിപത്തിയുള്ള വസ്തുത അവർക്കനുകൂലമായി തീർന്നിരിക്കാം. ആ വാസനയെപ്പററി നാമെന്തെങ്കിലും അഭിപ്രായം പറയുക വിഹിതമല്ലല്ലോ. ഇവിടത്തെ യഹൂദജനങ്ങളുടെ മതാധികാരികളുമായുള്ള എന്റെ വർത്തനം കേസറിന്റെ അരമനയിലെ സംഭവവികാസങ്ങളനുസരിച്ചു് ഞാൻ നിയന്ത്രിക്കുന്നുണ്ടോയെന്നു് ചിന്തിച്ചാൽ, പ്രിയ റൂളിയസ് ആപ്പർ, അവ എന്റെ ഭരണനയവുമായി ബന്ധപ്പെടുവാൻ ഞാൻ സമ്മതിക്കുകയില്ല. ഞാനും താനും അറിയുന്നതുപോലെ റോമായെ അറിയുന്നവർക്കു് മനസ്സിലാക്കുവാൻ സാധിക്കും അവിടെ ഭാവഭേദങ്ങൾ എത്ര പെട്ടെന്നുണ്ടാകുന്നുവെന്നു്. ഇന്നു് അഗസ്റ്റസിന്റെ കണ്ജ്ജപന്മാരായി കഴിയുന്നകൂട്ടർക്കു് നാളെ വലിക്കപ്പല്ലുകളിൽ തുഴയുകയായിരിക്കും അനുഭവം. ആ ദിവ്യസ്ഥാനിയുടെ പ്രകൃതിഭേദങ്ങൾ മുൻകൂട്ടി മനസ്സിലാക്കാവുന്നവയല്ലതന്നെ. എങ്കിലും, ഭര[illegible]ടം സുസ്ഥിരമായിരിക്കണം; പ്രതാപം നിലനില്ക്കണമോ റോമാ അചഞ്ചലയായിരിക്കുകയും വേണം. ആകയാൽ ഗവർണരുടെ കർത്തവ്യം, സാമ്രാജ്യഭക്തിയെ നിലനിർത്തുകമാത്രമാണു്; ഭാവഭേദങ്ങളും വികാരാവേശങ്ങളും വിമോഹങ്ങളുംമൂലം മാർഗ്ഗഭ്രംശത്തിനു് തല്പരനാകുകയല്ല.

ഈ സാധാരണതത്വങ്ങൾ അവ്യക്തികമായി എന്നെ സംബന്ധിച്ചു് പരിഗണിക്കപ്പെടുന്നു എന്നു വയ്ക്കുക. ഏതാനും ചില എബ്രായർ തല്ക്കാലം റോമയിൽ വാത്സല്യഭാജനങ്ങളായിത്തീർന്നിട്ടുണ്ടെന്നുള്ള കാരണത്താൽ ഞാൻ ഇവിടെ ഭരണപരമായി കടിഞ്ഞാണയച്ചു്, പുരോഹിതവർഗ്ഗത്തിന്റെ പ്രീതി സമ്പാദിക്കുവാനുദ്യമിക്കുകയാണെങ്കിൽ അതു് സാമ്രാജ്യത്തിനെതിരായ ഒരു വൻപാതകമായിരിക്കും. അതൊരിക്കലും സംഭവിക്കരുതു്. ക്ലിപ്തരീതിയിലുള്ള റോമായുടെ ഭരണക്രമത്തിനു് അഗസ്റ്റസിന്റെ പ്രസാദമനുസരിച്ചു വ്യതിയാനം വരുത്തുവാൻ പാടില്ലെന്നു് കാലുമാറുന്നതിൽ പ്രാവീണ്യമുള്ള ആ മഹാന്മാർക്കു വിശദീകരിച്ചുകൊടുക്കുകയത്രെ എന്നാൽ കരണീയം.

പ്രിയ സ്നേഹിതാ, ഈ ദേശത്തിലെ രാഷ്ട്രീയസ്ഥിതിഗതികളെപ്പററി ശരിയായ ജ്ഞാനം നിങ്ങൾക്കു് ഈ ചെറുകത്തുവഴി തരിക സാദ്ധ്യമല്ല. ഇവിടെ രാജ്യതന്ത്രവും മതവും കൂടിക്കുഴഞ്ഞുകിടക്കുന്നതുകൊണ്ടു് ഏതാണു് രാഷ്ട്രീയചെഷ്ടി, ഏതാണു് മതാന്ധതയുടെ പരിണാമം എന്നു തിരിച്ചറിവാൻ ആർക്കും കഴിവില്ല. ഗവർണർ എന്ന നിലയിൽ എനിക്കുള്ള പ്രയാസങ്ങളുടെ ഏകദേശജ്ഞാനം നിങ്ങൾക്കു ലഭിക്കുവാനുപകരിക്കുന്ന രണ്ടുദാഹരണങ്ങൾ പറയാം.

കുറെക്കാലം മുമ്പു് ബറാബാസ് എന്ന പേരുള്ള ഒരു മനുഷ്യൻ ആനന്ദകരമല്ലാത്തവിധം പ്രമാണിവേഷം കെട്ടുകയുണ്ടായി. അയാൾ പെരുങ്കള്ളനും കൊലപാതകിയുമത്രെ. അയാൾക്കും അയാളുടെ കൂട്ടുകാർക്കും ആവശ്യമായ വകകൾ ധനവാന്മാരായ യഹൂദന്മാരെ കൊന്നോ കവർന്നോ അയാൾ വസൂലാക്കുകമാത്രം ചെയ്തിരുന്ന അവസരത്തിൽ മററു കുററക്കാരെ അപേക്ഷിച്ചു ഞാനയാളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിച്ചിരുന്നില്ല. വെറും പോലീസ് കാര്യത്തെ രാഷ്ട്രീയസംഭവമായി വേഷം കെട്ടിക്കാൻ ഞാനിഷ്ടപ്പെട്ടുമില്ലാ. റോമന്മാരെ അത്യധികം വെറുക്കുന്ന പ്രസ്തുത മനുഷ്യനാകട്ടെ, ജനതാമദ്ധ്യേ ലീനമായ ദേശീയസ്വാതന്ത്ര്യവാഞ്ഛ ഉപയോഗപ്പെടുത്തി ആഗാമിയായ "ഇസ്രായേലിൻ സ്വാതന്ത്ര്യസമ്പാദകൻ" എന്നു സ്വയം പ്രഖ്യാപിച്ചു. യഹൂദസമുദായം കഴിഞ്ഞ കാലങ്ങളിൽ പല പ്രാവശ്യം ദേശീയസ്വാതന്ത്ര്യം അനുഭവിച്ചിരുന്നുവെന്നും അതു് പുനഃപ്രാപിക്കുവാനുള്ള വന്മോഹം അവരിൽ കുടികൊള്ളുന്നുവെന്നും സ്നേഹിതൻ ധരിക്കേണ്ടതുണ്ടു്; ആ മോഹം നിസ്സാരമാക്കുക തെററാണു്. മാർദ്ദവം, അനുരഞ്ജനശീലം, മൈത്രീഭാവം എന്നിവകൊണ്ടു് റോമായുടെ സദുദ്ദേശ്യങ്ങൾ ഇത്രയധികം ഉന്മത്തരും അപരിഷ്കൃതരുമായ ഒരു ജനസമുദായത്തിനു് മനസ്സിലാക്കിക്കൊടുക്കാമെന്നു് സ്വമേധയാ ചിന്തിക്കുന്നതതിലുംവലിയ തെററാകുന്നു.

മാത്രമല്ലാ, ദേശീയപ്രബോധം തട്ടിയുണർത്തുന്നവനെന്നഭിമാനിക്കുന്ന ഓരോ കവർച്ചക്കാരന്റെയും കൊലപാതകിയുടെയും ചെയ്തികളെപ്പററി നാം ആധിപിടിക്കത്തക്കവണ്ണം റോമൻശക്തി അത്രയ്ക്കിളകിയ കാലിലാണു് നില്ക്കുന്നതെന്ന ധാരണ പരത്തുന്നതും ശരിയല്ലാ. തെല്ലും ആയാസംകൂടാതെ ഈ കള്ളനേയും അയാളുടെ കൂടെയുള്ള സകലരേയും ബന്ധനത്തിലാക്കിക്കുന്ന വിസ്താരത്തിനു് വിധേയരാക്കുവാൻ എനിക്കു സാധിക്കുമായിരുന്നു. എത്രയെത്ര കുരിശുകൾ വേണമെങ്കിലും, അവർക്കുള്ള തടി ഇവിടെ സുലഭമാണു്. എന്നാൽ എന്റെ നിയന്ത്രണത്തിൽ ഒരു വമ്പിച്ച സൈന്യം ഇവിടെയില്ല. സെസ്സുവിയസടിവാരത്തിങ്കൽവെച്ചു് അടിമയായ സ്പാർട്ടാക്കസിനാൽ പരാജിതനായ പ്രീറോററിയൻ വാറിനിയസിന്റെ ദൃഷ്ടാന്തം അനാകർഷകമായി എനിക്കു തോന്നുകയുംചെയ്തു. ദുർബലഹൃദയത്വം എന്നിൽ ആരോപിക്കുവാൻ അവകാശമില്ലെങ്കിലും, പൊറേറലിയായിൽ കൂട്ടംകൂട്ടമായി കുരിശിൽ കൊലനടത്തിയ ലിച്ചീനസ് ക്രാസസ് റോമായുടെ പ്രശസ്തിക്കു മാററുകൂട്ടുകയാണോ ക്ഷതംവരുത്തുകയാണോ ചെയ്തതെന്നുള്ളതു് ഇനിയും വിവാദവിഷയമായി തുടരുന്നുവെന്നത്രെ ഞാൻ മനസ്സിലാക്കുന്നതു്. പ്രിയ സുഹൃത്തേ, ഈ രാഷ്ട്രീയപ്രക്ഷോഭകാരികളുടെ തലയ്ക്കുമീതെ സ്വാതന്ത്ര്യസമ്പാദകരെന്ന കനകദീപ്തി കത്തിപ്പോകുന്നതിലുമധികം എനിക്കു് പ്രിയംകരമായിരിക്കുന്നതു് അവരെ സാധാരണ കുററവാളികളായി മുദ്രയടിച്ചു് പരിഹാസപാത്രങ്ങളാക്കുകയാകുന്നു. ആധിയും ഭീതിയുമായി കൂടുതൽ സൈന്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് റോമായിലേക്കോടുന്നതിനുപകരം ഞാൻ തക്കസമയത്തു് ഈ ബറാബാസിനെ ബന്ധിച്ചു് തടവിൽ പാർപ്പിച്ചിരിക്കുകയാണു്. വിനോദരംഗത്തു് അയാളെക്കൊണ്ടൊരു വികടവേഷം കെട്ടിക്കുകയുണ്ടായിതാനും. ഏതാനും ദിവസങ്ങൾക്കകം കുരിശിലേറി അയാളുടെ കഥയും കഴിയും. കവർച്ചയും കൊലയുംമാത്രമത്രേ അയാളിൽ ആരോപിച്ചിട്ടുള്ള കുററങ്ങൾ. അയാളുടെ പ്രസ്ഥാനം കാററിൽ ചിതറിക്കഴിഞ്ഞിരിക്കുകയാണു്. ഭീതിപൂണ്ട ആട്ടിൻപററത്തെപ്പോലെ അങ്ങുമിങ്ങും ചിതറി ഒളിക്കുവാൻ അയാളുടെ അനുയായികളെ അനുവദിച്ചതിൽ അവർ ആഹ്ളാദിക്കുന്നു.

കാപട്യപൂർവ്വം പ്രണതിനടിച്ചു് അഗസ്റ്റസിന്റെ വിശ്വാസം ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ഈ യഹൂദപുരോഹിതന്മാർ ബറാബാസിന്റെ കൂട്ടുകെട്ടിൽ പെട്ടിരുന്നുവെന്നും, അയാളെ പെരുങ്കള്ളനെന്ന നിലയിൽ ഞാൻ തടവിലടപ്പിച്ചതുവരെ, ആ സഖ്യം നിലനിന്നിരുന്നുവെന്നും, നിങ്ങൾ അറിയേണ്ടതുണ്ടു്. പൊന്നുസ്നേഹിതാ, ഈ രാജ്യം ഭരിക്കുന്നതിനാവശ്യംവേണ്ടതായ നയതന്ത്രകുശലതയെപ്പററി നിങ്ങൾക്കേതാണ്ടൂഹിക്കാൻകഴിയുമല്ലോ, ഇതിൽനിന്നൊക്കെ. അരമനയിലുള്ളവർക്കാർക്കും ഇതേപ്പററി യാതൊരു ജ്ഞാനവുമില്ല. അവസരംലഭിച്ചാൽ ഈ കാര്യം അരമനക്കാരെ വേണ്ടവിധം ധരിപ്പിക്കുന്നതുകൊള്ളാം.

ഇനി രണ്ടാമത്തെ ഉദാഹരണം. ഈ യഹൂദർ പല വിഭാഗക്കാരായി തിരിഞ്ഞു് പരസ്പരം വെറുക്കുകയും കലഹിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവരുടെ വിശുദ്ധലിഖിതങ്ങളിൽ കാണുന്ന ഒരു പ്രവചനത്തിൽ എല്ലാവരും ഒരുപോലെ വിശ്വസിക്കുന്നുണ്ടു്. യഹൂദജനസമുദായത്തെ രക്ഷിക്കുവാൻ ഒരാൾ ജാതനാകുമെന്നത്രെ ആ പ്രവചനം. ഇങ്ങനെ വരുവാനിരിക്കുന്നവനെ അവർ "മിശിഹാ"എന്നു നാമകരണംചെയ്യുന്നു. "രക്ഷ" എന്ന ഈ വാക്കുകൊണ്ടു് യഹൂദർ മനസ്സിലാക്കുന്നതെന്താണെന്നെനിക്കു നിശ്ചയമില്ല. മിശിഹാ അവരെ തങ്ങളുടെ "പാപങ്ങ"ളിൽനിന്നു മോചിക്കുമെന്നും അവർ പറയുന്നുണ്ടു്. ഈ സംഗതിയിൽ അവർക്കെന്തോ ചിന്താക്കുഴപ്പമുണ്ടായിട്ടില്ലേയെന്നു സംശയിക്കുന്നു. മിശിഹാ നമ്മളെ ഈ രാജ്യത്തുനിന്നു് നിഷ്കാസനംചെയ്യുമെന്ന സംഗതി തുറന്നുപറയുവാൻ അവരുടെ വഞ്ചനശീലം അവരെ അനുവദിക്കുന്നില്ലായിരിക്കാം.

ഏതാനും ചില മിശിഹാമാർ പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. അവരിൽ ഒരുവനെ ഹെറോദു് അന്തിപ്പാസ് ശിരച്ഛേദംചെയ്യുകയുമുണ്ടായി. ഈ പ്രവാചകന്മാരുടെ വിഷയത്തിൽ പറയത്തക്ക ശ്രദ്ധയൊന്നുംകൂടാതെ ഞാൻ കഴിഞ്ഞുവെന്നു പറയാം. തന്നിക്കറിയാവുന്നതുപോലെ പ്രവചനങ്ങൾ ഒട്ടധികം കുഴപ്പങ്ങൾക്കു ഹേതുവാകുകയും സംശയിക്കപ്പെടാത്ത ശക്തികൾ അവമൂലം പൊട്ടിപ്പുറപ്പെടുകയും ചെയ്യും. ഏതായാലും നാം സദാ ജാഗരൂകരായിരിക്കതന്നെ വേണം.

കുറഞ്ഞൊരുകാലമായി ഒരു യഹൂദശില്പി അങ്ങിങ്ങായി സഞ്ചരിക്കുന്നു. വളരെയധികം യഹൂദർ അയാൾ സാക്ഷാൽ മിശിഹായാണെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ആ മനുഷ്യന്റെ പ്രസംഗവിഷയങ്ങൾ വിസ്തരിച്ചു് ഞാൻ നിങ്ങളെ അലട്ടുന്നില്ല. അല്പംമാത്രം പറഞ്ഞേക്കാം; ഇയാൾ മുൻപുപറഞ്ഞ ബറാബാസിൽനിന്നു വ്യത്യസ്തനായി ക്ഷമാശീലം അഭ്യസിക്കണമെന്നും അയൽവാസികളെ സ്നേഹിക്കണമെന്നും ജനങ്ങളോടുപദേശിക്കുന്നു. അതെ, ബറാബാസ് ചെയ്യാത്തവിധം, ഗഹനമായ സ്വർഗ്ഗരാജ്യത്തിൽ വരീയസ്സായ ഒരു ജീവിതം ജനങ്ങൾക്കു ഇയാൾ പ്രതിജ്ഞാപനം ചെയ്യുന്നുമുണ്ടു്. നമ്മുടെ വീക്ഷണകോണത്തിൽനിന്നുകൊണ്ടു ചിന്തിച്ചാൽ പറയത്തക്കതായി യാതൊന്നും ഇയാളിലില്ല. ഒട്ടധികം വിചിത്രമതപ്രസംഗകന്മാരുടെ ആക്രമണരംഗമായ ഇന്നാട്ടിലെ ഒരു മതപ്രസംഗകനാണയാളെന്നു കരുതിയാൽമതി. എങ്കിലും ഈ മനുഷ്യൻ—ഈശോ എന്നാണയാളുടെ പേരു്, നസ്രത്തിലാണു് ജനനം—ജനങ്ങളിൽ താണതരക്കാരുടെയിടയിൽനിന്നു ധാരാളം അനുയായികളെ സമ്പാദിച്ചിട്ടുണ്ടെന്നും തന്നിമിത്തം യഹൂദാചാര്യന്മാരുടെ വിദ്വേഷവിഷയമാണെന്നും, അയാളെ കുരിശിലേററി വധിക്കുവാൻ അവർ മുറവിളികൂട്ടുകയാണെന്നുമുള്ള വസ്തുതകൾ ഞാൻ വിസ്മരിക്കുന്നില്ല. പുരോഹിതർ ഇയാൾമൂലം ഈർഷ്യാകുലരായതിൽ എനിക്കു വിസ്മയംതോന്നുന്നുമില്ല. എന്തെന്നാൽ ഈ ഈശോനാമധാരി—അയാൾ വളരെ സമർത്ഥനായ ഒരു വാഗ്മിയാണത്രെ—മതകാര്യങ്ങളിൽ പുരോഹിതന്മാരുടെ അധികാരത്തെ നിഷേധിക്കുകയും, അങ്ങനെ അവർക്കു് ബഹുജനങ്ങളുടെമേലുള്ള സ്വാധീനശക്തിക്കു കോട്ടംതട്ടിക്കുകയും ചെയ്യുന്നുവെന്നാണറിവു്.

യഹൂദവിഭാഗങ്ങളുടെയിടയിലുള്ള ബുദ്ധിശൂന്യമായ ഈ തർക്കങ്ങളിൽനിന്നുളവാകുന്ന പ്രശ്നം എന്നെ സംബന്ധിച്ചിടത്തോളം ഇപ്രകാരമാകുന്നു. ഉദ്ധതന്മാരായ ഈ പുരോഹിതന്മാരുടെ കാര്യങ്ങൾ പരിരക്ഷിക്കേണ്ട ചുമതല എനിക്കുണ്ടോ? യഹൂദരുടെയിടയിലുള്ള ഒരു കക്ഷിയെ മറെറാരു കക്ഷിക്കെതിരായി അനുകൂലിക്കേണ്ട ആവശ്യം റോമായ്ക്കുണ്ടോ?

പക്ഷെ പ്രശ്നത്തിനു സ്നേഹിതൻ തരുന്ന മറുപടി ഇപ്രകാരമായിരിക്കാം: അഗസ്റ്റസിന്റെ സമക്ഷം പ്രാബല്യമുള്ള കക്ഷിയുമായി മൈത്രിയിൽ വർത്തിക്കുക; നിലവിലിരിക്കുന്ന വ്യവസ്ഥിതിക്കു് ഹാനികരമായ സംഘട്ടനങ്ങളെ നിവാരണംചെയ്യുക. ഇതു് പറയുവാനെളുപ്പമുള്ളതുതന്നെ. എന്നാൽ എനിക്കു് റോമായുടെ സമുന്നതിയാണു് സർവ്വോത്തമമായി തോന്നുന്നതു്. നമ്മുടെ സേനാവ്യൂഹങ്ങളുടെ പ്രശസ്തി ആശ്രയിച്ചുള്ള പ്രശസ്തിയോടുകൂടി ഇക്കാലത്തു് കഴിയുന്ന പുരോഹിതവൃന്ദത്തിന്റെ വെറും ഉപകരണമായി വർത്തിക്കുകയെന്നതു് റോമൻ താല്പര്യങ്ങൾക്കു് അനുയോജ്യമല്ലെന്നാണെനിക്കു പറയുവാനുള്ളതു്. റോമാ കക്ഷിതാല്പര്യങ്ങൾക്കതീതമാണെന്നു് പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുകയല്ലേ വേണ്ടതു്? പുരോഹിതന്മാരുടെ ശക്തി നമ്മുടെ കരതലങ്ങളിൽ നിക്ഷിപ്തമാണെന്നവരെ ധരിപ്പിക്കുന്നതു് കുറെക്കൂടി നന്നായിരിക്കുകയില്ലേ?

പ്രിയ റൂളിയസ് അപ്പർ, യഹൂദപുരോഹിതന്മാർക്കു തലവേദന ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ നസ്രായന്റെ സംഗതിയിൽ ഞാൻ തെല്ലും തല്പരനല്ലാ. "മനുഷ്യരുടെ സമത്വം" പ്രഖ്യാപിക്കുന്ന അയാളുടെ ആശയം എന്നിൽ ജുഗുപ്സ ജനിപ്പിച്ചിരിക്കുകയാണു്. അഴുക്കു നിറഞ്ഞ അടിമകൾപോലും പുരുഷന്മാരായി ഞെളിയത്തക്കതാണല്ലോ പ്രസ്തുത ആശയം. ഞാൻ അയാളുടെ ഗതി സൂക്ഷിച്ചുകൊണ്ടിരിക്കും. നമുക്കെതിരായി അയാൾ പ്രക്ഷോഭം ഇളക്കിവിടാത്ത പക്ഷം—ഇതുവരെ അങ്ങനെയൊന്നും ഒരിക്കലുമുണ്ടായിട്ടില്ലാ—ഈ പുരോഹിതന്മാർക്കുമാത്രം ഉപദ്രവകാരിയായി അയാൾ തുടരുന്നതായാൽ—പുരോഹിതന്മാരെ അനുകൂലിച്ചെന്തെങ്കിലും ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ലാ.

സ്നേഹിതാ, ഞാൻ ഇത്രയും വിസ്തരിച്ചെഴുതുന്നതു് അരമനയിലെ യഹൂദ ചാടുകാരസംഘം എന്നെപ്പററി ഇനിയും പരാതിപറഞ്ഞേക്കാമെന്നു് ശങ്കിച്ചിട്ടാണു്. റോമായുടെ പ്രശസ്തി ഏററം ന

(ശേഷം 11-ാം പേജിൽ)

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷനു സമീപം
എല്ലാ വ്യാഴംഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# അവതാരം നടന്നുകഴിഞ്ഞു

(ഫാദർ തോമസ് കൊച്ചുമ്യാലിക്കാനാൽ)

ഇന്നു ഭൂമുഖത്തുള്ള മനുഷ്യരെല്ലാം മതംകൊണ്ടും സമുദായംകൊണ്ടും വ്യത്യാസപ്പെട്ടിരിക്കയാണെങ്കിലും ഒരു പരിത്രാതാവിനെക്കുറിച്ചുള്ള പ്രതീക്ഷാവിഷയത്തിൽ ഏകാഭിപ്രായക്കാരാണ്. തങ്ങൾക്കു എന്തോ ഒരു അധഃപതനം സംഭവിച്ചുപോയിട്ടുണ്ടെന്നും അതിൽനിന്നു് ഒരു ഉദ്ധാരണം ആവശ്യകമാണെന്നുമത്രേ എല്ലാവരുടേയും പൊതുവേയുള്ള വിശ്വാസം. ക്രിസ്തുനാഥൻ ആ കൃത്യം നടത്തിക്കഴിഞ്ഞുവെന്നാണ് ക്രിസ്ത്യാനികൾ പറയുന്നതു്. യൂദന്മാർ ഒരു ഉദ്ധാരകനെ പ്രതീക്ഷിച്ചിരിക്കുന്നതേയുള്ളു. പ്രസിദ്ധമായ ദശാവതാരങ്ങൾവഴി ഉദ്ധാരണകൃത്യങ്ങൾ പലതും നടന്നുകഴിഞ്ഞിട്ടുണ്ടെന്നു ഹിന്ദുക്കളും പറയുന്നു. അവതാരമെന്നു പറയുമ്പോൾ കത്തോലിക്കർ വിവക്ഷിക്കുന്നതു്, ഏകനായ ദൈവത്തിലുള്ള മൂന്നാളുകളിൽ ഒരുവനായ പുത്രൻതമ്പുരാൻ മനുഷ്യസ്വഭാവമെടുത്തു് അതിനു യാതൊരു ക്ഷതിയും വരുത്താതെ ദൈവികപുരുഷനായി വർത്തിച്ച ഏകസംഭവത്തെ ആകുന്നു. ഇത്തരത്തിലുള്ള ഒരു വിശിഷ്ടസംഭവമാണ് എല്ലാവരും പ്രതീക്ഷിച്ചിരുന്നതും പ്രതീക്ഷിക്കുന്നതുമെന്നു് പൗരാണികരേഖകളിൽ നിന്നും എല്ലാവരുടേയും മതഗ്രന്ഥങ്ങളിൽനിന്നും സമർത്ഥിക്കയുംചെയ്യാം.

പ്രാചീനരും അർവ്വാചീനരും മഹാപുരുഷന്മാരായി അംഗീകരിക്കുന്ന ഏതാനും ചില വ്യക്തികളുണ്ടു്. ചൈനയിലെ രാജകീയമതത്തിന്റെ സ്ഥാപകനായ കൺഫ്യൂസിയസ്, മേജൈമതത്തിന്റെ സ്ഥാപകനായ സൊറൊവാസ്റ്റർ, യവനതാത്വികനായ സോക്രട്ടീസ്, ഗംഭീരാശയനും പ്രഖ്യാതവാഗ്മിയുമായ സീസറോ മുതലായ പുരുഷപുംഗവന്മാരാണ് അവർ. ഈ മഹാമനീഷികളുടെ പ്രബോധനങ്ങൾക്കും സൂക്തികൾക്കും അവർ ജീവിച്ചിരുന്ന കാലങ്ങളിൽ ഉണ്ടായിരുന്ന തദനുയായികളെപ്പോലെ ഇദാനീന്തനന്മാരും യഥാർഹമായ പ്രാമാണ്യം കല്പിച്ചാണു പോരുന്നതു്. പ്രസ്തുത മഹാനുഭാവന്മാരിൽ ആരെങ്കിലും താൻ ഒരു അവതാരപുരുഷനാണെന്നു പ്രസ്താവിക്കുകയോ അവകാശപ്പെടുകയോ ചെയ്തിട്ടില്ലെന്നു മാത്രമല്ല അങ്ങനെയുള്ള ഒരാളിനെ പ്രതീക്ഷിക്കേണ്ടിയിരിക്കുന്നുവെന്നു് ഉപദേശിക്കയുംചെയ്തിട്ടുണ്ടു്. ഒരു പരിത്രാതാവിനെക്കുറിച്ചുള്ള ഈ പ്രതീക്ഷ സജീവമായി സംരക്ഷിച്ചുകൊണ്ടിരുന്നവർ യഹൂദരാണ്. അവരുടെ ഇടയിൽ ആവിർഭവിച്ചിട്ടുള്ള അനേകപ്രവാചകന്മാർ പ്രതീക്ഷിതനായ അവതാരപുരുഷന്റെ ജന്മസ്ഥലവും, ജനനകാലവും, വർത്തനചരിത്രവുമെല്ലാം തങ്ങളുടെ ദിവ്യചക്ഷുസ്സുകൾകൊണ്ടു ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ടു്. ക്രിസ്തുവിന്റെ അവതാരത്തോടും ജീവിതത്തോടുംകൂടെ അവയെല്ലാം അക്ഷരശഃ നിവൃത്തമാകയുംചെയ്തു.

ഇനി നമ്മുടെ ഭാരതീയരായ ഹിന്ദുക്കൾ അവതാരത്തെക്കുറിച്ച് എന്താണു പറയുന്നതെന്നു ചിന്തിച്ചുനോക്കാം. യാഥാർത്ഥ്യം വെളിപ്പെടുത്തുകയാണെങ്കിൽ, മതവിഷയങ്ങളെക്കുറിച്ച് ഔദ്യോഗികമായ ഒരുവിധി പ്രസ്താവിക്കുവാൻ അവരുടെ ഇടയിൽ ആളില്ലാതെയാണ് വന്നിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. പല നല്ല പ്രബോധനങ്ങളും നൽകുന്ന ആചാര്യന്മാരും മഹർഷികളും ദാർശനികന്മാരും അവരുടെ ഇടയിൽ വേണ്ടുവോളമുണ്ടെന്നു സമ്മതിക്കയുംചെയ്യാം. എന്നാൽ നൈയായികന്മാർ പറയുന്നതിനെ വൈശേഷികന്മാരും വൈശേഷികന്മാർ പറയുന്നതിനെ വേദാന്തികളും വേദാന്തികൾ പറയുന്നതിനെ വേറൊരു ദാർശനികനും എതിർത്തുകൊണ്ടിരിക്കയാണ്. അവർ ഇങ്ങനെ ചെയ്യുന്നതുകൊണ്ടാണ് ഷഡ്ദർശനങ്ങളും ഷോഡശദർശനങ്ങളും അനിർവ്വചനീയദർശനങ്ങളും ആവിർഭവിച്ചിട്ടുള്ളതു്. സത്യമോ എന്നാൽ ഒന്നുമാത്രമായി അവശേഷിക്കയും ചെയ്യുന്നു. ചിന്താശീലന്മാർ പര്യാലോചിച്ചു തീരുമാനമെടുക്കേണ്ട ഒരു വിഷയമാണിതു് എന്നല്ലാതെന്തുപറയേണ്ടു.

അവതാരശബ്ദത്തിന്റെ വാച്യാർത്ഥത്തെ ആസ്പദമാക്കിമാത്രം ഒരു അനുമാനം എടുത്തുനോക്കാം. അവതരിക്കയെന്നു പറഞ്ഞാൽ താഴത്തേക്കു ഇറങ്ങുകയെന്നാണല്ലോ അർത്ഥം. അതിന്റെ നാമരൂപമാണ് അവതാരം. ഈ വാക്കുകൊണ്ടു് ആരോ ഒരാൾ മുകളിൽനിന്നു താഴത്തേക്കിറങ്ങിയെന്നു സ്പഷ്ടമായി സിദ്ധിക്കുന്നുണ്ടു്. അങ്ങനെ ചെയ്തതു് ആരാണെന്നു നിർണ്ണായകമായ ഒരു വിധി പ്രസ്താവിക്കപ്പെട്ടിരുന്നുവെങ്കിൽ ഭാരതീയരുടെ ഇടയിലുള്ള മതഭേദങ്ങളെല്ലാം അവസാനിച്ച് ഏകജാതി ഏകമതമെന്ന അനുമാനത്തിൽ എത്താമായിരുന്നു. ഒരു

## ഉപകാരസ്മരണ

ഫാത്തിമാമാതാവിന്റെ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ അനുജത്തി സുശീലയുടെ സുഖക്കേടു് മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

ടി. വി. സിസിലി, ഒല്ലൂർ

അവതാരപുരുഷനെക്കുറിച്ചുള്ള പ്രതീക്ഷാവിഷയത്തിൽ കാലദേശവ്യത്യാസമെന്നിയേ ഹിന്ദുക്കളും ഉൾപ്പെടുന്നുണ്ടെന്നു ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അവതാരംചെയ്ത ആ ആൾ ദേവന്മാരിൽ ഒരാളാണ്, ത്രിമൂർത്തികളിൽ ഒരാളാണ്, ബ്രഹ്മത്തിന്റെ ആവിർഭാവമാണ് എന്നെല്ലാമത്രെ അവർ പറഞ്ഞുവരുന്നതു്. ഈ വാദങ്ങളിൽ ഒന്നുപോലും സൂക്ഷ്മപരിശോധനയ്ക്കു വിധേയമാകുമ്പോൾ നിലനില്ക്കയില്ല. കാരണം ദേവന്മാരുടെ ഒരു ഗണമുണ്ടെന്നുള്ള സങ്കല്പത്തിനു വിശ്വസനീയമായ തെളിവൊന്നുമില്ല. ത്രിമൂർത്തികളുടെ കണ്ടുപിടിത്തം ഇടക്കാലത്തു നടത്തപ്പെട്ടതാകകൊണ്ടും പ്രതിപാദനത്തിൽ ഐക്യമില്ലാത്തതുകൊണ്ടും സ്വീകരണയോഗ്യമല്ല. ബ്രഹ്മംതന്നെ അനിർവ്വചനീയമായ എന്തോ ഒരു സത്വമെന്നല്ലാതെ യുക്തിയുക്തമായി സമർത്ഥിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവതാരം ബ്രഹ്മത്തിന്റെ ആവിർഭാവമാണെന്നുള്ള പ്രസ്താവനയും അസ്വീകാര്യമായിട്ടാണ് സ്ഥിതിചെയ്യുന്നതു്.

അവസാനമായി കത്തോലിക്കാമതത്തിന്റെ പ്രബോധനത്തെ ഒന്നു പരിശോധിച്ചുനോക്കാം. ഒരു ദൈവമുണ്ടെന്നും ആ ദൈവത്തിൽ മൂന്നാളുകളുണ്ടെന്നും അവരിൽ രണ്ടാമത്തെ ആൾ മനുഷ്യനായി അവതരിച്ചുവെന്നും ആ ആൾ യേശുക്രിസ്തുവാണെന്നുമത്രെ അതു പഠിപ്പിക്കുന്നതു്. ക്രിസ്തുവിന്റെ ജനനവും, ജീവിതവും, മരണവുമെല്ലാം അനിഷേദ്ധ്യമായ ചരിത്രസംഭവങ്ങളാകയാൽ ഏവർക്കും ശാസ്ത്രീയമായി പരിശോധിച്ചുനോക്കുവാൻ പാടുണ്ടു്. അങ്ങനെ ചെയ്യുമ്പോൾ ഇനിമേൽ ആരെങ്കിലും ഒരു അവതാരപുരുഷനെ പ്രതീക്ഷിച്ചിരിക്കേണ്ടതില്ലെന്നും അവതരിച്ച ക്രിസ്തുവിനെ ദൈവമായി സ്വീകരിച്ച് എല്ലാവർക്കും അവരവരുടെ ജന്മസാഫല്യം വരുത്താവുന്നതാണെന്നും കണ്ടുപിടിക്കാം. അപ്പോൾ മതത്തിന്റെ പേരിലുള്ള ഭിന്നതകളും അവസാനിപ്പിച്ച് ഭാരതത്തിന്റെ ഐക്യവും സ്വാസ്ഥ്യതയും സ്ഥാപിക്കാം. വിദ്യാലയങ്ങളിലെല്ലാം മതപഠനം ഏർപ്പെടുത്തണമെന്നും ആദ്ധ്യാത്മികമൂല്യത്തിനു വിലകല്പിക്കണമെന്നും ഉൽബോധനം നൽകുന്ന നേതാക്കന്മാർ ഈ തുറയിൽക്കൂടി ഒരു ഗവേഷണം നടത്തിയിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു.

വിമർശനപംക്തി

# യുക്തിവാദിയുടെ അന്ധവിശ്വാസങ്ങൾ

(തുടർച്ച)

10. യുക്തിവാദിയുടെ അന്ധവിശ്വാസത്തിനും യുക്തിശൂന്യമായ വിതണ്ഡാവാദത്തിനും ഒരുദാഹരണംകൂടി കാണിക്കാം. ബെണ്ണദീത്തായെ "സകലവിധ സുഖസൗകര്യങ്ങളോടെ പൂജ്യനിലയിൽ പരിപാലിച്ചു" എന്ന യുക്തിവാദിയുടെ വികത്ഥനത്തിനു മറുപടി പറയുകയിൽ, "കന്യാസ്ത്രീമഠത്തിൽ പാത്രങ്ങൾ കഴുകിയും, ആശുപത്രിയിൽ രോഗികളെ ശുശ്രൂഷിച്ചും കഴിഞ്ഞിരുന്ന ഒരു ഉപവിയുടെ കന്യാസ്ത്രീയുടെ സകലവിധ സുഖസൗകര്യങ്ങൾ എന്തൊക്കെയെന്നു അനുക്തസിദ്ധമല്ലേ"യെന്നു സത്യദീപം ചോദിക്കുകയുണ്ടായി. അതിനു യുക്തിവാദിയുടെ ഇപ്പോഴത്തെ മറുപടി എന്താണെന്നോ? "ഉപവിയുടെ കന്യാസ്ത്രീകൾ നമ്മുടെ നാട്ടിലുമുണ്ടു്. നിശ്ചിതസമയങ്ങളിൽ രോഗികളെ ശുശ്രൂഷിക്കുകയാണവരുടെ തൊഴിൽ. അതവർ സ്വയം ഏറ്റെടുത്തതും ഹൃദയപൂർവ്വം സന്തോഷത്തോടെ ചെയ്യുന്നതുമാണ്. മുറമടി, പാത്രം കഴുകൽ, വെള്ളംകോരൽ, അടുക്കളപ്പണി മുതലായവയ്ക്കു എല്ലാ കന്യാസ്ത്രീമഠങ്ങളിലും കന്യാസ്ത്രീകളല്ലാത്ത വേലക്കാരികളുമുണ്ടു്."

ഏതാണ്ടു് ഒരു നൂററാണ്ടിനുമുൻപു് നെവേഴ്സ് കന്യകാമഠത്തിൽ ജീവിച്ചിരുന്ന ഒരു കന്യക പാത്രം കഴുകിയില്ലായെന്നതിനു തെളിവു് ഇന്നാട്ടിൽ ഇപ്പോഴുള്ള ഉപവികളുടെ കന്യാസ്ത്രീകൾ പാത്രം കഴുകുന്നില്ലായെന്നതാണ്. ഇത്തരത്തിലുള്ളതാണു യുക്തിവാദിയുടെ തെളിവുകൾ എപ്പോഴും. വസ്തുതകളെ ഗോപനംചെയ്യുവാൻ സങ്കല്പങ്ങളെ മുറുകെപ്പിടിക്കുകയാണ് അവരുടെ സമ്പ്രദായം. ഇന്നു ലോകത്തിലുള്ള ഒരൊററ കന്യാസ്ത്രീയും പാത്രം കഴുകുന്നില്ലെങ്കിൽതന്നെ, ബെണ്ണദീത്തായുടെ ജോലി പാത്രം കഴുകൽ ആയിരുന്നെങ്കിൽ ആ വസ്തുത ഇല്ലാതാകുകയില്ലായെന്ന പരമാർത്ഥം മനസ്സിലാക്കുവാനുംമാത്രം യുക്തി, യുക്തിവാദവും പേറി നടക്കുന്നവർക്കു് ഇല്ലാതായിരിക്കുന്നതു കഷ്ടം തന്നെ.

ഉപവിയുടെ കന്യാസ്ത്രീകൾ അവരുടെ ജോലി "സ്വയം ഏറ്റെടുക്കുന്നതും, ഹൃദയപൂർവ്വം സന്തോഷത്തോടെ ചെയ്യുന്നതുമാണെ"ന്നു യുക്തിവാദി പറയുന്നു. അങ്ങനെയല്ലെന്നു ആരോ പറഞ്ഞതുപോലെ. അവർ സ്വയം ഏറ്റെടുക്കുന്നതും ഹൃദയപൂർവ്വം സന്തോഷത്തോടെ ചെയ്യുന്നതുമായതുകൊണ്ടു്, അവർ "സകലവിധ സുഖസൗകര്യങ്ങളോടെ പൂജ്യനിലയിൽ കഴിയുന്ന"വരാണെന്നു യുക്തിവാദി വികത്ഥനം ചെയ്യുന്നതിലെ യുക്തിയാണു മനസ്സിലാകാത്തതു്. എന്തെന്നാൽ ബെണ്ണദീത്താ "സകലവിധസുഖസൗകര്യങ്ങളോടെ" കഴിയുകയായിരുന്നുവെന്നാണല്ലോ യുക്തിവാദിയുടെ ആദ്യത്തെ സമർത്ഥനം. അതു വസ്തുതകൾക്കെതിരും വെറും മൂഢസങ്കല്പവും മാത്രമാണെന്നേ സത്യദീപം പറഞ്ഞിരുന്നുള്ളു. "പാത്രം കഴുകൽ, അടുക്കളപ്പണി മുതലായവയ്ക്കു എല്ലാ കന്യാസ്ത്രീമഠങ്ങളിലും കന്യാസ്ത്രീകളല്ലാത്ത വേലക്കാരികളുണ്ടു്" എന്നു യുക്തിവാദി ഇപ്പോൾ പറയുന്നതു ഒന്നുകിൽ പച്ചക്കള്ളം അല്ലെങ്കിൽ മറെറാരു അന്ധവിശ്വാസം. മിക്ക കന്യാസ്ത്രീമഠങ്ങളിലും കന്യാസ്ത്രീകൾതന്നെയാണ് ഈ ജോലികൾ ചെയ്യുന്നതെന്നുള്ളതാണു പരമാർത്ഥം. അറിഞ്ഞുകൂടാത്ത കാര്യങ്ങളിൽ മൗനം ഭജിക്കുകയാണു യുക്തിയുടെ കണികയെങ്കിലുമുള്ളവർ ചെയ്യുക.

## നിര്യാതയായി



ചെമ്പരത്തിയ്ക്കൽ (വെള്ളപ്പറമ്പിൽ) വക്കീ ഭാര്യ അന്നമ്മ 72-ാമത്തെ വയസ്സിൽ അന്ത്യകൂദാശകൾ സ്വീകരിച്ച് 1957 ജനുവരി 29-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. വിശ്വാസികൾ പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിപ്പാറാകണമെ.

Inserted by her Sons.

11. യുക്തിവാദി ഇത്തവണ വേറൊരു പുതിയ കണ്ടുപിടിത്തവും നടത്തുന്നുണ്ടു്. "കന്യകാമറിയം 18 പ്രാവശ്യം ദിവ്യദർശനം നൽകുന്നതിനും ദിവ്യ ഉറവ പുറപ്പെടുവിക്കുന്നതിനും ബെണ്ണദീത്തായെ ഉപയോഗിച്ചതിനാലാണ് അവൾക്കും കന്യാസ്ത്രീയുടെ പദവി ലഭിച്ചതു്." "യുക്തിയെന്തി മനുഷ്യന്റെ ബുദ്ധിശക്തി ഖനിച്ചതിൽ" യുക്തിവാദിക്കു കിട്ടിയ ഒരു സമ്പാദ്യമായിരിക്കാം ഇതു്. പക്ഷെ ബെണ്ണദീത്താക്കോ, നെവേഴ്സ് കന്യകാമഠത്തിനോ, കത്തോലിക്കർക്കോ ആവശ്യമില്ലാത്ത ഈ സാധനം യുക്തിവാദിതന്നെ പേറിക്കൊണ്ടു നടക്കുകയേയുള്ളു. കന്യകാമറിയം ദർശനം നൽകിയതുകൊണ്ടോ, നീരുറവ പുറപ്പെടുവിക്കുന്നതിനു് ഒരു ഉപകരണമായിത്തീർന്നതുകൊണ്ടോ അല്ലാ ബെണ്ണദീത്തായ്ക്കു കന്യാസ്ത്രീപദവി കിട്ടിയതെന്നും, ഇച്ഛാസ്വാതന്ത്ര്യത്തോടുകൂടിയ ബെണ്ണദീത്താ സ്വയം ആ പദവി തിരഞ്ഞെടുത്തതുകൊണ്ടാണ് അവൾ കന്യാസ്ത്രീയായതെന്നും, കന്യകാമറിയത്തിന്റെ ദർശനം ലഭിക്കാത്തവരും നീരുറവ പുറപ്പെടുവിക്കുന്നതിനു് ഉപകരണമാകാത്തവരുമായ ലക്ഷക്കണക്കിനു യുവതികൾ കന്യാസ്ത്രീകളാകുന്നതുപോലെയാണ് അവളും കന്യാസ്ത്രീയായതെന്നുമുള്ളതാണു വസ്തുത. പക്ഷെ വസ്തുതകൾക്കും തെളിവുകൾക്കും യുക്തിവാദിയുടെ പരിഗണനയിൽ സ്ഥാനമൊന്നുമില്ലല്ലോ.

12. "ബെണ്ണദീത്തായ്ക്കു ദിവ്യദർശനങ്ങളുണ്ടായതും അത്ഭുതനീരുറവ ഉത്ഭവിച്ചതും 1858 ലാണെങ്കിലും, 9 വർഷക്കാലം അവയുടെ സത്യത പൊതുവിൽ ആദ്യം അവിശ്വസനീയവും പിന്നെ സംശയഗ്രസ്തവുമായിരിക്കുകയായിരുന്നു"വെന്നു യുക്തിവാദി പറയുന്നതു പച്ചക്കള്ളം. അവയുടെ സത്യതയെപ്പററി പൊതുവിൽ ആദ്യംമുതൽതന്നെ വിശ്വാസമാണുണ്ടായിരുന്നതു്. അപൂർവ്വം ചില (കു)യുക്തിവാദികളും ഭരണമണ്ഡലത്തിലുണ്ടായിരുന്ന ചുരുക്കം ചില നിർമ്മതന്മാരും മാത്രമേ അതിൽ സംശയഗ്രസ്തരായുണ്ടായിരുന്നുള്ളു. അവർ അവയുടെ സത്യതയെ നിഷേധിക്കുന്നതിനും പ്രതിബന്ധപ്പെടുത്തുന്നതിനും സകല കഴിവുകളും അധികാരങ്ങളും പ്രയോഗിച്ചെങ്കിലും അതിലെല്ലാം പരാജയപ്പെടുകയാണുണ്ടായതു്. അതുതന്നെ അവയുടെ സത്യതയ്ക്കു ഒരു പരോക്ഷതെളിവായിരിക്കുന്നു.

ലൂർദ്ദിലെ വികാരിയായിരുന്ന ഫാദർ പിയെറാമൽ ബെണ്ണദീത്തായെ അവിശ്വസിച്ചുവെന്നതു ശരിതന്നെ. പക്ഷെ കന്യകാമറിയത്തിന്റെ ദർശനങ്ങളേയോ, നീരുറവയുടെ അത്ഭുതസിദ്ധികളേയോ അദ്ദേഹം ഒരിക്കലും നിഷേധിക്കുകയുണ്ടായിട്ടില്ല. ലൂർദ്ദിലെ മെത്രാൻ 1862 വരെ ഈ ദർശനങ്ങളെപ്പററി യാതൊരു അഭിപ്രായവും പുറപ്പെടുവിച്ചില്ലായെന്നതും ശരിതന്നെ. പക്ഷെ അദ്ദേഹവും ഈ കാലയളവിൽ ഒരിക്കലും അതിനെ നിഷേധിച്ചിരുന്നില്ല. നേരെമറിച്ച് ഏററവും ബുദ്ധിപൂർവ്വമായ ഒരു നയം അവർ അവലംബിക്കുകയാണു ചെയ്തതു്. അവർ തങ്ങളുടെ വിശ്വാസം ആദ്യംമുതലേ പ്രകടിപ്പിച്ചിരുന്നുവെങ്കിൽ അവരുടെ സൃഷ്ടിയാണിതെന്നു് യുക്തിവാദി ഇന്നു ജല്പിക്കുമായിരുന്നു.

"അക്കാലമത്രയും അതു വിശ്വസിപ്പിക്കാനുള്ള പ്രചരണം ക്ഷിപ്രവിശ്വാസികൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു"വെന്നുള്ള യുക്തിവാദിയുടെ പ്രസ്താവം മറെറാരു പച്ചക്കള്ളം. ആ അത്ഭുതനീരുറവയും, അതിൽ സംഭവിക്കുന്ന അത്ഭുതരോഗശാന്തിയും നേരെ കൺമുൻപിലുണ്ടായിരിക്കുമ്പോൾ, അതിൽ വിശ്വസിക്കുന്നതിനു യാതൊരുത്തരുടേയും പ്രചരണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. മദ്ധ്യാഹ്നത്തിൽ സൂര്യൻ പ്രകാശിക്കുന്നതു് പിള്ളേരുടെ പാഠ്യപ്പുസ്തകത്തിലെ പ്രസ്താവംവഴിയുള്ള പ്രചരണംകൊണ്ടാണെന്നു പറയുന്നതുപോലെ നിരർത്ഥകവും അന്തസ്സാരശൂന്യവുമായ ഒരു വാദമാണിതു്. ക്ഷിപ്രവിശ്വാസികളുടെ പ്രചരണംകൊണ്ടല്ലാ ലൂർദ്ദിൽ അത്ഭുതരോഗശാന്തികളുണ്ടായതു്. പ്രത്യുത ലൂർദ്ദിൽ അത്ഭുതരോഗശാന്തികൾ ഉണ്ടായതുകൊണ്ടാണ് അതു ലോകത്തിലെങ്ങും പ്രചരിച്ചതു്.

13. "1867 മുതൽ ഫ്രാൻസിലേയും മററു യൂറോപ്യൻരാജ്യങ്ങളുടേയും വിവിധഭാഗങ്ങളിൽനിന്നും ദേശീയതീർത്ഥാടനസംഘങ്ങളെ രൂപീകരിച്ച് ലൂർദ്ദിലേക്കു നയിക്കുന്നതിനുള്ള പ്രേരണ പുരോഹിതർക്കു സഭാധികാരികൾ നൽകി"യെന്നു യുക്തിവാദി പറയുന്നതും അദ്ദേഹത്തിന്റെ സങ്കല്പത്തിൽമാത്രം സ്ഥിതിചെയ്യുന്ന ഒരു കാര്യമാണ്. 1867 മുതൽ 1908വരെ 5267 ദേശീയതീർത്ഥാടനസംഘങ്ങൾ ലൂർദ്ദു സന്ദർശിച്ചിട്ടുണ്ടെന്നു യുക്തിവാദിപറയുന്നുണ്ടല്ലോ. ഇതി

# തിലാപ്പിയാ മൽസ്യം

## വിവരണവും അവയെ വളർത്തേണ്ട വിധവും

### ചരിത്രം

ഈ അടുത്ത കാലത്തു് പൊതുജനങ്ങളിൽ വളരെ കൗതുകമുളവാക്കിയിട്ടുള്ള ഒരു മത്സ്യമാണു് തിലാപ്പിയാ. തിലാപ്പിയായെപ്പററിയും അവ വളർത്തുന്ന രീതിയെപ്പററിയുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തുകൾ ലഭിച്ചുകൊണ്ടിരിക്കുകയും തിലാപ്പിയാ സൗജന്യമായി ഡിപ്പാർട്ടുമെൻറിൽനിന്നും വിതരണം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഈ ലഘുലേഖ ആവശ്യവും പൊതുജനങ്ങൾക്കു് ഉപകാരപ്രദവുമായിരിക്കുമെന്നു് കരുതുന്നു.

തിലാപ്പിയാ അന്യനാട്ടുകളിൽനിന്നും നമ്മുടെ നാട്ടിൽ കൊണ്ടുവന്നു വളർത്തിവരുന്ന ഒരുതരം നല്ലയിനം മത്സ്യമാണു്. ഇതു് ആദ്യമായി 1952-ൽ ആണു് ഭാരതത്തിൽ കൊണ്ടുവന്നു വളർത്താൻ തുടങ്ങിയതു്. ഇതിൻെറ മൂലകുടുംബം ആഫ്റിക്കയിലാണെന്നു കരുതപ്പെടുന്നു. ഇപ്പോൾ ഈ മത്സ്യത്തെ ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ, മലയാ, തായ്ലണ്ടു്, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ ധാരാളമായി വളർത്തിവരുന്നുണ്ടു്.

നമ്മുടെ നാട്ടിൽ ധാരാളമായി കണ്ടുവരുന്ന "കരിമീൻ" "പള്ളത്തി" എന്നിവരണ്ടും തിലാപ്പിയായുടെ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. ഇതിൽ കരിമീനുമായാണു് ആകൃതിയിലും പ്രകൃതിയിലും തിലാപ്പിയായ്ക്കു് കൂടുതൽ സാമ്യമുള്ളതു്.

### പൊതുസ്വഭാവം

പ്രകൃത്യാ തിലാപ്പിയാ, ഒരു ശുദ്ധജലമത്സ്യമാണെങ്കിലും ഉപ്പുവെള്ളത്തിൽ ജീവിക്കുന്നതിനും മുട്ടയിട്ടു വർദ്ധിക്കുന്നതിനും ഇതിനു് പ്രയാസമില്ല. കുളങ്ങളിലും തോടുകളിലും കായലുകളിലും പലപ്പോഴുണ്ടാകുന്ന വ്യത്യാസങ്ങൾക്കനുസരണമായി ജീവിക്കുന്നതിനു് ഇതിനുള്ള കഴിവു് ഒന്നു പ്രത്യേകമാണു്. തീരപ്രദേശങ്ങളിലെ ജലാശയങ്ങളിൽ കാലാകാലങ്ങളിലുണ്ടാകാറുള്ള ഉപ്പുരസത്തിൻെറ ഏററക്കുറവു് ഇതിൻെറ വളർച്ചയ്ക്കു യാതൊരു ഹാനിയും ഉണ്ടാക്കുന്നില്ല. കിഴക്കൻ മലമ്പ്രദേശങ്ങളിലെ കുളങ്ങൾ, തോടുകൾ, നദികൾ എന്നീ ശുദ്ധജലങ്ങളിലും ഇവ ധാരാളമായി വളരും. ഈ കാരണങ്ങളാൽ ഇതു് ഏതു പരിതസ്ഥിതിയിലും നമ്മുടെ നാട്ടിൽ വളർത്താൻ യോജിച്ച ഒന്നാണു്.

കൊറുവാ (പരൽ) വർഗ്ഗത്തിൽപെട്ട മത്സ്യങ്ങളേക്കാൾ നമ്മുടെ തീരപ്രദേശങ്ങളിലെ കുളങ്ങളിലും മററും വളർത്തുന്നതിനു് തിലാപ്പിയാ വളരെ യോജിച്ചതാണു്. വലിയ ഇനം കൊറുവാവർഗ്ഗങ്ങൾ ശുദ്ധജലത്തിൽ മാത്രമേ ജീവിക്കയുള്ളൂ. അവ കുളത്തിലും തടാകങ്ങളിലും ഒഴുക്കില്ലാത്ത മററു ജലാശയങ്ങളിലും മുട്ടയിട്ടു വർദ്ധിക്കുന്നില്ല. ഏതു കുളങ്ങളിലും നദികളിലും കായലുകളിലും തിലാപ്പിയ നിഷ്പ്രയാസം വളരുകയും മുട്ടയിട്ടു പെരുകുകയും ചെയ്യുന്നുവെന്നുള്ളതു് ഇതിനെ വളർത്തുന്നതിനും വിതരണം ചെയ്യുന്നതിനും സഹായകമായിരിക്കുന്നു. ഒരു കുളത്തിൽ അഞ്ചോ ആറോ തിലാപ്പിയാ കുഞ്ഞുങ്ങളെ വളർത്തിയാൽ ഒരു വർഷത്തിനകം അവയുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. കൊറുവാവർഗ്ഗത്തെ അപേക്ഷിച്ചു് തിലാപ്പിയാ വലിപ്പത്തിൽ ചെറുതാണെങ്കിലും അവയുടെ എണ്ണംകൊണ്ടു ഈ പോരായ്മ നികത്തുന്നുണ്ടു്. നമ്മുടെ നാട്ടിൽ വളർത്തുന്ന ഇനം തിലാപ്പിയാ പരമാവധി 14 ഇഞ്ചു വരെ വളരും. എന്നാൽ സാധാരണയായി അത്രയും വളർച്ച പ്രാപിക്കുന്നതിനുമുമ്പു 7-8 ഇഞ്ചു് ആകുമ്പോൾതന്നെ പിടിച്ചു ഭക്ഷിക്കാവുന്നതാണു്.

### ആഹാരം

സ്വാഭാവികമായി ഇതൊരു സസ്യഭുക്കാണു്. ചിലയിനം താഴ്ന്നതരം സസ്യങ്ങളും പായലുകളുമാണു് ഇതിൻെറ മുഖ്യ ആഹാരം. ഭക്ഷ്യധാന്യങ്ങളും മാംസവും വേണ്ടിവന്നാൽ അവ തിന്നുവരുന്നതായി കാണുന്നു. ചിലപ്പോൾ കൊതുകിൻെറ കൂത്താടികളെയും അവ തിന്നുന്നുണ്ടു് പക്ഷെ തിലാപ്പിയ സ്ഥിരമായ മാംസഭുക്കായോ, മററു ജീവികൾക്കു് നാശം ചെയ്യുന്ന മത്സ്യമായോ അനുഭവപ്പെട്ടിട്ടില്ല. അതിനാൽ മാലാ, തിരുത, പൂമീൻ, കൊറുവാ മുതലായ വർഗ്ഗങ്ങളുടെ കൂടെ പരസ്പരം ഉപദ്രവം കൂടാതെ ഇവയേയും വളർത്താൻ സാധിക്കുന്നു.

### വംശവർദ്ധനവു്

ഏകദേശം ഒന്നര ഇഞ്ചു നീളം വളർച്ചയാകുമ്പോൾതന്നെ ആൺ പെൺ മത്സ്യങ്ങളെ തിരിച്ചറിയാൻ സാധിക്കുന്നു. സാധാരണ ആൺമത്സ്യം പെൺമത്സ്യത്തെക്കാൾ വലുതും കറുത്തതുമാണു്. ഇവയുടെ ചിറകുകളുടെ അഗ്രഭാഗം ചുവപ്പായും ചികളകൾ മഞ്ഞയായും കാണപ്പെടുന്നു. കൂടാതെ ചിലപ്പോൾ താടിയുടെ അടിഭാഗം വെളുത്തുമിരിക്കും.

ഏകദേശം രണ്ടുമൂന്നുമാസത്തെ വളർച്ചകൊണ്ടു് മൂന്നര ഇഞ്ചു മുതൽ നാലര ഇഞ്ചു വരെ ആകുമ്പോൾ പെൺമത്സ്യം മുട്ടയിടാൻ തുടങ്ങും. മുട്ടയിടുന്നതിൻെറ പ്രാരംഭമായി ആൺമത്സ്യം ജലാശയത്തിൻെറ അടിത്തട്ടിൽ ചില പ്രത്യേകതരം കുഴികൾ നിർമ്മിക്കുന്നു. ജലാശയത്തിൻെറ അടിത്തട്ടിൽ നിന്നും വായ്കൊണ്ടു മണ്ണെടുത്തു് വൃത്തത്തിൽ നിക്ഷേപിക്കുന്നതും ചിറകുകൾ വളരെ വേഗത്തിൽ ചലിപ്പിച്ചു കുഴികൾക്കു് ആഴം കൂട്ടുന്നതും സൂക്ഷ്മമായി ശ്രദ്ധിച്ചാൽ കാണാവുന്നതാണു്. ആൺ-പെൺ മത്സ്യങ്ങൾ തമ്മിൽ ഇണ ചേരുന്നതും അവയുടെ പ്രേമലീലകളും ഇവയുടെ പ്രത്യേകതയാണു്.

ഒരു പ്രാവശ്യം 30-60 മുട്ടകൾ വീതം ഒരു വർഷത്തിൽ 8-ം 10-ം തവണ ഈ മത്സ്യം മുട്ടയിടുന്നു. മുട്ടകൾ പെൺമത്സ്യം അതിൻെറ വായിൽ പെറുക്കി എടുത്തു സൂക്ഷിച്ചുവിരിക്കുകയാണു് ചെയ്യുന്നതു്. 10-12 ദിവസംവരെ വായ്ക്കകത്തു മുട്ട സൂക്ഷിക്കുകയും അത്രയും ദിവസം പെൺമീൻ ആഹാരം ഒന്നും കഴിക്കാതെ ഇരിക്കുകയും ചെയ്യുന്നു. വായിൽനിന്നും വിരിഞ്ഞിറങ്ങിയ തിനു ശേഷം സ്വതന്ത്രമാക്കപ്പെടുന്ന കുഞ്ഞുങ്ങളെ തള്ള കാര്യമായി കൊണ്ടുനടന്നു് സംരക്ഷിച്ചു വളർത്തുന്നു.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

### വളർത്തുന്നതിൽ ശ്രദ്ധിക്കേണ്ട ചില സംഗതികൾ

നാലോ അഞ്ചോ ജോഡി മീൻകുഞ്ഞുങ്ങളെക്കൊണ്ടുമാത്രം മത്സ്യം വളർത്തൽ ആരംഭിക്കാവുന്നതാണു്. ഒരു കൊല്ലത്തിനകം ഇവ വളരുകയും ധാരാളം മീൻകുഞ്ഞുങ്ങളുണ്ടാകുകയും ചെയ്യും. ശുദ്ധജലത്തിൽനിന്നും ഉപ്പുവെള്ളത്തിലേക്കും ഉപ്പുവെള്ളത്തിൽനിന്നും ശുദ്ധജലത്തിലേക്കും ഇവയെ പെട്ടെന്നു മാററുന്നതു് ആപല്ക്കരമാണു്. 7-8 ഇഞ്ചു നീളമാകുമ്പോൾ പിടിച്ചുപയോഗിച്ചു തുടങ്ങാവുന്നതാണു്.

നമ്മുടെ കുളങ്ങളിലും ആറുകളിലും മററും സാധാരണ വരാൽ, കാരി, വാള മുതലായ മത്സ്യങ്ങൾ മററു ചെറിയ മത്സ്യങ്ങളെ വെട്ടിവിഴുങ്ങുന്നവയായതിനാൽ കുളങ്ങളിലും മററും തിലാപ്പിയായെ വളർത്തുന്നതിനു മുമ്പായി ഉപദ്രവകാരികളായ മേല്പറഞ്ഞ മത്സ്യങ്ങളെ പിടിച്ചുമാറേറണ്ടതാവശ്യമാണു്. കൂടാതെ പായലും അധികമായി വളരുന്നതു് മത്സ്യങ്ങളുടെ വളർച്ചയ്ക്കു നന്നല്ല. പായൽ അധികമായാൽ മീൻകുഞ്ഞുങ്ങൾക്കു് യഥേഷ്ടം സഞ്ചരിക്കുന്നതിനു് വിഷമമാകുകയോ അല്ലെങ്കിൽ ചികളകൾക്കിടയിൽ കയറി ഉപദ്രവം ചെയ്യുകയോ ചെയ്യുന്നു. ഇതിനും പുറമേ പായൽ ചീഞ്ഞുതുടങ്ങിയാൽ പലതരത്തിലുള്ള ദൂഷിച്ചവാതകങ്ങളുണ്ടാകുകയും ചെയ്യും. മത്സ്യം ഇടുന്നതിനുമൻപു് കഴിയുമെങ്കിൽ കുളങ്ങളും മററും വററിച്ചു് ചെളിയും മററും കോരിക്കളഞ്ഞു് ഇടിഞ്ഞുകിടക്കുന്ന മണ്ണെല്ലാം വാരി വൃത്തിയാക്കുന്നതു് നല്ലതാണു്. ഉപദ്രവകാരികളായ മത്സ്യങ്ങൾ ഇല്ലാതാവുകയും അതേ സമയം പായൽ മാററുകയും ചെയ്യുന്നതിനു് അതു് സഹായിക്കുന്നു. കുളങ്ങളിൽനിന്നും വെളിയിലേക്കും അകത്തേക്കും തോടുകൾ ഉണ്ടെങ്കിൽ അതു നല്ലവണ്ണം അടച്ചിരിക്കണം. ഇല്ലെങ്കിൽ മത്സ്യക്കുഞ്ഞു പുറത്തേക്കു പോകുന്നതിനും മററു മത്സ്യങ്ങൾ വന്നു നശിപ്പിക്കുന്നതിനും ഇടയാകുന്നതാണു്.

തിലാപ്പിയായെ വളർത്തുന്നതിനു് തുച്ഛമായ മൂലധനമേ മുടക്കേണ്ടതുള്ളൂ. കൂടാതെ ബുദ്ധിമുട്ടും കുറയും. കുളങ്ങളിലും മററുമുള്ള സാധാരണ ആഹാരസാധനങ്ങൾക്കു പുറമേ വേണമെങ്കിൽ ധാന്യങ്ങൾ, കപ്പ മുതലായവ കൈകൊത്തിററി കൊടുത്തും ഇവയെ വളർത്താവുന്നതാണു്. (കേരളസന്ദേശം)

---

ൽ ഒന്നെങ്കിലും മതാധികാരികൾ പുരോഹിതർക്കു നൽകിയ പ്രേരണകൊണ്ടു സംഘടിതമായതാണെന്നു യുക്തിവാദികൾ തെളിയിക്കാമോ? "Rationalism is after all the weighing of evidence by clear thinking and sifting truth from falsehood in all matters amenable to investigation" എന്നതാണല്ലോ യുക്തിവാദിയുടെ തലക്കുറിപ്പു്. മതാധികാരികളുടെ പ്രേരണ വസ്തുതാപരമാകയാൽ അതു് amenable to investigation ആണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ആകയാൽ ഇതിലെ evidence (തെളിവു്) എന്താണെന്നു യുക്തിവാദി ഒന്നു പറഞ്ഞുതരുമോ ആവോ! (തുടരും)

---

ആദ്ധ്യാത്മികവീഥി

# ദൈവമാതൃഭക്തി

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

മേരിരാജ്ഞിയുടെ മക്കളായ നാം എപ്പോഴും എല്ലാക്കാര്യങ്ങളിലും രാജകുടുംബാംഗങ്ങൾക്കു യോജിച്ച മാഹാത്മ്യത്തോടും മാന്യതയോടുംകൂടി വർത്തിക്കേണ്ടിയിരിക്കുന്നു എന്നാണല്ലോ കഴിഞ്ഞലക്കത്തിൽ സ്ഥാപിച്ചതു്. അടുത്തതായി സ്വാർത്ഥം മറന്നു നല്ല മക്കളെപ്പോലെ ക്ലേശിതയായ നമ്മുടെ അമ്മയെ ആശ്വസിപ്പിക്കുന്നതിനു് എന്താണു ചെയ്യേണ്ടതെന്നു ആലോചിക്കാം.

രക്ഷകൻെറ അമ്മ എന്ന നിലയിൽ അല്ല, നമ്മുടെ അമ്മ എന്ന നിലയിൽതന്നെ, അവിടുന്നു ഏററവും അധികം ആഗ്രഹിക്കുന്നതു നാമേവരുടെയും രക്ഷയാണു്. ജന്മപാപവിഹീനയായി ദൈവം അവിടുത്തെ സൃഷ്ടിക്കയും സകല സൃഷ്ടികളുടെയും രാജ്ഞിയായി ഉയർത്തുകയും ചെയ്തതു മനുഷ്യരക്ഷയെഉദ്ദേശിച്ചുമാത്രമാണെന്നു മററാരേയുംകാൾ കൂടുതലായി ദൈവജനനിക്കറിയാം. അതുകൊണ്ടു മനുഷ്യർ നശിക്കുന്നു എന്നു കാണുന്നതു് അവിടുത്തേക്കു് അസഹനീയമായ വ്യഥയുളവാക്കുന്നു. സാൽസെററു്, ലൂർദ്ദു്, ഫാത്തിമ മുതലായ സ്ഥലങ്ങളിലെല്ലാം അവിടുന്നു പ്രത്യക്ഷപ്പെട്ടതു് ഈ വസ്തുത നമ്മെ ഗ്രഹിപ്പിക്കുവാനത്രെ.

ഫാത്തിമായിലെ കുട്ടികളോടു പാപികൾക്കുവേണ്ടി വളരെ പ്രാർത്ഥിക്കുന്നതിനും തപസ്സു ചെയ്യുന്നതിനും ആവശ്യപ്പെട്ടതായി നമുക്കറിയാം. ജപമാലയുടെഓരോരഹസ്യത്തിൻെറയുംഅവസാനത്തിൽ "ഓ എൻെറ ഈശോയെ ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ, നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമെ, എല്ലാ ആത്മാക്കളേയും പ്രത്യേകം അങ്ങേ കാരുണ്യം ഏററവും ആവശ്യമുള്ളവരെ സ്വർഗ്ഗത്തിലേക്കാനയിക്കേണമേ" എന്ന സുകൃതജപംകൂടി ചൊല്ലുന്നതിനു അവിടുന്നാവശ്യപ്പെട്ടിട്ടുള്ളതുംസ്മരണീയമാണു്.

മേൽപറഞ്ഞവയിൽനിന്നു മാതാവിനെ ആശ്വസിപ്പിക്കുന്നതിനു എന്താണു ചെയ്യേണ്ടതെന്നു നമുക്കു നിഷ്പ്രയാസം മനസ്സിലാക്കാം. ഒന്നാമതായിതന്നെ നമ്മുടെ പാപങ്ങളെക്കുറിച്ചു പരമാർത്ഥമായി മനസ്താപപ്പെട്ടു ക്ഷമാപണം ചെയ്യുകയും പരിഹാരപ്രവൃത്തികൾ കാഴ്ചവയ്ക്കുകയും ചെയ്യുക. കൂടാതെ മററുള്ളവരുടെ പാപത്തിനു പരിഹാരമായും പ്രാർത്ഥിക്കുകയും തപസ്സുചെയ്യുകയും വേണം.

തപസ്സ് എന്നു പറഞ്ഞതുകൊണ്ടു പഴയകാലങ്ങളിൽ വനവാസികൾ ചെയ്തതുപോലെ ആഴ്ചയിൽ പല ദിവസങ്ങളിൽ ഉപവാസം അനുഷ്ഠിക്കയോ സ്വയം ശരീരത്തെ അടിച്ചും മററും വേദനപ്പെടുത്തുകയോ ചെയ്യണമെന്നില്ല. അങ്ങനെയെല്ലാം ചെയ്യാൻ സൗകര്യവും അതിനു കുമ്പസാരക്കാരൻെറ അനുവാദവും ഉള്ളവർ താദൃശമായ തപക്രിയകൾ ചെയ്യുന്നതു നല്ലതല്ലെന്നല്ല പറയുന്നതു്. അവ ദൈവത്തിനു വളരെ പ്രീതിജനകംതന്നെ. എന്നാൽ സാധാരണജനങ്ങൾക്കു അതു സൗകര്യപ്പെട്ടെന്നു വരുകയില്ല. അവർ തങ്ങളുടെ അനുദിനകൃത്യങ്ങൾ അന്യൂനം നിർവ്വഹിക്കുന്നതിനു സഹിക്കേണ്ടിവരുന്ന ക്ലേശങ്ങൾതന്നെ തപസ്സായി നിയോഗിച്ചു സമർപ്പിച്ചാൽ മതിയെന്നു മാതാവുതന്നെ ഫാത്തിമായിൽ വച്ചു വെളിപ്പെടുത്തിയിട്ടുണ്ടു്.

ആ മാർഗ്ഗത്തിൽക്കൂടി നമ്മുടെയും ലോകമൊക്കയുടെയും പാപത്തിനു പരിഹാരംചെയ്തു ദൈവജനനിയെ ആശ്വസിപ്പിക്കുന്നതിനു നമുക്കു ശ്രമിക്കാം.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

---

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

മിസ്സസ്സ് അന്നംകുട്ടി ജോസഫ്
പാലത്തുങ്കൽവീട്ടു്, തേവര

---


## മാതൃവിദ്യാലയത്തിൽ

റോമയിലെ കപ്രാണിക്കാകോളേജ് പരിശുദ്ധ പിതാവു സന്ദർശിച്ചിരിക്കുന്നു. ഇപ്പോൾ 500-ാം വർഷപൂർത്തി കൊണ്ടാടുന്ന ആ വിദ്യാലയത്തിൽ 61 കൊല്ലംമുൻപു് പരിശുദ്ധ പിതാവു് ഒരു വിദ്യാർത്ഥിയായിരുന്നു. അവിടെ അന്നു് പരിശുദ്ധ പിതാവു് ഉറങ്ങുവാൻ ഉപയോഗിച്ചിരുന്ന മുറി ഇന്നു സന്ദർശകരായ മെത്രാന്മാരെ സ്വീകരിക്കുന്നതിനുള്ള ഒരു മുറിയായി ഉപയോഗിച്ചുവരികയാണു്. റോമായിലെ വ്യവസായകേന്ദ്രത്തിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈ കോളെജിനു് തൊട്ടടുത്താണു് തിരുമനസ്സിലെ ജന്മഗൃഹം കോളേജ് അങ്കണത്തിൽ തിരുമേനി വന്നിറങ്ങിയപ്പോൾ ഇററാലിയൻസേനാവിഭാഗം സൈനികമുറയിൽ ആചാരംചെയ്യുകയുണ്ടായി. അനേകം കർദ്ദിനാളന്മാരും വൈദികമേലദ്ധ്യക്ഷന്മാരും തിരുമേനിയെ അനുഗമിച്ചിരുന്നു. കോളെജ് ചാപ്പലിൽവച്ചു തിരുമേനി സ്വയനിർമ്മിതമായ ഒരു പ്രാർത്ഥനചൊല്ലി. പവിഴങ്ങൾപതിച്ച ഒരു സ്വർണ്ണസക്രാരി തിരുമേനി കോളെജിനു സമ്മാനിച്ചു.



# ഇന്ത്യയിലെ പേപ്പൽ ഇൻർനൺഷിയോ സ്ഥാനമൊഴിഞ്ഞു

## പുതിയ ഇൻറർനൺഷിയോ നിയമിതനായി



സ്ഥാനമൊഴിഞ്ഞ ഡോ. മാർട്ടിൻ ലൂക്കാസ് തിരുമേനി



പുതിയ ഇൻറർ നൺഷിയോ ഡോക്ടർ ജെയിംസ് റോബർട്ട് നോക്സ് തിരുമേനി

1952 മുതൽ ഇൻഡ്യയിലെ പേപ്പൽ ഇൻറർനൺഷിയോ ആയിരുന്ന ആർച്ചുബിഷപ്പ് മാർട്ടിൻ ലൂക്കാസ് തിരുമേനി അനാരോഗ്യംമൂലം സ്ഥാനം രാജിവയ്ക്കുകയും,തിരുസിംഹാസനത്തിലെ നയതന്ത്രസർവീസിൽനിന്നു വിരമിക്കുകയും ചെയ്തിരിക്കുന്നു. 1956 ജൂൺ മാസത്തിൽ പെട്ടെന്നു രോഗബാധിതനായ തിരുമേനി ഇപ്പോൾ റോമയിലെ ഒരു ക്ലിനിക്കിൽ വിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. തിരുമേനി ചികിത്സാർത്ഥം ഇൻഡ്യയിൽനിന്നും വിമാനമാർഗ്ഗംസ്വിററ്സർലണ്ടിലേക്കാണു പോയതു്.

സ്ഥാനം രാജിവച്ച മാർട്ടിൻ ലൂക്കാസ് തിരുമേനിക്കു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു "അസിസ്റ്റൻറു് അററ് ദി പോൻടിഫിക്കൽത്രോൺ" (തിരുസിംഹാസനസഹായി) എന്ന അത്യുന്നത ബഹുമതി പ്രദാനം ചെയ്തിരിക്കുന്നു.

കെനിയ, ടാങ്കനിക്ക, നൈജീരിയ, ഗോൾഡ്കോസ്റ്റു്, സിയറ്രാലിയോൺ ഈ പ്രദേശങ്ങളിലെ അപ്പസ്തോലിക്ഡെലിഗേററു്, മോസ്റ്റ് റവ. ഡോക്ടർ ജെയിംസ് റോബർട്ട് നോക്സ് തിരുമേനിയെ രാജിവച്ച മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കോസ് തിരുമേനിക്കുപകരം ഇന്ത്യയിലെ അപ്പസ്തോലിക്കു് ഇൻറർനൺഷിയോ ആയി നിയമിച്ചിരിക്കുന്നു.

1914-ൽ ആസ്ട്രേലിയായിൽ ജാതനായ ഡോക്ടർ നോക്സ് തിരുമേനി റോമിലെ പ്രൊപ്പഗാന്താ കോളേജിൽ 1935 മുതൽ 1942 വരെ വൈദികവിദ്യാഭ്യാസം നിർവഹിച്ചു. തുടന്നു് പ്രസ്തുത കോളേജിൻെറ വൈസ് റെക്ടറായി നിയമിതനാകുകയും ത‌ൽസ്ഥാനം 1950 വരെ വഹിക്കുകയും ചെയ്തു. അനന്തരം തിരുമേനി തിരുസിംഹാസനത്തിലെ നയതന്ത്രസർവീസിൽ പ്രവേശിക്കുകയും പേപ്പൽ സ്റ്റേററു് സെക്രട്ടറിയേററിൽ നിയമിതനാകുകയും ചെയ്തു. 1950-ൽ തന്നെ തിരുമേനി ജപ്പാനിലെ അപ്പസ്തോലിക് ഇൻറർനൺഷിയേച്ചറിൽ സെക്രട്ടറിയായി നിയമിതനായി. 1953 ജൂലൈ വരെ തൽസ്ഥാനം വഹിച്ചു. അനന്തരം കെനിയായിലെ അപ്പസ്തോലിക്കു് ഡെലിഗേററായി നിയമിതനായി.

പ്രൊപ്പഗാന്താകോളേജിൽ അദ്ധ്യയനം നടത്തിയ അദ്ദേഹത്തിൻെറ ശിഷ്യന്മാരായ ധാരാളം വൈദികർ ഇന്ത്യയിലുണ്ടു്. അദ്ദേഹം താമസിയാതെ പുതിയ ഉദ്യോഗം ചാർജ്ജെടുക്കുന്നതാണു്. തിരുമേനി ഇവിടെ എത്തുന്ന തീയതി ഇൻറർനൺഷിയേച്ചറിൽ ഖണ്ഡിതമായി അറിവായിട്ടില്ല. ഇന്ത്യയിൽ ഇൻറർനൺഷിയോ ആയി നിയമിക്കപ്പെട്ടവരിൽ ഏററവും പ്രായംകുറഞ്ഞ ആളാണു് തിരുമേനി.

## ഇടവകവാർത്തകൾ

**നെയ്യശേരി:** ഈ പള്ളിയിലെ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ ഫെബ്രുവരി 8, 9 എന്നീ തീയതികളിൽ സാഘോഷംനടത്തപ്പെട്ടിരിക്കുന്നു 8-ാംനു- രാവിലെ വിശുദ്ധകുർബാനയുടെ തിരുനാളാഘോഷത്തിൽ റവ. ഫാദർ ജോസഫ് തെക്കിനിയിൽ വി. കുർബാനയെപ്പററി പ്രസംഗിച്ചു. വൈകുന്നേരം റവ. ഫാദർ പീററർ രാമനാട്ടം, പിറേറദിവസം റവ. ഫാദർ ഹെരാക്ലിയൂസ് സി. ഡി. യും വിജ്ഞാനപ്രദമായ പ്രസംഗങ്ങൾ ചെയ്തു. "ചാരിത്രവിജയം" എന്ന കഥയെ ആസ്പദമാക്കി മാസ്റ്റർ മാത്യു തലാപ്പിള്ളിയുടെ കഥാപ്രസംഗവും പരിപാടികളിൽ ഉൾപ്പെട്ടിരുന്നു.

**അരുവിത്തുറ:** ഈ ഇടവക വെട്ടുകാട്ടിൽ ഉലഹന്നാൻെറ മകൻ ശ്രീ വി ജെ. തോമസും നട്ടവിലേമുറിയിൽ മത്തായിയുടെ മകൾ അന്നക്കുട്ടിയും തമ്മിലുള്ള വിവാഹം ഫെബ്രുവരി 11-ാംനു- അരുവിത്തുറ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. റവ. ഫാദർ ററി. സി. ജോസഫ് ബി. ഏ. അവർകളാണു് വിവാഹം ആശീർവ്വദിച്ചതു്.

**ചിററാട്ടുകര:** സ്ഥലത്തെ പള്ളിസ്കൂളിൻെറ ഇക്കൊല്ലത്തെ വാർഷികം, കലോത്സവത്തോടുകൂടി ചാവക്കാട്ടു് മുൻസിഫിൻെറ മഹനീയാദ്ധ്യക്ഷതയിൽ ആഘോഷിക്കയുണ്ടായി. യോഗാനന്തരം "സതീത്ഥ്യർ" എന്ന സംഗീതനാടകം തന്മയത്വപൂർവ്വം അഭിനയിക്കപ്പെട്ടു.

**പാലാ:** കേരളത്തിലുള്ള വിവിധ ലീജിയൻ സമിതികളുടെ സുഗമമായ പ്രവത്തനത്തിനുവേണ്ടി പാലാ കേന്ദ്രമാക്കി സ്ഥാപിതമായിരിക്കുന്ന "സെനാത്തുസ്" ഉൽഘാടനം ചങ്ങനാശ്ശേരി, പാലാ, തിരുവല്ലാ, വിജയപുരം രൂപതാദ്ധ്യക്ഷന്മാരുടേയും കേരളത്തിലെ എല്ലാ ലീജിയൻശാഖാപ്രതിനിധികളുടെയും 5000-ൽ അധികം ലീജിയൻ അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ബനഡിക്ട് ഗ്രിഗോരിയോസ് തിരുമനസ്സുകൊണ്ടു് ഫെബ്രു: 11-ാംനു- അത്യാഡംബരപൂർവ്വം നിർവ്വഹിച്ചിരിക്കുന്നു. രാവിലെ 6-30നു് പാലാമെത്രാൻ റൈററു റവ ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സുകൊണ്ടു് സമ്മേളനശാലയിൽ സജ്ജീകരിച്ചിരുന്ന അൾത്താരയിൽ പൊന്തിഫിക്കൽ കുർബാന അപ്പിച്ചു ഉൽഘാടനയോഗം 11-30നു് ആരംഭിച്ചു. സ്വീകരണസംഘം പ്രസിഡണ്ടു് ശ്രീ കെ സി. സെബാസ്റ്റ്യൻ അവർകൾ പ്രശസ്താതിഥികൾക്കു സ്വാഗതമരുളി. തുടന്നു് ഐർലണ്ടു് കൺസീലിയത്തിൽനിന്നും പാലാ കമ്മീസിയം സെനാത്തുസാക്കി ഉയത്തിയിരിക്കുന്നതു സംബന്ധിച്ചു അയച്ചിരുന്ന ലെററർ കമ്മീസിയം പ്രസിഡണ്ടു് ബ്ര: സി. കെ. തോമ്മസ് വായിച്ചു.

അദ്ധ്യക്ഷൻ തിരുമേനിയുടെ പ്രൗഢസുന്ദരമായ പ്രസംഗമായിരുന്നു അടുത്തതായി നടന്നതു്. അന്ധകാരശക്തികളോടുള്ള പോരാട്ടത്തിൽ പ്രാത്ഥനയും ത്യാഗസമ്പൂണ്ണമായ പരസ്നേഹപ്രവത്തനങ്ങളുംവഴി ലീജിയൻസംഘടന സഭയ്ക്കു ചെയ്യുന്ന സേവനങ്ങളെ വിശദീകരിക്കയും, കേരളസഭാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ഈ കേരളസെനാത്തുസിൻെറ ഉദയത്തോടെ ആവിർഭവിച്ചിരിക്കുന്നതായി പ്രഖ്യാപിക്കയും, മരിയാംബികയിൽ ആശ്രയിച്ചു പ്രാത്ഥനയാകുന്ന പടച്ചട്ടയും. വിശ്വാസത്തിൻെറയും വിശുദ്ധിയുടെയും കരുത്തേറിയ ആയുധങ്ങളും ധരിച്ചു് മിശിഹായുടെ സാമ്രാജ്യം മനുഷ്യവ്യക്തികളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുവാൻ ആഹ്വാനം ചെയ്കയും ചെയ്തു. റവ ഫാദർ ജയിക്കബ് മണ്ണനാൽ പരിശുദ്ധപിതാവു് ലീജിയൻ സെനാത്തുസിനെ ആശീർവ്വദിച്ചുകൊണ്ടു് കല്പിച്ചു നൽകിയിരുന്ന സന്ദേശം വായിച്ചു. കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ്, മദ്രാസ് മെത്രാപ്പോലീത്താ, എറണാകുളം മെത്രാപ്പോലീത്താ, വരാപ്പുഴ മെത്രാപ്പോലീത്താ കോട്ടയം, കോഴിക്കോട്ടു്, കോതമംഗലം, കൊച്ചി രൂപതകളിലെ അഭിവന്ദ്യ തിരുമേനിമാർ മുതലായവർ പുതിയ സെനാത്തുസിനു അനുഗ്രഹസന്ദേശങ്ങൾ അയച്ചിരുന്നു. ഐർലണ്ടു് കൺസീലിയം പ്രതിനിധി ബ്ര. സെസിൽ ഡിസൂസാ, മദ്രാസ് സെനാത്തുസ് പ്രതിനിധി ഷെവലിയർ ജോസഫ് തളിയത്തു് ഇവർ പ്രസ്തുത സമിതികളെ പ്രതിനിധീകരിച്ചു പ്രസംഗിച്ചു.

ലീജിയൻ പതാകയും വഹിച്ചുകൊണ്ടു്, പ്രാത്ഥനാനിമഗ്നരായി 4000-ഓളം മരിയസൈനികർ അണിനിരന്നു് പാലാനഗരവീഥിയിൽക്കൂടി നടത്തിയ ലീജിയൻ റാലി ഭക്തിപ്രചുരിമ പകരുന്ന ഒന്നായിരുന്നു. ഉച്ചകഴിഞ്ഞു് 2-30നു് ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ മാത്യു കാവുകാട്ടു് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. റവ. ഫാദർ അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ അവർകൾ ലീജിയൻ സംഘടനയ്ക്കു നൽകിയിരിക്കുന്ന സുസ്മരണീയസേവനങ്ങൾ അനുസ്മരിച്ചുകൊണ്ടും ഭൗതികമാത്രമായ ആധുനികയുഗത്തിൽ മറിയം പ്രത്യാശയുടെ കനകദീപമാണെന്നും യഥാത്ഥമായ മരിയഭക്തിയിൽ ഉയരുവാനും കത്തോലിക്കാപ്രവത്തനംവഴി മതചൈതന്യം ഇടവകയിൽ പുലത്തുവാനും ലീജിയൻ സംഘടന ഏററം അനുയോജ്യമാണെന്നും സ്ഥാപിച്ചുകൊണ്ടും, അദ്ധ്യക്ഷൻ തിരുമേനി ഉപക്രമപ്രസംഗം നടത്തി. ബ്ര. സെസിൽ ഡിസൂസായും ബ്ര. ജോസഫ് തളിയത്തും ഓരോ പ്രസംഗം ചെയ്തു. സിസ്റ്റർ പെണ്ണമ്മ കുര്യാക്കോസ് രാമപുരം സദസ്സിനു കൃതജ്ഞത പ്രകാശിപ്പിച്ചു. 5-30 കേന്ദ്രസമിതിപ്രതിനിധിയോഗം ബ്ര. ഡിസൂസായുടെ അദ്ധ്യക്ഷതയിൽ നടന്നു.


## "രക്ഷാമാർഗ്ഗം"

ചികിത്സിച്ചു് ചികിത്സിച്ചു് നിരാശരായി തീർന്നിട്ടുള്ളവൎക്കു് രക്ഷാമാൎഗ്ഗം കാണിച്ചുകൊടുത്തു കൊണ്ടിരിക്കുന്ന

### സാക്ഷാൽ "കാളൻ"

സ്ഥാപനത്തിലേക്കുള്ള രോഗവിവരക്കത്തുകളും മററും അയക്കേണ്ട വിലാസം:

കാളൻ,
നെല്ലായി (S. India)


**അതിരമ്പുഴ:** സ്ഥലം പള്ളിമൈതാനത്തുള്ള ലൂർദ്ദു ഗ്രോട്ടോയിൽ ഫെബ്രുവരി 11-ാം തീയതി രാവിലെ ദിവ്യബലിക്കുശേഷം വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ അവർകൾ അമലോത്ഭവജനനിയുടെ ലൂർദ്ദിലെ ദശനത്തിൻെറ ശതവത്സരജൂബിലി ഉൽഘാടനം ചെയ്തിരിക്കുന്നു. ലൂർദ്ദിലെ അത്ഭുതങ്ങളേയും ലൂർദ്ദിൻെറ സന്ദേശത്തേയും അധികരിച്ചു് അദ്ദേഹം ഉൽഘാടനപ്രസംഗം നിർവഹിച്ചു. 10-ാംനു- സായാഹ്നത്തിൽ ഇടവകയുടെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ മെഴുകുതിരികൾ കത്തിച്ചുപിടിച്ചു് ഗാനാലാപത്തോടും ജപമാലപ്രാത്ഥനയോടുംകൂടി ഗ്രോട്ടോയിലേക്കു് ഭക്തപ്രദക്ഷിണം നടത്തുകയുണ്ടായി. 11-ാംനു- സായാഹ്നത്തിൽ സ്കൂൾ വിദ്യാത്ഥികളും, വിദ്യാത്ഥിനികളും ബ. കന്യാസ്ത്രീകളും അദ്ധ്യാപകരും ചേന്നു് ചന്തക്കപ്പേളചുററി തെരുവീഥികളിൽക്കൂടി ഭക്തിനിർഭരമായ പ്രദക്ഷിണം നടത്തി ഈ ഭക്തപരിപാടി സായാഹ്നത്തിലെ ദിവ്യകാരുണ്യാശീർവ്വാദത്തോടുകൂടി സമംഗളം പര്യവസാനിച്ചു.

## ചരമവാർത്തകൾ

**പെരുമ്പാവൂർ:** ഈ ഇടവക കാരിപ്ര പൈലി ഭാര്യ റോസ 87-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ഫെബ്രുവരി 1-ാംനു- കത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു.

**ചെങ്ങളം:** കുളത്തുങ്കൽ ദേവസ്യാ അന്ന വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം 78-ാമത്തെ വയസ്സിൽ ഫെബ്രുവരി 10-ാംനു- കത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റവ. ഫാ. ജേക്കബ് പൊട്ടനാനിക്കൽ അവർകളുടെ പ്രധാനകാമ്മികത്വത്തിലും റവ. ഫാ. എബ്രാഹം നെടുന്തകിടി ബി. എ. ബി. ടി., റവ. ഫാ. ജോസഫ് ഓണംകുളം ഇവരുടെ സഹകാമ്മികത്വത്തിലും വമ്പിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിലും ചെങ്ങളംപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P.

## വിനോദവീഥി



"ഉത്സവസ്ഥലത്തുചെന്നു് 5 രൂപാ വെറുതെ ചെലവാക്കിപ്പോന്നല്ലോ. എന്താ ഇതുകൊണ്ടൊരു ഗുണമുണ്ടായതു്."

"ഗുണമോ, 30 രൂപയാടീ ലാഭമുണ്ടായതു്. അവിടെ പോയതുകൊണ്ടു് എൻെറ 15 പല്ലു് ഫ്രീയായി പറിപ്പിക്കാനൊത്തു. പിന്നെന്തുവേണം!"

x x x

ലീല:- "വത്സേ, ചിലയാളുകൾ ചീട്ടുകൾ നോക്കി ഭാവിയെപ്പററി പറയുന്നുണ്ടല്ലോ. അതു സാധിക്കുമോ?"

വത്സ:- "സാധിക്കുമെന്നാണു് തോന്നുന്നതു്. വീട്ടിൽ അപ്പൻ രാത്രി വൈകിവന്നാൽ എന്താണു സംഭവിക്കാൻ പോകുന്നതെന്നു അമ്മ കൃത്യമായി പറയും. ഇപ്പോൾ ഞങ്ങൾക്കും കുറെയൊക്കെ പറയാൻ കഴിയും."

x x x

മി. ജോൺ:- "എന്താ മാത്യു, നിങ്ങളുടെ കമ്പനിയിൽ പലൎക്കും പ്രൊമോഷൻ കൊടുത്തിട്ടു് നിങ്ങളുടെ കാര്യം ഗൗനിക്കാതിരുന്നതു്?"

മി. മാത്യു:- "എനിക്കൊന്നും മനസ്സിലാകുന്നില്ല."

മി. ജോൺ:- "ഇപ്പോൾ മനസ്സിലായി. അതുതന്നെയായിരിക്കണം കാരണം."


## "മലങ്കരസഭയുടെ ഭാവി"

### ചിന്തോദ്ദീപകമായ ഒരു സമീപനപദ്ധതി

ഗ്രന്ഥകത്താ:-

റവ. ഫാദർ ടി. വി. ജോൺ എം. എ., എൽ. ടി.

ആലുവാ P. O., (വില നാലണമാത്രം.)

മലങ്കരയാക്കോബായസഭയുടെ ചരിത്രത്തേയും, അതിൻെറ ഇന്നത്തെ നിലപാടിനേയും, അതിൻെറ ഭാവിയേയും നിഷ്പക്ഷമായി വിശകലനംചെയ്തു് യാക്കോബായസഭയിലെ ഒരു പ്രമുഖ പണ്ഡിതനായ ഗ്രന്ഥകത്താവു സഭാംഗങ്ങളുടെ പരിചിന്തനത്തിനായി സമപ്പിക്കുന്നു. പുസ്തകവിലയായ നാലണയ്ക്കു സ്റ്റാമ്പും പുസ്തകമയക്കേണ്ടതായ മേൽവിലാസവും ഗ്രന്ഥകാരൻെറ മേൽവിലാസത്തിൽ അയച്ചുകൊടുത്താൽ തപാൽക്കൂലി സൗജന്യമായി പുസ്തകം മേൽവിലാസക്കാരനു അയച്ചുകൊടുക്കുന്നതാണു്.

സഭയെപ്പററി അറിയുന്നതിനാഗ്രഹിക്കുന്ന യാക്കോബായ-ഓത്തഡോക്സ്സഭാംഗങ്ങൾക്കു സുവണ്ണാവസരം! ടി. സഭാംഗങ്ങളുടെ സ്നേഹിതന്മാക്കു അവരെ സഹായിക്കാവുന്ന ഉത്തമമാൎഗ്ഗം! ഇന്നുതന്നെ ഓർഡർ ചെയ്യുക.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 FEBRUARY 20 || No. 27.


## പൊതുതിരിഞ്ഞെടുപ്പ്

അടുത്ത അഞ്ചുവർഷത്തേക്കു ഭാരതത്തെ ആരു് ഭരിക്കണമെന്നു് —ഏതാദർശം ഇവിടെ പ്രയോഗിക്കപ്പെടണമെന്നു്— നിർണ്ണയിക്കുവാൻ ജനാധിപത്യമുറയനുസരിച്ചു് പൊതുജനങ്ങളുടെ അഭിപ്രായമറിയുന്നതിനു് നടത്തപ്പെടുന്ന പൊതുതിരിഞ്ഞെടുപ്പാണു് നമ്മെ അഭിമുഖീകരിച്ചിരിക്കുന്നതു്. ഭാരതം ഒരു സ്വതന്ത്രജനാധിപത്യരാഷ്ട്രമാണു്. പ്രശസ്തമായ ഒരു ഭരണഘടന അതിനുണ്ടു്. ഭാരതത്തെ സ്വതന്ത്രയാക്കുന്നതിനു അക്രമരഹിതമായ വിപ്ലവമാർഗ്ഗത്തിലൂടെ ജനതയെ നയിച്ച രാഷ്ട്രപിതാവിന്റെ ആദർശം അതിനു പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു. മഹാത്മജിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഭാരതത്തിന്റെ സ്വാതന്ത്ര്യസമ്പാദനത്തിലും അതേത്തുടർന്നു ഇതഃപര്യന്തം പുരോഗമനാത്മകമായ ഭരണത്തിലും മികച്ച സേവനമാണു് ഇന്ത്യയ്ക്കു പ്രദാനംചെയ്തിട്ടുള്ളതെന്നു ആത്മാർത്ഥതയോടുകൂടി ആർക്കും നിഷേധിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇന്നും മഹാത്മജിയുടെ വിശ്വസ്താനുയായികളും ഭാരതത്തിന്റെ പേരെടുത്ത നേതാക്കന്മാരുമാണു് കോൺഗ്രസ്സിനേയും ഭരണകൂടത്തേയും നയിച്ചുകൊണ്ടിരിക്കുന്നതു്. എങ്കിലും ഈ കോൺഗ്രസ്പാർട്ടിയാണോ ഇവിടെ ഭരണം തുടരേണ്ടതു്; അതോ മറ്റേതെങ്കിലും പാർട്ടിയെ അധികാരത്തിൽ കൊണ്ടുവരണമോ എന്നുള്ള പ്രശ്നം പൊതുജനങ്ങളുടെ തീരുമാനത്തിനു ഇപ്പോൾ സമർപ്പിക്കപ്പെട്ടിരിക്കുകയാണു്. ജനാധിപത്യഭരണത്തിന്റെ വ്യവസ്ഥ അതാവശ്യപ്പെടുന്നു. ഭരണത്തിലിരിക്കുന്ന പാർട്ടി ആ പൊതുജനതീരുമാനത്തെ പ്രതീക്ഷിച്ചുനിൽക്കുന്നു.

ഇപ്പോൾ നമ്മുടെ ഭരണകക്ഷിയായിരിക്കുന്ന ഇന്ത്യൻ നാഷനൽ കോൺഗ്രസ്പാർട്ടി ഭാരതത്തിന്റെ അഭ്യുദയത്തിനുവേണ്ടിയും ഭാരതീയരുടെ പുരോഗതിക്കുവേണ്ടിയും എന്തുചെയ്തുവെന്നു ഇവിടെ വിവരിക്കേണ്ട ആവശ്യമില്ല. ആ പാർട്ടിയുടെ പ്രവർത്തനങ്ങളിൽ വന്നുപോയിട്ടുള്ള പരാജയങ്ങളെ മൂടുപടമിട്ടു മറയ്ക്കുന്നതിനും ഉദ്ദേശിക്കുന്നില്ല. പാർട്ടി അനുവർത്തിച്ചുപോരുന്ന നയങ്ങളിൽ വന്നുവശായിട്ടുള്ള വഴിപിഴച്ച ചില പ്രസ്ഥാനങ്ങളെ ശക്തിയായി എതിർക്കാതെയും തരമില്ല. ഏതുപാർട്ടി ഭരിച്ചാലും ഈ എതിർപ്പുകൾ മേലിലും അവസരാനുസരണം ശക്തിയായി ഞങ്ങൾ തുടരുകയുംചെയ്യും. പക്ഷെ, ഒരു പൊതുതിരിഞ്ഞെടുപ്പവസരത്തിൽപൊതുജനങ്ങൾ അനുവർത്തിക്കാനുള്ള പൗരധർമ്മം, തിരിഞ്ഞെടുപ്പിൽ മത്സരിക്കുന്ന കക്ഷികളെ തുലനംചെയ്തു രാജ്യത്തിന്റെ ഭാവിനന്മയ്ക്കു ഉറപ്പുനൽകുന്ന— നമ്മുടെ വിശ്വാസം ഉറപ്പായി നിക്ഷേപിക്കാവുന്ന പാർട്ടി ഏതാണെന്നു കണ്ടുപിടിക്കുകയാണു്. അജ്ഞതകൊണ്ടോ, പ്രലോഭനങ്ങൾകൊണ്ടോ, ഭീഷണികൊണ്ടോ ആരെങ്കിലും വഴിപിഴച്ചുപോവുകയോ, വിലയേറിയ അവരുടെ വോട്ടുകൾ അനർഹരായ സ്ഥാനാർത്ഥികൾക്കായി നൽകപ്പെടുകയോ ചെയ്താൽ അതു് തിരഞ്ഞെടുപ്പിലെ ഒരു കാടുകയറ്റമായിരിക്കും; പൗരാവകാശത്തിന്റെ ദുരുപയോഗമായിരിക്കും. ജനാധിപത്യാദർശത്തിന്റെ പരാജയമായിരിക്കും.

പൊതുതിരിഞ്ഞെടുപ്പു സംബന്ധിച്ചു് തിരുസഭയുടെ നിർദ്ദേശങ്ങളും നിയമങ്ങളും ഉള്ളടക്കുന്ന ചില ലേഖനങ്ങൾ മാന്യവായനക്കാരുടെ അറിവിലേക്കായി ഈയിടെ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്ത്യയെ പൊതുവെ സംബന്ധിക്കുന്ന തിരിഞ്ഞെടുപ്പുകാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നതായ ഇന്ത്യൻ ബിഷപ്പ്സ് കോൺഫറൻസിന്റെ നിർദ്ദേശങ്ങളും കഴിഞ്ഞ ലക്കത്തിൽ ഞങ്ങൾ ചേർത്തിരുന്നു. ഈ പൊതുനിർദ്ദേശങ്ങൾ ഓരോരുത്തരുടേയും സ്വാർത്ഥോദ്ദേശ്യങ്ങൾക്കായി വളച്ചുതിരിച്ചു വ്യാഖ്യാനിക്കാതെ ഭാരതത്തിന്റേയും കേരളത്തിന്റേയും ഭാവിഭദ്രതയ്ക്കും അഭിവൃദ്ധിക്കും നിദാനമായ വിധത്തിൽ വിശാലവീക്ഷണത്തോടും സ്ഥലകാലസാഹചര്യങ്ങൾ മുൻനിർത്തിയും പരിഗണിക്കപ്പെടുകയും സൗമനസ്യപൂർവ്വം അംഗീകരിക്കപ്പെടുകയും ചെയ്യണമെന്നു ഓരോ വോട്ടറേയും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളട്ടെ. രാജ്യത്തിനും ജനതയ്ക്കും വിനാശകരമായ പ്രതിലോമശക്തികൾ നുഴഞ്ഞുകയറാൻ ആരും വഴികൊടുക്കാതിരിക്കുക.

നമ്മെ അലട്ടുന്ന ചില ചിന്താക്കുഴപ്പങ്ങൾക്കു പരിഹാരമാകത്തക്ക ഒരു മാർഗ്ഗനിർണ്ണയം സാധിക്കുന്നതിനു സഹായകമായ ചില അഭിപ്രായഗതികളെയാണു് കീഴെ പ്രസാധകക്കുറിപ്പുകളിൽ ഞങ്ങൾ എടുത്തുചേർത്തിരിക്കുന്നതു്. വസ്തുതകളെ കഴിവുള്ളത്ര വിശദമായും വസ്തുനിഷ്ഠമായും പഠിച്ചറിഞ്ഞു് ഓരോരുത്തരും അവരവരുടെ പൗരധർമ്മം യഥാവിധിനിറവേററുന്നതിനു ഇടയാകത്തക്കവണ്ണം വേണ്ട ബുദ്ധിപ്രകാശം ദൈവം ഏവർക്കും ഉദാരമായി നൽകുമാറാകട്ടെ എന്നു അതിപ്രധാനമായ ഈ അവസരത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### പ്രസാധകക്കുറിപ്പുകൾ

## തിരഞ്ഞെടുപ്പിനെ സംബന്ധിച്ചു്

## "സോഷ്യൽ ആക്ഷൻ"

പൂനായിലെ "സോഷ്യൽ ഇൻസ്റ്റിററ്യൂട്ടി"ൽനിന്നു പുറപ്പെടുന്ന "സോഷ്യൽ ആക്ഷൻ" എന്ന പത്രം തിരഞ്ഞെടുപ്പിനെ സംബന്ധിച്ച ഒരു പ്രതിപാദനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു:- "തിരിഞ്ഞെടുപ്പു അത്യാസന്നമായിരിക്കുന്നു. രാജ്യത്താകെ വിവിധ പാർട്ടികളുടെ പ്രചാരണപ്രസംഗവേദികൾ ശബ്ദായമാനമായിക്കഴിഞ്ഞു. സമ്മതിദായകർക്ക് ഗുരുതരമായ ഒരു കർത്തവ്യമാണു് നിർവ്വഹിക്കാനുള്ളതു്. കഴിയുന്നതിൽ ഏററം നല്ല സ്ഥാനാർത്ഥിയേയോ, ചുരുങ്ങിയപക്ഷം അവരുടെ ബോദ്ധ്യമനുസരിച്ചു മത്സരിക്കുന്ന വിവിധ സ്ഥാനാർത്ഥികളിൽനിന്നു ഏററം ഉപദ്രവം കുറഞ്ഞ സ്ഥാനാർത്ഥിയേയോ അവർ തിരിഞ്ഞെടുക്കണം. അതിനു്, മത്സരിക്കുന്ന പാർട്ടികളുടെ നയപ്രഖ്യാപനങ്ങൾ വിമർശനബുദ്ധ്യാ പരിശോധിക്കുന്നതു അസ്ഥാനത്താവുകയില്ല.

ജനാധിപത്യത്തിന്റെ സുരക്ഷിതത്വത്തിനു ഏററവും കൂടുതൽ ആവശ്യമായിരിക്കുന്നതു്, രാജ്യത്തിന്റെ അഭിവൃദ്ധിയിൽ ശ്രദ്ധാവധാനരും, അതിന്റെ ഭാവിയെ സുരക്ഷിതമായി ഭരമേല്പിക്കാവുന്നതക്ക പ്രതിനിധികളെ തിരിഞ്ഞെടുക്കുന്നതിനു ദൃഢനിശ്ചയം ചെയ്തിട്ടുള്ളവരുമായ പ്രബുദ്ധരായ സമ്മതിദായകന്മാരുടെ ഗണമാണു്. നിർഭാഗ്യവശാൽ ഇന്ത്യയിൽ ജനങ്ങളിൽ ബഹുഭൂരിപക്ഷം നിരക്ഷരകുക്ഷികളും ഉപജീവനമാർഗ്ഗം കണ്ടെത്തുക എന്ന ജീവൽപ്രശ്നത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുന്നവരുമാണു്. തന്മൂലം സാമ്പത്തികമോ രാഷ്ട്രീയമോ ആയ സമ്മർദ്ദങ്ങൾക്കു അടിപ്പെട്ടു് അവർ വിവേചനകൂടാതെ വോട്ടുനൽകുന്നതിനിടയാവുന്നതുകൊണ്ടു് തിരിഞ്ഞെടുപ്പു വോട്ടുപിടുത്തത്തിന്റെ ഒരു രംഗമായി അധഃപ്പതിക്കുന്നു. ഈ പരിതസ്ഥിതികളിൽ സമ്മതിദായകരായ ബഹുജനങ്ങൾക്കു്, പ്രതിനിധിതിരിഞ്ഞെടുപ്പിൽ അവരുടെ വോട്ടുകൾ ശരിയായി ഉപയോഗിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശം നൽകേണ്ട കടമ അഭ്യസ്തവിദ്യരായ നേതാക്കന്മാരിൽ വന്നുചേരുന്നു. ഈ കർത്തവ്യം പ്രധാനമായും നിർവ്വഹിക്കപ്പെടുന്നതു് പാർട്ടിഘടകങ്ങൾ വഴിയും പാർട്ടിപ്രചാരകന്മാർ വഴിയുമാണു്. പക്ഷെ ഇവിടെയും ഒരു കുഴപ്പമുണ്ടു്. ഓരോ പാർട്ടിയും അതതിന്റെ പരിപാടികളെ അതിവർണ്ണനം ചെയ്യുന്നതിനും എതിർപാർട്ടികളുടെ പരിപാടികളെ അടിച്ചുതാഴ്ത്തുന്നതിനും ഉദ്യമിക്കും. അതുകൊണ്ടാണു് വിവിധ പാർട്ടികളുടെ പരിപാടികളെ സാമൂഹ്യനീതിയുടേയും സാമൂഹ്യമായ ആവശ്യങ്ങളുടേയും വെളിച്ചത്തിൽ വിശദീകരിക്കുന്നതിനും പ്രതിപാദിക്കുന്നതിനും ആവശ്യമായിരിക്കുന്നതു്......"

അടുത്ത തിരിഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനു രംഗപ്രവേശം ചെയ്തിട്ടുള്ള കോൺഗ്രസ്, പി. എസ്. പി., കമ്മ്യൂണിസ്റ്റ്, ഹിന്ദുമഹാസഭ, ഭാരതീയജനസംഘം മുതലായ പാർട്ടികളുടെ പ്രകടനപത്രികകളേയും പരിപാടികളേയും പരിശോധിച്ചശേഷം പ്രസ്തുത പത്രം എത്തിച്ചേർന്നിട്ടുള്ള അനുമാനം ഇപ്രകാരമാണു്:- "ഈ തിരിഞ്ഞെടുപ്പു പ്രധാനമായി മൂന്നു പ്രമുഖപാർട്ടികൾ—കോൺഗ്രസ്സ്, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടികൾ—തമ്മിലുള്ള മത്സരമായിരിക്കും. ഏതാനും കുറെ സ്വതന്ത്രസ്ഥാനാർത്ഥികളും അവരുടെ ആദർശങ്ങൾക്കുവേണ്ടി സമരം നടത്താതിരിക്കയില്ല. ചില ചെറുപാർട്ടികളും സാംസ്ഥാനികഅസംബ്ലികളിൽ കടന്നുപററി എന്നും വരാം. എന്നാൽ രാജ്യത്തിന്റെ ഭാവിപരിപാടികളെ കരുപ്പിടിപ്പിക്കുന്നതിനുള്ള പൊതുവായ ആദർശം ഒന്നുകിൽ കോൺഗ്രസ്സിന്റേയോ, അല്ലെങ്കിൽ പി. എസ്. പി. യുടേയോ, അല്ലെങ്കിൽ കമ്മ്യൂണിസ്റ്റുകളുടേയോ പ്രകടനപത്രികയുടേതായിരിക്കും. കമ്മ്യൂണിസ്റ്റുകൾ വിജയിക്കുകയാണെങ്കിൽ ഇന്ത്യയിൽ സ്വാതന്ത്ര്യം അവസാനിച്ചു എന്നായിരിക്കും അതിനർത്ഥം; പക്ഷെ അതു സംഭവിക്കുവാൻ സാദ്ധ്യതകൾ കുറവാണു്. അതുകൊണ്ടു് കോൺഗ്രസ് പാർട്ടിയോ പി. എസ്. പി. യോ വിഭാവനംചെയ്തിട്ടുള്ള ഒരു സോഷ്യലിസ്റ്റ്രീതിയായിരിക്കും ഭാവിയിൽ നമ്മുടെ സാമ്പത്തികപ്രവർത്തനങ്ങൾക്കു രൂപംകൊടുക്കുകയും സാമൂഹികമായ ആദർശങ്ങൾക്കു പ്രചോദനം നൽകുകയും ചെയ്യുവാൻ പോകുന്നതെന്നുവേണം വിചാരിക്കുവാൻ. (ഏ. എഫ്.)"

## ശ്രീ ധേബാറിന്റെ തിരിഞ്ഞെടുപ്പു പ്രചാരണ പര്യടനം

ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റു ശ്രീ യു എൻ ധേബാർ അവർകൾ കേരളത്തിൽ മൂന്നുദിവസത്തെ തിരിഞ്ഞെടുപ്പുപ്രചാരണപരിപാടികൾ നിർവ്വഹിച്ച ശേഷം ഫെബ്രുവരി 13-ാംനു കാലത്തു കൊച്ചിയിൽ നിന്നും വിമാനമാർഗ്ഗം തിരിച്ചുപോയി. കേരളത്തിൽ അദ്ദേഹം 500 മൈൽ സഞ്ചരിക്കുകയും 12-ൽപരം തിരിഞ്ഞെടുപ്പുയോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. വിമാനത്താവളം വിടുന്നതിനുമുമ്പു കേരളത്തിലെ വോട്ടറന്മാർക്കായി അദ്ദേഹം നൽകിയ ഒരു സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്:- നാട്ടിനു് ഉറച്ച ഒരു ഗവർമ്മേണ്ടും സുനിശ്ചിതമായ പുരോഗതിയും നൽകുവാൻ കഴിവുള്ള ഏകപാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണു്. കേരളത്തിലെ ജനങ്ങൾ കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരക്കുമെന്നുള്ളതിൽ എനിക്കു യാതൊരു സംശയവുമില്ല. ഒരുഭാഗത്തു സുസ്ഥിരതയും പുരോഗതിയും, മറുഭാഗത്തു കൃത്രിമമായ സംഘർഷസൃഷ്ടിയുമാണുള്ളതു്. ഇവ രണ്ടിലൊന്നു ജനങ്ങൾ സ്വീകരിക്കണം. എന്നിപ്രകാരമാണു്.

തിരിഞ്ഞെടുപ്പിൽ മത്സരിക്കുന്ന പ്രധാന എതിർപാർട്ടികളായ കമ്മ്യൂണിസ്റ്റുപാർട്ടിയേയും പ്രജാസോഷ്യലിസ്റ്റുപാർട്ടിയേയും സംബന്ധിച്ചു് അദ്ദേഹം പറഞ്ഞു: കമ്മ്യൂണിസ്റ്റുപാർട്ടി എല്ലാക്കാലത്തും പ്രജാധിപത്യവിരുദ്ധമായിട്ടാണു് പ്രവർത്തിച്ചിട്ടുള്ളതു്. സ്വാതന്ത്ര്യത്തെയും, പ്രജാധിപത്യത്തേയും, പുരോഗതിയേയും ഇന്ത്യയിലെ ജനങ്ങൾ മനസ്സിലാക്കുന്ന രീതിയിലല്ല കമ്മ്യൂണിസ്റ്റുപാർട്ടി മനസ്സിലാക്കുന്നതു്. കമ്മ്യൂണിസം കല്പനാരൂപമായ ഒരു വിശ്വാസസംഹിതയും ക്രമവുമായിത്തീർന്നിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യമോ, പ്രാദേശികസാഹചര്യങ്ങളോ, ജനങ്ങളുടെ വൈഭവമോ, രാജ്യത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ പശ്ചാത്തലമോ ഒന്നും അവരെ സംബന്ധിച്ചിടത്തോളം വിലയുള്ളതല്ല. പ്രജാസോഷ്യലിസ്റ്റുപാർട്ടി പരസ്പരം കലഹിക്കുന്ന ഒരു സംഘടനയാണു്. വർഗ്ഗീയരാഷ്ട്രീയത്തിലേക്കുള്ള അവരുടെ ഏററം ഒടുവിലത്തെ രംഗപ്രവേശം, അതിന്റെ ആദർശസംഹിതയിൽ തത്വങ്ങൾക്കും മൂല്യങ്ങൾക്കുമുള്ള സ്ഥാനം എന്താണെന്നു തെളിയിച്ചുകഴിഞ്ഞിരിക്കുന്നു എന്നു്.

ശ്രീ ധേബാർ ഫെബ്രുവരി 12-ാംനു ചേർത്തലയിൽവച്ചുചെയ്ത പ്രസംഗത്തിൽ അദ്ദേഹം കോൺഗ്രസ്സിന്റേയും കമ്മ്യൂണിസത്തിന്റേയും ആദർശപരിപാടികളെ സുവ്യക്തമായി പരാമർശിക്കുകയുണ്ടായി. കോൺഗ്രസ്സിന്റെ 70 കൊല്ലത്തെ പാരമ്പര്യത്തേയും അക്രമരാഹിത്യത്തിൽക്കൂടി പടപൊരുതി അതു സാധിച്ചിട്ടുള്ള നേട്ടങ്ങളേയും പടിപടിയായി പ്രതിബന്ധങ്ങളെ തരണംചെയ്തു് സ്വയംപര്യാപ്തതയിലേക്കു അതു ഇന്ത്യയെ നയിച്ച പരിപാടികളേയും അദ്ദേഹം എണ്ണിയെണ്ണി വർണ്ണിച്ചു. ഇങ്ങനെ സമാധാനപരമായ വ്യവസ്ഥിതിയിൽക്കൂടി ഭാരതത്തിന്റെ ഉന്നമനത്തിനും ഐക്യത്തിനുംവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ്സിനെ വിജയിപ്പിക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. കമ്മ്യൂണിസ്റ്റുകൾക്കു വോട്ടുകൊടുക്കുന്നതിനെപ്പററി അദ്ദേഹം വ്യക്തമായി പ്രസ്താവിച്ചതിപ്രകാരമാണു്: നിങ്ങളുടെ വോട്ടുകൾ ആവശ്യപ്പെട്ടുകൊണ്ടു് കമ്മ്യൂണിസ്റ്റുപാർട്ടിയും നിങ്ങളെ സമീപിക്കും. നിങ്ങൾ നല്ലതുപോലെ ആലോചിക്കണം. നിങ്ങൾക്കിഷ്ടമെങ്കിൽ നിങ്ങളുടെ വോട്ടുകൾ അവർക്കു കൊടുക്കാവുന്നതാണു്. എന്നാൽ ഒന്നോർമ്മവയ്ക്കണം. നിങ്ങളുടെ വോട്ടുകൊടുത്തു് അവരെ വിജയിപ്പിച്ചു് ഭരണം അവരുടെ കൈയിൽ കൊടുത്താൽ, പിന്നെ കമ്മ്യൂണിസ്റ്റുപാർട്ടിയല്ലാതെ മറെറാരു പാർട്ടി ഇവിടെയുണ്ടാവുകയില്ല; നിങ്ങൾക്കു വോട്ടുചെയ്യേണ്ടതായും വരികയില്ല. തെലുങ്കാനായിൽ എന്തു നടന്നു എന്നു നിങ്ങൾക്കറിയില്ല. ഹംഗറിയിൽ നടക്കുന്നതെന്താണെന്നു് അറിഞ്ഞുകൂടേ? സ്വാതന്ത്ര്യം ചോദിച്ചാൽ ബോമ്പുകളും തീയുണ്ടകളുംകൊണ്ടുള്ള "അനുഗ്രഹവർഷ"മായിരിക്കും ഫലം 1941-ലും, 1942-ലും, 1947-ലും ഒക്കെ അവരെന്തുചെയ്തു? ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി കഠിനകഠിനം പടപൊരുതിയ കോൺഗ്രസ്സിനെ അലട്ടുവാൻ മർമ്മപ്രധാനമായ ഭാഗങ്ങളിൽ അവർ തടസ്സങ്ങൾ സൃഷ്ടിച്ചു. അവർക്ക് ഈശ്വരനില്ല. അവരുടെ ലക്ഷ്യപ്രാപ്തിക്കു അവർ പല അടവുകളും എടുത്തുനോക്കി. വർഗ്ഗസമരപ്രവർത്തനങ്ങൾ അവർ പലതു അഴിച്ചുവിട്ടു. അതൊന്നും പററാഞ്ഞു്, ഇപ്പോൾ ജനാധിപത്യത്തിന്റെ പേരിൽ വോട്ടുചോദിക്കുകയാണു്. അതെ, അശക്തൻ "സാധു"വിന്റെ വേഷം ചമയുന്നതുപോലെ. ഏതക്രമമാർഗ്ഗങ്ങളേയും എതിരിടാൻ സുശക്തമായ ഒരു ഗവമ്മെണ്ടു് ഇപ്പോൾ നമുക്കുണ്ടു്. അതുകൊണ്ടു് അവർ അടവൊന്നു മാറിയിരിക്കുന്നു. എന്നാൽ കമ്മ്യൂണിസത്തിന്റെ നിഴൽ നിങ്ങളെ വീശിയാൽമതി, പിന്നെ നിങ്ങൾക്കു അവിടെനിന്നു മുക്തിപ്രാപിക്കുവാൻ—വിട്ടുതൽ കിട്ടുവാൻ—സാധിക്കയില്ല. അവരുടെ നഖവലയത്തിനുള്ളിൽ —അള്ളിപ്പിടുത്തത്തിൽ— നിങ്ങൾ അമർന്നുപോകും. മലവെള്ളത്തിൽ ഒഴുകിപ്പോയ കറുത്ത കരടിയെക്കണ്ടു് അതൊരു കരിമ്പടക്കെട്ടാണെന്നു തെററിദ്ധരിച്ചു് അതിനെ വാരിപ്പിടിക്കാൻ ശ്രമിച്ച ഒരാട്ടിടയനെ അതു പിടികൂടിയ കഥയോടു ഈ സാഹസത്തെ അദ്ദേഹം ഉപമിച്ചു്, അത്തരം അപകടത്തിൽ കുടുങ്ങാതിരിക്കുവാൻ ഉപദേശിച്ചു.

## ഏതു സാമൂഹികാദർശമാണു് ഇന്ത്യയ്ക്കുവേണ്ടതു്?

ഇന്ത്യയിൽ ഇന്നു പല സോഷ്യലിസ്റ്റ് സംഘടനകളുണ്ടു്. അതിൽ പ്രമുഖമായതു് പ്രജാസോഷ്യലിസ്റ്റ് പാർട്ടിയാണു്. ശ്രീ ജയപ്രകാശ് നാരായൻ, അശോകമേത്താ മുതലായ ഗണ്യന്മാരായ വ്യക്തികൾ അതിൽപെടുന്നു. എന്നുവരികിലും സംഘടനാപരമായ അതിന്റെ കെട്ടുറപ്പു വളരെ ദുർബലമാണെന്നു പറയാതെ നിവൃത്തിയില്ല. അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉപവിഭാഗങ്ങൾ ഈ വസ്തുതയ്ക്കു തെളിവാണു്. കോൺഗ്രസ്സിന്റെ സോഷ്യലിസ്റ്റിക്കു് വ്യവസ്ഥിതിയും പി. എസ്. പി. യുടെ സോഷ്യലിസ്റ്റവും തമ്മിൽ ലക്ഷ്യപ്രഖ്യാപനത്തിൽ വലിയ അന്തരമില്ലെങ്കിലും മാർഗ്ഗനിർണ്ണയത്തിൽ ഗുരുതര

മായ വ്യത്യാസങ്ങളുണ്ട്" എന്നു കാണുന്നു. മാർഗ്ഗങ്ങളിലുള്ള ഈ വ്യത്യാസം അതിൻെറ പരിണതഫലമായി ലക്ഷ്യത്തേയും ബാധിക്കാതിരിക്കയില്ല എന്നാണ് യുക്തിപൂർവ്വം അനുമാനിക്കേണ്ടിയിരിക്കുന്നതു്. സ്വകാര്യ്യഉടമാനിഷേധം, ദേശീകരണം മുതലായവയെ സംബന്ധിച്ച് സോഷ്യലിസ്റ്റ്കാർ മുറുകെപ്പിടിക്കുന്ന തത്വങ്ങൾ മാർക്സിസ്റ്റ് തത്വങ്ങളുടെ നിഴലിൽ വളരുന്നവയാണെന്നും അവ കാലാന്തരത്തിൽ രാജ്യത്തിനും ജനതക്കും വിനാശകരമാകാനെളുപ്പമുള്ളവയാണെന്നും അവഗണിക്കപ്പെടുവാൻ നിവൃത്തിയില്ല.

ഈ വ്യത്യാസത്തെ വിശദീകരിച്ചുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നെഹ്റു ഈയിടെ കട്ടാക്കിൽവച്ചുചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:- വെറും സിദ്ധാന്തപരമായ രൂപത്തിലുള്ള സോഷ്യലിസം ഒരു രാജ്യം അന്ധമായി സ്വീകരിച്ചാൽ അതു ആ രാജ്യത്തിനു വിപൽക്കരമായി ഭവിച്ചേക്കും. സോഷ്യലിസം ഇന്ത്യയിൽ നടപ്പാക്കുന്നതിനു ഇന്ത്യ അഭിലഷിക്കുന്നു. എന്നാൽ കേവലം സിദ്ധാന്തപരമായ രൂപത്തിലുള്ളതല്ല അതു്. സോഷ്യലിസം നടപ്പാക്കാൻ കോൺഗ്രസ് എന്തിനു ശ്രമിക്കണം? എന്നു പി. എസ്. പി. മുതലായ മററു പാർട്ടിക്കാർ ചോദിക്കുന്നുണ്ടു്. അതേപ്പററി എന്തിനു വഴക്കടിക്കുന്നു. കോൺഗ്രസ്സിനും പി. എസ്. പി. ക്കും സോഷ്യലിസം പ്രാപിക്കാൻ പ്രവത്തിക്കാവുന്നതാണ് എന്നത്രെ അതിനുള്ള എൻെറ മറുപടി കോൺഗ്രസിൻെറ സോഷ്യലിസം എന്താണെന്നു കോൺഗ്രസ് ഖണ്ഡിതമായി നിർവ്വചിച്ചിട്ടില്ലെന്നും പി. എസ് പി. ക്കാർ പരാതിപ്പെടുന്നു. നാമെന്തിനു ഒരു പ്രത്യേകരൂപത്തിലുള്ള സോഷ്യലിസത്തിൽ കെട്ടിപ്പിണഞ്ഞുകിടക്കണമെന്നു ഞാൻ ചോദിക്കുന്നു. അടിസ്ഥാനകാര്യ്യങ്ങൾ നാം തികച്ചും വ്യക്തമാക്കിയിട്ടുണ്ടു്. ഓരോരുത്തക്കും മുന്നോട്ടുപോകാൻ തുല്യസൗകര്യ്യം വേണം; ഉയന്നവരും താഴ്ന്നവരും തമ്മിലുള്ള വിടവു പോകണം; സമ്പത്തു ശരിയായി വിതരണം ചെയ്യണം ഇവയൊക്കെയാണവ. വമ്പിച്ച ഉല്പാദകനിർമ്മാണശാലകൾ നമുക്കുണ്ടാകും. അതു ജനങ്ങൾക്കു വേണ്ടിയായിരിക്കും; ഒരു സ്വകാര്യവ്യക്തിക്കു വേണ്ടിയായിരിക്കുകയില്ല. നാം എങ്ങോട്ടു പോകുന്നുവെന്നതിനെപ്പററി കോൺഗ്രസ് മാനിഫെസ്റ്റോയിൽ ധാരാളം പറഞ്ഞിട്ടുണ്ടു്. കൂടുതൽ വിവരങ്ങൾ രണ്ടാം പഞ്ചവത്സരപദ്ധതിയിലുണ്ടു്. പടിപടിയായി നാം മുന്നോട്ടു പോകും; ഏതെങ്കിലും പടി തെററിപ്പോയെങ്കിൽ പുറകോട്ടു നാം പോരും; പരിചയത്തിൽനിന്നു നാം അറിവു സമ്പാദിക്കും. സോഷ്യലിസത്തിലേക്കുള്ള തത്തമ്മയുടെ രൂപത്തിലുള്ള ഒരു സമീപനമല്ല കോൺഗ്രസ്സിൻെറതു്. സോഷ്യലിസം നല്ലതാണ്. പക്ഷെ അതു ഓരോരാജ്യത്തെയും സാഹചര്യ്യത്തിനനുസൃതമായിരിക്കണം. രണ്ടു കമ്മ്യൂണിസ്റ്റധീന രാജ്യങ്ങളായ ഹംഗറിയിലും പോളണ്ടിലും എന്തു സംഭവിച്ചു എന്നു നമുക്കറിയാം. സോഷ്യലിസത്തിൽ വിശ്വസിക്കുന്ന പാർട്ടികൾ ആ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ സഹകരിക്കുകയാണ് വേണ്ടതു്. എന്നാൽ ഈ പാർട്ടികൾപറയുന്നതു്, തങ്ങൾക്കു അധികാരം കിട്ടിയാൽ തങ്ങൾ ഉള്ളതു് ആദ്യം നശിപ്പിച്ചിട്ടു് പിന്നീടു പുതുതായി പണി തുടങ്ങാമെന്നാണ്. ഇതു ശരിയായ നടപടിയല്ല.

## നമ്മുടെ കർത്തവ്യം

പാണ്ഡിത്യത്തിലും ഉത്തരവാദിത്വബോധത്തിലും മുൻപന്തിയിൽ നില്ക്കുന്ന നേതാക്കന്മാരുടെ അഭിപ്രായങ്ങളെ ഈ അവസരത്തിൽ പ്രത്യേകം എടുത്തു ചേക്കുന്നതിൻെറ ഉദ്ദേശ്യം വിശദമാണല്ലോ. രാജ്യവ്യാപകവും വിദൂരഫലദായകവുമായ സംരംഭങ്ങളിൽ ഹ്രസ്വവീക്ഷണംമൂലമോ അജ്ഞതമൂലമോ തെററുപററാതിരിക്കുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതു് ഗുരുതരമായ നമ്മുടെ കത്തവ്യമാണ്. അതുപോലുള്ള ഒരു പ്രതിസന്ധിഘട്ടമാണ് പൊതുതിരിഞ്ഞെടുപ്പവസരം. രാഷ്ട്രീയവും സാമൂഹികവുമായ വൈഷമ്യപ്രശ്നങ്ങളിൽ വേണ്ടത്ര പ്രാവീണ്യം ഇനിയും കൈവന്നിട്ടില്ലാത്തവരായ നാം നമ്മുടെ അവിതക്കിതനേതാക്കന്മാരുടെ അഭിപ്രായഗതികളെ പരിശോധിച്ചു കഴിവതും അതോടു ഒത്തിണങ്ങി പോകുവാൻ തയ്യാറാവുക എന്നതായിരിക്കും ബുദ്ധിപൂർവ്വകം. ജനകീയസമ്പ്രദായത്തിൽ ശക്തിയേറിയ വോട്ട് ഓരോ വ്യക്തിയുടേയും കൈയിലുള്ള ആയുധമാണ്. രാജ്യനന്മക്കും ജനതയുടെ സുരക്ഷിതത്വത്തിനും സാമൂഹികപുരോഗതിക്കും അനുഗുണമായവിധത്തിൽ ബുദ്ധിപൂർവ്വകമായി അതു പ്രയോഗിക്കുന്നതിനു ഓരോപൗരനും തയ്യാറാകുന്നതിനനുസരിച്ചായിരിക്കും ജനാധിപത്യം വിജയിക്കുക. അതുകൊണ്ടു വിനാശകശക്തികളുടെ മിരട്ടുവിദ്യകൾക്കു വഴിപ്പെട്ടുപോകാതെ, തമ്മിൽതമ്മിലുള്ള കക്ഷിമത്സരത്തിൻെറ ആവേശത്തിൽ കുളം കലക്കി പരുന്തിനു കൊടുക്കാതെ തികഞ്ഞ രാഷ്ട്രീയ ബോധത്തോടും ഉത്തരവാദിത്വമനസ്ഥിതിയോടുംകൂടി ഓരോ വോട്ടറന്മാരും ഭാരതത്തിൻെറ ഭാവിഐശ്വര്യത്തെ ലക്ഷ്യംവെച്ചു പോളിങ്ങ്ബൂത്തുകളിലേക്കു നീങ്ങുക. വിലപ്പെട്ട നമ്മുടെ സാതന്ത്ര്യത്തിൻെറ —ഉത്തരവാദിത്വഭരണത്തിൻെറ —ജനാധിപത്യത്തിൻെറ വിജയം നമ്മുടെ ഓരോ വോട്ടുകളിലും നിലകൊള്ളുന്നു എന്നുള്ള ബോധ്യവും ആത്മാഭിമാനവും ഈ അവസരത്തിൽ നമ്മെ ഉത്തേജിപ്പിക്കട്ടെ.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

21 വ്യാ: വി. യോഹന്നാൻ ക്രിസോസ്തോം
22 വെ: വി. പത്രോസിൻെറ അന്ത്യോഖ്യാസിംഹാസനം
23 ശ: വി. പത്രോസ് ദമിയാനോസ്
24 ഞാ: 60-ാം ഞായർ
25 തി: വി. മത്തിയാ
26 ചൊ: നമ്മുടെ കത്താവിൻെറ കഷ്ടാനുഭവം
27 ബു: വി. ലെയാന്തർ

ഉണ്ണീശോയുടേയും പരിശുദ്ധ കന്യാസ്ത്രീ മറിയത്തിൻേറയും വിശുദ്ധ യൗസേപ്പുപിതാവിൻെറയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യ്യം സാധിച്ചതിനു് ഉപകാരസ്മരണ. വൈകിയതിൽ ക്ഷമാപണംചെയ്തുകൊള്ളുന്നു.

T. J. U., Ollur

(11-ാംപേജ് തുടർച്ച)

നു! ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല."

ഇടിവെട്ടേററാലെന്നവണ്ണം അബ്രാഹം സ്തബ്ധനായിരുന്നുപോയി. ഒരവിശ്വാസിയെ തൻെറ കൂടാരത്തിൽ സ്വീകരിക്കുകയോ? അദ്ദേഹത്തിനതു ചിന്തിക്കാൻ പോലും സാദ്ധ്യമല്ല. "ഒരവിശ്വാസി എൻെറ കൂടാരത്തിൽ അപ്പം ഭക്ഷിക്കുകയില്ല. നിങ്ങൾക്കു പോകാം. നിങ്ങളെ എൻെറ കൂടാരത്തിൽ കൈക്കൊണ്ടതിനു് സർവ്വശക്തൻ എന്നോടു ക്ഷമിക്കട്ടെ" അബ്രാഹം കോപത്തോടെ പറഞ്ഞു.

കൈയിൽക്കിട്ടിയ ഇറച്ചിക്കഷണം അപഹരിക്കപ്പെട്ട നായയെപ്പോലെ മുറുമുറുത്തുകൊണ്ട് അവിശ്വാസി എഴുന്നേററു. അയാളുടെ കണ്ണുകളിൽ വെറുപ്പും നിസ്സഹായതയും നിഴലിച്ചു.

കൂടാരത്തിനു വെളിയിൽ വൃക്ഷങ്ങൾ മറിഞ്ഞുവീഴുന്ന ശബ്ദം കേൾക്കാമായിരുന്നു. കൊടുങ്കാററിൻെറ ചീററൽ! വാതിക്കൽ ചെന്നിട്ട് അയാൾ തിരിഞ്ഞുനോക്കി; "എന്നെ ഉപേക്ഷിക്കല്ലേ" എന്ന ഭാവത്തോടെ.

ശാസനാസ്വരത്തിൽ അബ്രാഹം പറഞ്ഞു: "നിങ്ങൾക്കു പോകാം. കാരുണ്യവാനായ ദൈവം നിങ്ങളോടു ക്ഷമിക്കട്ടെ."


കൂടാരത്തിൻെറ വാതിൽ ബന്ധിച്ചിട്ട് അബ്രാഹം ഉറക്കറയിൽ കടന്നു. എന്തുകൊണ്ടോ അദ്ദേഹത്തിനു ഉറങ്ങാൻകഴിഞ്ഞില്ല. നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങി.

പെട്ടെന്നു കൊടുങ്കാററു നിലച്ചു. അലൗകികമായ ഒരു സംഗീതധാരയിൽ പ്രപഞ്ചമാകെ വീർപ്പുമുട്ടിനില്ക്കുന്നുവെന്നു തോന്നി കൂടാരം ദിവ്യമായ പ്രകാശംകൊണ്ടു നിറഞ്ഞു. അതിൻെറ നടുവിൽ ......ആരാണ്?

അബ്രാഹം ചാടിയെണീററു. നിലത്തു കമിഴ്ന്നുവീണുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചു: "രാജാക്കന്മാരുടെ രാജാവേ, ഇതാ അവിടുത്തെ ദാസൻ!"

"എഴുന്നേൽക്കൂ!" ആ തേജപുഞ്ജം കല്പിച്ചു.

"പിതാവേ, അയോഗ്യനായ ഈ ദാസനെ അനുഗ്രഹിക്കണമേ."




"അബ്രാഹമേ! എഴുന്നേൽക്കൂ."

അബ്രാഹം എണീററു.

"അബ്രാഹം, നിൻെറ സഹോദരൻ എവിടെ?"

"പ്രഭോ, അവൻ അവൻെറ കൂടാരത്തിൽ സുഖമായിരിക്കുന്നുവെന്നു് നീ അറിയുന്നില്ലേ?"

"ലോത്തിൻെറ കാര്യ്യമല്ല ഞാൻ ചോദിച്ചതു്. കൊടുങ്കാററിലകപ്പെട്ടു് അശരണനായി നിൻെറ കൂടാരത്തിൽ അഭയംതേടിയ നിൻെറ സഹോദരനെപ്പററിയാണ്. അവൻ എവിടെപ്പോയി?"

വിറയലോടെ അബ്രാഹം പറഞ്ഞു: "പിതാവേ, അയാൾ അങ്ങയെ ദൂഷിച്ചുപറയുന്നു. അയാൾ അവിശ്വാസിയാണ്."

"അതുകൊണ്ടു് നീ അവനെ ആട്ടിപ്പുറത്താക്കി, അല്ലേ?"

അബ്രാഹം മിണ്ടിയില്ല. നിലത്തു മുഷ്ടികളുറപ്പിച്ചുകൊണ്ടു് നീലുകമാത്രം ചെയ്തു.

"അബ്രാഹം! അബ്രാഹം!!"

"പ്രഭോ!"

"അവിശ്വാസിയായ അവനെ ഇത്രയുംനാൾ എൻെറ കരങ്ങളിൽ ഞാൻ സംവഹിച്ചു. എന്നാൽ ഒരു രാത്രിയിലേക്കു് നിൻെറ കൂടാരത്തിൽ അവനെ കൈക്കൊള്ളുവാൻ നിനക്കു കഴിഞ്ഞില്ല, ഇല്ലേ?"

അബ്രാഹം ഞെട്ടി. പശ്ചാത്താപത്താൽ ഹൃദയം നിറഞ്ഞു. "പ്രഭോ, അങ്ങേ ദാസനിൽ കരുണയുണ്ടാകണമേ!" ദയാപാരവശ്യത്തോടെ അദ്ദേഹം നിലത്തുവീണു.

[ഡബ്ളിയു. ബ്രൂസ് എഴുതിയ "Stranger" എന്ന കവിതയുടെ ആശയം]

## മോൺ. മേച്ചേരിക്കുന്നേൽ
## നിര്യാതനായി



പാലാരൂപതയുടെ പ്രഥമവികാരിജനറാൾ റൈററ് റവ. മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ അവർകൾ ഫെബ്രുവരി 12-ാംനു 11-30 നു മരണംപ്രാപിച്ചു. മരണസമയത്തു പാലാമെത്രാൻ തിരുമേനിയും പല ബ: വൈദികരും ബന്ധുമിത്രാദികളും സന്നിഹിതരായിരുന്നു കുറേക്കാലമായി അദ്ദേഹം രോഗബാധിതനായി കഴിഞ്ഞുകൂടുകയായിരുന്നു ഒരാഴ്ചമുമ്പാണ് എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും രോഗശയ്യയിൽ അദ്ദേഹത്തെ സന്ദർശിച്ചനുഗ്രഹിച്ചതു്. മരണത്തിൻെറ തലേദിവസം ചങ്ങനാശ്ശേരി തിരുവനന്തപുരം മെത്രാപ്പോലീത്താമാരും തലശ്ശേരി, തിരുവല്ല, വിജയപുരം മെത്രാന്മാരും രോഗിയെ സന്ദർശിച്ചു. 11-ാം തീയതി രാവിലെ മുതലാണ് രോഗം വർദ്ധിക്കുവാൻ തുടങ്ങി ഈ അത്യാഹിതത്തിൽ കലാശിച്ചതു്.

പരേതൻ കുറവിലങ്ങാട്ടെ പ്രശസ്തമായ മേച്ചേരിക്കുന്നേൽ കുടുംബത്തിൽ 1890-ാമാണ്ടു് സെപ്റ്റംബർ 14-ാംനു ജനിച്ചു മാന്നാനത്തെ ഹൈസ്കൂൾ വിദ്യാഭ്യാസംകഴിഞ്ഞു് ചങ്ങനാശ്ശേരി പെററിററ് സെമ്മിനാരിയിലും പുത്തമ്പള്ളിയിലെ അപ്പസ്തോലിക്ക് സെമ്മിനാരിയിലും വൈദികപഠനം നിർവ്വഹിച്ചു. 1919-ൽ വൈദികപട്ടം സ്വീകരിച്ചു. അനന്തരം നെടുംകുന്നം, കൈനകരി, കൊഴുവനാൽ, കല്പാറ്റ് എന്നീ ഇടവകകളിൽ അദ്ദേഹം സുദീർഘവും പ്രശസ്തവുമായ സേവനം നിർവ്വഹിച്ചു. അവസാനത്തെ 14 കൊല്ലത്തെ അദ്ദേഹത്തിൻെറ സേവനം പാലായിലായിരുന്നു. പാലാ വലിയപള്ളിയുടെ വികാരിയും പാലാകോളേജിൻെറ പ്രാരംഭപ്രവത്തകരിലൊരാളുമായി അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള വിശിഷ്ടസേവനം അവിസ്മരണീയമാണ്. 1951 ൽ അദ്ദേഹം പാലാരൂപതയുടെ പ്രഥമവികാരിജനറാളായി നിയമിക്കപ്പെട്ടു. പരിശുദ്ധ സിംഹാസനം അദ്ദേഹത്തിനു ഡൊമസ്റ്റിക്ക് പ്രിലേററ് എന്ന സ്ഥാനം കല്പിച്ചുനൽകി. അചഞ്ചലമായ ദൈവഭക്തി, അന്യൂനമായ ഭരണപാടവം, മധുരമനോഹരമായ ശാന്തശീലം, ഏവരോടുമുള്ള സമഭാവന ആദിയായ വിശിഷ്ടഗുണങ്ങൾ ആദ്യന്തം അദ്ദേഹത്തിൽ പ്രശോഭിച്ചിരുന്നു. അവ അദ്ദേഹത്തെ അനന്യസാധാരണമായ ജീവിതവിജയത്തിൽ ഉന്നമിപ്പിച്ചു. അദ്ദേഹത്തിൻെറ പാവനാത്മാവു നിത്യസൗഭാഗ്യത്തിൽ ആനന്ദിക്കുമാറാകട്ടെ എന്നു നമുക്കു പ്രാത്ഥിക്കാം.

13-ാം തീയതി ഉച്ചകഴിഞ്ഞു് 2-30 നാണ് ശവസംസ്കാരകമ്മത്തിൻെറ അന്തിമശുശ്രൂഷകൾ സമാരംഭിച്ചതു്. ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനിയുടെ പ്രധാനകാമ്മികത്വത്തിൽ പാലാ തലശ്ശേരി, വിജയപുരം, കോതമംഗലം എന്നീ രൂപതകളിലെ അഭിവന്ദ്യ തിരുമേനിമാരുടേയും, എറണാകുളം, തിരുവനന്തപുരം, കോട്ടയം തിരുമേനിമാരുടെ പ്രതിനിധികളുടേയും, മോൺസിഞ്ഞോരന്മാർ ഉൾപ്പെടെ 200 ൽപ്പരം വന്ദ്യവൈദികരുടേയും സഹകരണത്തിലും നിരവധി കന്യാസ്ത്രീകളുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും കമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെടുകയും മൃതദേഹം കത്തീഡ്രൽ ദേവാലയത്തിൽ തയ്യാറാക്കിയിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെടുകയുംചെയ്തു. കാലത്തു് പാലാമെത്രാൻ തിരുമേനിയും തലശ്ശേരിമെത്രാൻ തിരുമേനിയും പരേതനു വേണ്ടി പൊന്തിഫിക്കൽറാസകൾ അപ്പിച്ചു. തദനന്തരം വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ അവർകൾ ചരമപ്രഭാഷണംനടത്തി. തുടന്നു നടത്തപ്പെട്ട നഗരികാണിക്കൽ, റീത്തുസമപ്പണങ്ങൾ മുതലായ ചടങ്ങുകൾ രാജകീയമായ ആഡംബരസമന്വിതമായിരുന്നു. അന്തിമകമ്മങ്ങൾക്കിടയിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനി പരേതൻെറ അപദാനങ്ങളെ പ്രകീത്തിച്ചു ഒരു പ്രസംഗം ചെയ്യുകയുമുണ്ടായി.

R. I. P.

## കൃതജ്ഞത

നിത്യസഹായ മാതാവിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യ്യം സാധിച്ചതിനു് കൃതജ്ഞത.

K. C. R., Trippunithura

## അവശക്രിസ്ത്യാനികൾ എല്ലാ ആനുകൂല്യങ്ങൾക്കും അർഹർ

കേന്ദ്ര ആഭ്യന്തര വകുപ്പിലെ മന്ത്രി മി. ബി. എൻ. ദത്താർ ഒരു പത്രസമ്മേളനത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:-

ഹൈന്ദവ പിന്നോക്ക വിഭാഗക്കാക്കു നൽകുന്ന എല്ലാ സൗജന്യാനുകൂല്യങ്ങളും—വിദ്യാഭ്യാസസൗജന്യങ്ങളും ഗവമ്മെൻറ് സർവീസിൽ ഉദ്യോഗസംവരണവും ഉൾപ്പെടെയുള്ള എല്ലാ സൗജന്യാനുകൂല്യങ്ങളും—പ്രസ്തുത വിഭാഗങ്ങളിൽനിന്നു ക്രിസ്തുമതത്തിലേക്കു പരിവത്തനം ചെയ്തിട്ടുള്ളവക്കു ഇന്ത്യാഗവമ്മെൻറ് നൽകുന്നതാണെന്നു് കേന്ദ്രഗവമ്മെൻറിൻെറ പേക്കു മി. ദത്താർ പ്രഖ്യാപിച്ചു. എന്നാൽ പാർലമെൻറിലും സംസ്ഥാനനിയമസഭയിലും അവക്കു സീററു സംവരണം ഉണ്ടായിരിക്കുന്നതല്ല. മതേതരരാഷ്ട്രമായ ഇന്ത്യയിൽ വർഗ്ഗത്തിൻെറയും മതത്തിൻെറയും വ്യത്യാസത്തെ ആധാരമാക്കി സൗജന്യങ്ങൾ നൽകാതിരിക്കുന്നതു് ആക്ഷേപാർഹമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതു സംബന്ധിച്ചു ഉത്തരവ് കഴിയുന്നതുവേഗം പ്രസിദ്ധപ്പെടുത്തുമെന്നു് പ്രതീക്ഷിക്കാമെന്നും അദ്ദേഹം പറഞ്ഞു.

# വിവിധവൃത്താന്തങ്ങൾ

## മൃഗങ്ങളെ ആശീർവ്വദിക്കൽ

വിശുദ്ധ അന്തോനീസിന്റെ തിരുനാൾദിനം റോമയിലെ ജനങ്ങൾ അവരുടെ വളർത്തുമൃഗങ്ങളെ സെന്റ് യുസേബിയോ ദൈവാലയത്തിന്റെ അങ്കണത്തിൽ കൊണ്ടുവന്ന് ആശീർവ്വദിപ്പിക്കുകയെന്നൊരു പതിവുണ്ട്. ഇത് എന്നു ആരംഭിച്ചുവെന്ന് അറിയുക സാദ്ധ്യമല്ലാത്തവണ്ണം അത്ര പ്രാചീനമായിരിക്കുന്നു. ഇതേപ്പറ്റി ഒരു കഥയുള്ളത് വിശുദ്ധ അന്തോനീസ് ഒരിക്കൽ പ്രസംഗിച്ചുകൊണ്ടിരിക്കുകയിൽ, ശ്രോതാക്കളൊക്കെ പ്രസംഗസ്ഥലം വിട്ടുപോയെന്നും, ഒടുവിൽ ഒരു പന്നിയും മററു ചില മൃഗങ്ങളുംമാത്രം ശേഷിച്ചുവെന്നുമാണ്. അതേത്തുടർന്നാണ് വിശുദ്ധൻ മൃഗങ്ങളുടെ സംരക്ഷകനായി പരിഗണിക്കപ്പെട്ടുപോരുന്നത്. മൃഗങ്ങളുടെ ഈ ആശീർവ്വാദിക്കൽചടങ്ങിലേക്ക് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് തന്റെ കഴുതയേയും അയക്കാറുണ്ട്.

## പാക്സ് റൊമാനാ

പാക്സ് റൊമാനാ എന്ന കത്തോലിക്കാ വിദ്യാർത്ഥികളുടെ അന്താരാഷ്ട്രീയസംഘടനയുടെ 10-ാം വാർഷികം പ്രമാണിച്ച്, അടുത്ത ഈസ്റ്റർവാരക്കാലത്ത് റോമയിൽവച്ച് ഒരു പൊതുസമ്മേളനം നടത്തപ്പെടുന്നതാണ്. ഉയിർപ്പുതിരുനാളിനെത്തുടർന്നുള്ള ചൊവ്വാഴ്ചവൈകുന്നേരം സെന്റ് പീറ്റേഴ്സ് ബസ്ലിക്കായിൽ നടത്തപ്പെടുന്ന ദിവ്യപൂജയോടെ സമ്മേളനം ആരംഭിക്കും. ഏപ്രിൽ 28-ാംനു സെന്റ് മേരിമേജർ ബസ്ലിക്കായിൽ നടത്തപ്പെടുന്ന ചടങ്ങുകളോടെ സമ്മേളനം അവസാനിക്കും. സമ്മേളനത്തിൽ സംബന്ധിക്കുന്ന പ്രതിനിധികളെ പരിശുദ്ധ പിതാവു തിരുമേനി സ്വീകരിക്കുന്നതാണ്.

## ജോൺബോസ്കോയുടെ സുഹൃത്ത്

സലേഷ്യൻ സഭാസ്ഥാപകനായ വിശുദ്ധ ജോൺബോസ്കോയുടെ ആത്മാർത്ഥസുഹൃത്തായിരുന്ന ഫാദർ യൂജിൻ സേറിയാ 86-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ഫാദർ സേറിയാ ബാലനായിരിക്കുമ്പോൾതന്നെ വിശുദ്ധനുമായി പരിചയപ്പെട്ടതാണ്. 70 വർഷത്തോളം അദ്ദേഹം സലേഷ്യൻസഭയുടെ ഒരു അംഗമായിരുന്നു. വിശുദ്ധ ജോൺബോസ്കോയുടെ ജീവചരിത്രത്തിന്റെ 19 വാല്യങ്ങളിൽ 9-ം ഇദ്ദേഹമാണ് എഴുതിയത്. ഇതിനു പുറമെ സലേഷ്യൻനാളാഗമത്തിന്റെ നാലു വാല്യങ്ങളും രചിച്ചിട്ടുണ്ട്.

## ആഗോളപര്യടനത്തിന്

ലോകത്തിലെങ്ങുമുള്ള സലേഷ്യൻഭവനങ്ങൾ സന്ദർശിക്കുന്നതിനായി സലേഷ്യൻ സുപ്പീരിയർ ജനറൽ വെരി റവ. ഫാദർ റെനാത്തോ സിഗ്ഗിയോട്ടി 8 മാസം ദീർഘിക്കുന്ന ഒരു ആഗോളപര്യടനത്തിനു പുറപ്പെട്ടിരിക്കുന്നു. തെക്കേഅമേരിക്കയിലെ മിഷൻപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ സലേഷ്യൻകാർക്ക് ഒരു പുതിയ പദ്ധതിയുണ്ട്. തന്മൂലം അദ്ദേഹത്തിന്റെ ശ്രദ്ധ കൂടുതലായി അവിടെ പതിയുന്നതാണ്. കഴിഞ്ഞ 80 കൊല്ലമായി സലേഷ്യൻകാർ തെക്കേഅമേരിക്കയിൽ മിഷനറിപ്രവർത്തനത്തിലേർപ്പെട്ടിരിക്കുകയാണ്. അവർക്ക് അവിടെ 700 സന്യാസഭവനങ്ങളും 6000ത്തിലധികം അംഗങ്ങളുമുണ്ട്.

## 17-ാമത്തെ നീഗ്രോമെത്രാൻ

ഫ്രഞ്ചുപശ്ചിമ ആഫ്രിക്കയിലെ ഒരു നീഗ്രോവൈദികനായ മോൺ: ബെർണ്ണാഡിൻ ഗാൻറിൻ ഫെബ്രുവരി 8-ാംനു റോമയിൽവെച്ചു മെത്രാനായി അഭിഷിക്തനായിരിക്കുന്നു. കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയാണ് അഭിഷേകകർമ്മം നിർവ്വഹിച്ചത്. കത്തോലിക്കാസഭയിലെ ഏററവും പ്രായംകുറഞ്ഞ മെത്രാന്മാരിൽ ഒരാളാണ് മോൺ: ഗാൻറിൻ. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഭരണഘട്ടത്തിൽ ആഫ്രിക്കയിൽ വൈദികമേലദ്ധ്യക്ഷസ്ഥാനത്തേക്ക് ഉയർത്തപ്പെട്ട 17-ാമത്തെ നീഗ്രോമെത്രാനാണിദ്ദേഹം.

## വത്തിക്കാൻ നാണ്യശേഖരം

വത്തിക്കാനിലെ പ്രാചീനനാണ്യങ്ങളുടെയും മെഡലുകളുടെയും ശേഖരമാണ്, ലോകത്തിൽ അത്തരം ശേഖരങ്ങളിൽ ഏററവും മികച്ചത്. കഴിഞ്ഞ കൊല്ലം തന്നെ 1084 നാണ്യങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. ഇവയിലൊന്ന് അഞ്ചാം നിക്കൊളാസ് മാർപ്പാപ്പായുടെ കാലത്ത് അടിച്ചിട്ടുള്ള രണ്ടു സ്വർണ്ണനാണയങ്ങളിൽ ഒന്നത്രേ. 9-ാം പീയൂസ്, 2-ാം ജൂലിയസ്, 8-ാം ഉർബൻ എന്നീ മാർപ്പാപ്പാമാരുടെ കാലത്ത് അടിച്ചിട്ടുള്ള നാണയങ്ങളും ഇതിൽ ഉൾപ്പെടുന്നു. കഴിഞ്ഞകൊല്ലം ശേഖരിച്ചവയിൽ 600 എണ്ണം ബി. സി. 100-ലെ റോമൻ റിപ്പബ്ലിക്ക് വകയായ വെള്ളിനാണയങ്ങളാകുന്നു. വത്തിക്കാനിൽ പ്രാചീനനാണയങ്ങൾ ശേഖരിക്കാൻ തുടങ്ങിയിട്ട് 150 കൊല്ലങ്ങളേ ആയിട്ടുള്ളു. ആദ്യത്തെ നാണ്യശേഖരം 18-ാം നൂററാണ്ടിലെ ഫ്രഞ്ച് ആക്രമണകാലത്തു നശിപ്പിക്കപ്പെട്ടതിനാൽ പിന്നെ തുടങ്ങിയതാണിപ്പോഴത്തേത്. 120,000 നാണ്യങ്ങളും ഈ ശേഖരത്തിലുണ്ട്. 12-ാം പീയൂസ് മാർപ്പാപ്പായുടെ 80-ാം ജന്മദിനം പ്രമാണിച്ച്, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും തിരുമനസ്സിലേക്കു പ്രാചീനനാണ്യങ്ങളും മെഡലുകളും സമ്മാനമായി കിട്ടുകയുണ്ടായി.

## മൊണോക്കോരാജകുമാരി

മൊണോക്കോയിലെ ഭരണാധികാരിയായ റെയ്നീയർ രാജകുമാരന്റെ സീമന്തപുത്രി ഈയിടെ ജാതയായപ്പോൾ പരിശുദ്ധപിതാവു ശിശുവിനും മാതാപിതാക്കൾക്കും ഒരു അനുമോദനസന്ദേശം അയച്ചുകൊടുക്കുകയുണ്ടായി. നവജാതയായ ഈ രാജകുമാരി "സഭയുടെ പ്രത്യാശകളിൽ ഒന്നാ"യിത്തീരട്ടെയെന്ന് തിരുമേനി ആ സന്ദേശത്തിൽ ആശംസിച്ചിരിക്കുന്നു. സ്പെയിനിൽ വാലൻസിയാ എന്ന സ്ഥലത്തെ ഇടവകപ്പള്ളിയിൽനിന്നും കൊണ്ടുവന്ന ജലം ഉപയോഗിച്ചാണു രാജകുമാരിയെ ജ്ഞാനസ്നാനപ്പെടുത്തിയത്. വി. വിൻസെന്റ് ഫെറർ മാമ്മോദീസാ സ്വീകരിച്ചത് ആ പള്ളിയിൽവെച്ചാണ്. മോണ്ടി കാർലോയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാറത്സ് ബൊറോമിയോയെ അനുസ്മരിച്ച കരോളിൻ ലൂയിസെ മർഗ്ഗരീത്താ എന്ന നാമമാണു ശിശുവിനു നൽകിയിരിക്കുന്നത്. റെയ്നീർ രാജാവിന്റെ പട്ടമഹിഷി ഫിലാഡൽഫിയായിലെ ഒരു സുപ്രസിദ്ധ സിനിമാതാരമായ ഗ്രേസ് കെല്ലി എന്ന മഹതിയാണ്. ഫ്രാൻസിനുള്ളിലെ ഒരു സ്വതന്ത്രരാജ്യമായ മൊണോക്കോ, അനന്തരാവകാശികളില്ലാതാകുമ്പോൾ ഫ്രാൻസിൽ ലയിക്കണമെന്നാണു വ്യവസ്ഥ. തന്മൂലം രാജകുമാരിയുടെ ജനനത്തിൽ മൊണോക്കോ നിവാസികൾ അത്യാഹ്ലാദഭരിതരാകുന്നു.

## കുഷ്ഠരോഗികളുടെ ദിനം

സമുദായഭ്രഷ്ടരായി, രോഗഗ്രസ്തരായി കഴിയുന്ന ലോകത്തിലെ ഒരുകോടി കുഷ്ഠരോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും ധനസഹായം ഇരക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കുഷ്ഠരോഗികൾക്കായുള്ള സാർവ്വരാജ്യദിനം ഇക്കൊല്ലവും കൊണ്ടാടിയിരിക്കുന്നു. പാരീസിലെ കൗണ്ടറയോൾ ഫോളറോ ആണ് ഇതിന്റെ ഉപജ്ഞാതാവ്. ഓർഡർ ഓഫ് ചാരിററി എന്ന അൽമായസംഘടനയുടെ സ്ഥാപകനായ കൗണ്ടു ഫോളറോ കഴിഞ്ഞ 20 വർഷങ്ങളായി കുഷ്ഠരോഗികളെ സഹായിക്കുന്ന സേവനത്തിലേർപ്പെട്ടിരിക്കുകയാണ്. ഇതിനകം 5 ലക്ഷം നാഴിക അദ്ദേഹം സഞ്ചരിക്കുകയും, 70 ലക്ഷം ക. യോളം കുഷ്ഠരോഗാസ്പത്രികൾക്കും റിസർച്ച് ഇൻസ്റ്റിററ്യൂട്ടുകൾക്കും സംഭാവനനൽകുകയും ചെയ്തിരിക്കുന്നു. കുഷ്ഠരോഗസങ്കേതങ്ങൾക്കു അടുത്തു താമസിക്കുന്ന ജനങ്ങൾ അവരെ സന്ദർശിക്കുകയും ആശ്വസിപ്പിക്കുകയും അവർക്കു സമ്മാനങ്ങൾ നൽകുകയും ചെയ്യണമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്. കുഷ്ഠരോഗികൾക്കുവേണ്ടി ഫണ്ടുശേഖരിക്കുകയും ശുശ്രൂഷ ഭവനമനുഷ്ഠിക്കുകയും ചെയ്യുന്ന ഒരു അന്താരാഷ്ട്രീയകൺവൻഷൻ വിളിച്ചുകൂട്ടണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഒരു ലക്ഷ്യം.


## ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലുമുള്ള ഗ്രൂപ്പ്ഫോട്ടോകൾക്ക് ഞങ്ങളെ സമീപിക്കുക.

## ലോയൽ സ്ററുഡിയോ

H. O. തൊടുപുഴ, Br. മൂവാററുപുഴ.


## വിദേശവാർത്തകൾ

അയർലൻഡിലെ ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങളുടെ ഉദ്ധാരണാർത്ഥം വളരെയധികം സേവനങ്ങളനുഷ്ഠിച്ചിട്ടുള്ള കാനൺ ജോൺ ഹേയ്സ് 68-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—ഓക്സ്ഫോർഡിലെ റൊമാനസ് പ്രസംഗം നടത്തുന്നതിന് ഇക്കൊല്ലം മോൺ: റൊനാൾഡ് നോക്സിനെയാണു ക്ഷണിച്ചിരിക്കുന്നത്. 1891-ൽ ആരംഭിച്ച ഈ പ്രസംഗപ്രസ്ഥാനത്തിൽ പ്രസംഗിക്കുന്നതിന് ഒരു കത്തോലിക്കാവൈദികൻ ക്ഷണിക്കപ്പെടുന്നത് ഇതാദ്യമായിട്ടാകുന്നു.

—32 രാജ്യങ്ങളിൽപ്പെട്ട 300 പണ്ഡിതന്മാർ വത്തിക്കാൻ പ്രാചീനരേഖാശേഖരം ഉപയോഗിക്കുന്നതിനു കഴിഞ്ഞകൊല്ലം അനുവാദം ആവശ്യപ്പെടുകയുണ്ടായി. 8851 ഗ്രന്ഥങ്ങളും 880 കൈയെഴുത്തുകൃതികളും 870 പാർച്ചുമെന്റുകളും അവർ പരിശോധിക്കുകയും 60,425 ഫോട്ടോ എടുക്കുകയുമുണ്ടായി.

—ഹോളണ്ടിന്റെ തലസ്ഥാനമായ ഹേഗിലെ മേയറായി മി. ഹെൻറി കോൾഫ്ചോട്ടൻ എന്ന കത്തോലിക്കൻ നിയമിതനായിരിക്കുന്നു. 16-ാം നൂററാണ്ടിലെ മതനവീകരണത്തിനുശേഷം ഒരു കത്തോലിക്കനെ മേയറായി നിയമിക്കുന്നത് ഇതാദ്യമായിട്ടാണ്.

—സ്പെയിനിൽ കൊർഡോബാ എന്ന സ്ഥലത്തു തൊഴിലാളികൾക്കുവേണ്ടി ഒരു സർവ്വകലാശാല സ്ഥാപിതമായിരിക്കുന്നു. 4000 വിദ്യാർത്ഥികൾക്കു പഠനസൗകര്യമുണ്ടവിടെ.

## ഇൻഡ്യാ വാർത്തകൾ

ഇന്ത്യയിലെ കസ്റ്റംസ് ഹൗസ് നടപടികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതു സംബന്ധിച്ച് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനായി ഇന്ത്യാഗവർമ്മെന്റ് ശ്രീ എഫ്. സി. ബദ്ധ്വാറിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു.

—കയററുമതി വികസനത്തിന്റെ എല്ലാ വശങ്ങളെപ്പററിയും പഠനം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ ഡോക്ടർ വി. എൽ. ഡിസൂസ അദ്ധ്യക്ഷനായി മറ്റൊരു കമ്മിററിയേയും നിയമിച്ചിട്ടുണ്ട്.

—കാശ്മീരിൽ പുറത്തുനിന്നുള്ള യാതൊരു ഇടപ്പെടലിനെയും ഇന്ത്യ അനുവദിക്കുന്നതല്ലെന്ന് ആഭ്യന്തരകാര്യമന്ത്രി ശ്രീ ഗോവിന്ദവല്ലഭപാന്ത് പ്രസ്താവിച്ചിരിക്കുന്നു.

—പൂർവപാക്കിസ്ഥാനിൽ നിന്നുള്ള അഭയാർത്ഥികളുടെ പുനരധിവാസത്തിനായി ആന്ധ്രാ, ഹൈദ്രബാദ്, മദ്ധ്യപ്രദേശ്, ഒറീസാ എന്നീസംസ്ഥാനങ്ങളിൽ 80000 ചതുരശ്രമൈൽ സ്ഥലം സർവേ ചെയ്യുവാൻ കേന്ദ്ര ഗവർമ്മെന്റു തീരുമാനിച്ചിരിക്കുന്നു.

—കേണൽ കെ. ടി. മാത്യുവിനെ ബ്രിഗേഡിയർ പദവിയോടുകൂടി വടക്കുകിഴക്കൻ അതിർത്തിപ്രദേശത്തെ ജഡ്ജ് അഡ്വക്കേററ് ജനറൽ ആയി നിയമിച്ചിരിക്കുന്നു.

—ഇന്ത്യയിലെ 11 സർവ്വകലാശാലകൾ അടുത്ത വിദ്യാഭ്യാസവർഷംമുതൽ സാമാന്യവിദ്യാഭ്യാസം നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു.

—ഹെർക്കുലീസ് എന്ന 15700 ടൺ കേവു ഭാരമുള്ള ഒരു വിമാനവാഹിനിക്കപ്പൽ ബ്രിട്ടനിൽനിന്നു വാങ്ങുവാൻ ഇന്ത്യ തീരുമാനിച്ചിരിക്കുന്നു.

## കേരളവാർത്തകൾ

തൃശ്ശൂർ വിദ്യാർത്ഥി കോർണറിൽ ചേർന്ന ഒരു പൗരമഹായോഗം തിരുവനന്തപുരത്തെ ഹൈക്കോടതി ബെഞ്ചുപ്രക്ഷോഭണത്തെ ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു.

—ആലുവായിലേക്ക് അനുവദിച്ചിരിക്കുന്ന പുതിയ റവന്യൂ ഡിവിഷനൽ ഓഫീസ് മാർച്ച് 1-ാം തീയതി മുതൽ പ്രവർത്തനമാരംഭിക്കുന്നതാണ്.

—എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ്ദിനം ഫാദർ ജറോം ഡിസൂസായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു.

—കേരളത്തിലേക്കുള്ള ഐ. പി. എസ് കാരുടെ സംഖ്യ 30 ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

—കേരള പാർലമെന്ററി കൺസൾട്ടേററീവ് കമ്മിററിയുടെ ഒരു യോഗം തിരുവനന്തപുരത്തുവെച്ചു മന്ത്രി മി. ദത്താറുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—സംസ്ഥാനത്തെ സഹകരണവകുപ്പു പുനസ്സംഘടിപ്പിച്ച് ഗവർമ്മെന്റുത്തരവായിരിക്കുന്നു.

—പ്രധാനമന്ത്രി ഫെബ്രുവരി 24-ാം തീയതി കേരളത്തിലെത്തും. 24-ാം തീയതി കോട്ടയം, എറണാകുളം, കൊടകര, തൃശൂർ എന്നിവിടങ്ങളിലും, 25-ാം തീയതി കോഴിക്കോട്ട്, തലശ്ശേരി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലും പ്രസംഗിക്കുന്നതാണ്.



(1-ാം പേജ് തുടച്ച്)

തിനാൽ പുനരൈക്യമെന്നത് ഇപ്പോൾ ഒരു സാധാരണസംഭവമായിത്തീർന്നിരിക്കുകയാണെന്നു പറയാം. ദിവ്യശ്രീ കോർഎപ്പിസ്ക്കോപ്പാ അവർകൾ യാക്കോബായസഭവിട്ട് കത്തോലിക്കാസഭയിൽ പ്രവേശിച്ചതുനിമിത്തം യാക്കോബായക്കാർ മുമ്പിലത്തെപ്പോലെയുള്ള ഒച്ചപ്പാടുകളൊന്നും കേൾപ്പിക്കുകയില്ലെന്നും ഈ മാനസാന്തരത്തെ അവർ അത്ര ഗൗരവമായി വിചാരിക്കുകയില്ലെന്നും അദ്ദേഹവും മററുള്ളവരും ന്യായമായി പ്രതീക്ഷിച്ചിരിക്കാം. എന്നാൽ അദ്ദേഹം കത്തോലിക്കാസഭയിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ യാക്കോബായക്കാരുടെ പ്രധാനകേന്ദ്രസ്ഥാനങ്ങളിൽനിന്നും ശകാരവർഷങ്ങളും അധിക്ഷേപങ്ങളും ലഘുലേഖകൾ മുഖേനയുള്ള ഭീഷണികളും മുമ്പിലത്തേതിനെക്കാൾ ഒട്ടും കുറവില്ലാത്തവിധത്തിലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് ദിവ്യശ്രീറവ. വി. സി. ഗീവർഗ്ഗീസ് കോർഎപ്പിസ്ക്കോപ്പാ അവർകൾ യാക്കോബായക്കാരുടെയിടയിൽ സമുന്നതസ്ഥാനം അർഹിച്ചിരുന്ന ഒരു പ്രമുഖനേതാവായിരുന്നുവെന്നത്രെ. ഈ അവസരത്തിൽ ഈ മതപരിവർത്തനത്തെപ്പററി ക്ഷോഭിക്കുകയോ ശകാരവർഷങ്ങൾ ചൊരിയുകയോ ചെയ്യുന്നതിനെക്കാൾ ബുദ്ധിപൂർവ്വകമായിട്ടുള്ളത് അദ്ദേഹം ഉന്നയിക്കുന്ന ന്യായങ്ങളെപ്പററി പരിചിന്തനം ചെയ്യുകയാണെന്നാണ് എനിക്കു യാക്കോബായസഹോദരങ്ങളോട് അഭ്യർത്ഥിക്കുവാനുള്ളത്.

യാക്കോബായ സഭ, സാർവ്വത്രികസഭയുടെ മുടക്കിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു സഭയാണെന്നും അതുകൊണ്ട് ആ സഭ ക്രിസ്തുവിന്റെ സത്യസഭയായിരിക്കാൻ പാടില്ലെന്നുമാണ് ദിവ്യശ്രീ കോർഎപ്പിസ്ക്കോപ്പാ അവർകളുടെ യുക്തിവാദം. യാക്കോബായസഭ മുടക്കിൽ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ള വാദത്തെ യുക്തിപൂർവ്വം ഖണ്ഡിക്കാൻ സാധിക്കാത്തപക്ഷം യാക്കോബായക്കാർ കോർ എപ്പിസ്ക്കോപ്പായ്ക്കെതിരായി "ശകാരവർഷങ്ങൾ" ചൊരിയുകയും ഭീഷണികൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? അദ്ദേഹം തിരിഞ്ഞെടുത്തിരിക്കുന്ന മാർഗ്ഗം ശരിയായിട്ടുള്ളതാണെങ്കിൽ യാക്കോബായ സഹോദരങ്ങൾ ഏവരും അദ്ദേഹത്തിന്റെ പേരിൽ അമർഷം പ്രദർശിപ്പിക്കാതെ അദ്ദേഹത്തെ അനുഗമിക്കുകയല്ലയോ ന്യായയുക്തമായിട്ടുള്ളത്?

നിഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ, എഫേസൂസ് എന്നീ പൊതുസൂനഹദോസുകളെ അംഗീകരിക്കുന്ന യാക്കോബായക്കാർ എന്തുകൊണ്ടാണ് കാൾച്ചെഡോനിയാ സൂനഹദോസിനെ നിഷേധിക്കുന്നത്? നിഖ്യാ, കോൺസ്റ്റാൻറിനോപ്പിൾ, എഫേസൂസ് ഈ പൊതുസൂനഹദോസുകൾക്കുള്ള പ്രാധാന്യം കാൾച്ചെഡോനിയാ സൂനഹദോസിനും ഉണ്ടെന്ന് യാക്കോബായക്കാർ ഒഴികെയുള്ള പൗരസ്ത്യസഭകളിൽ മഹാഭൂരിപക്ഷവും സമ്മതിച്ചുകൊണ്ടാണിരിക്കുന്നത്. യാക്കോബായക്കാരുടെകൂട്ടത്തിൽ ഒരു വിഭാഗമായ കാതോലിക്കാ കക്ഷി ഇപ്പോൾ റഷ്യൻ സഭയോടു യോജിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതായി കേൾക്കുന്നു. എന്നാൽ റഷ്യൻ സഭയുൾപ്പെടെയുള്ള ഗ്രീക്കുസഭകളെല്ലാം ആദ്യത്തെഎട്ടു പൊതുസൂനഹദോസുകളെഅംഗീകരിക്കുന്നുണ്ട്. ഈ എട്ടു സൂനഹദോസുകളുടെ കൂട്ടത്തിൽ കാൾച്ചെഡോനിയാ സൂനഹദോസ് നാലാമത്തെ പൊതുസൂനഹദോസ് ആണെന്നുള്ള കാര്യം സ്മരണീയമാണ്. ഗ്രീക്കുസഭകൾ മാത്രമല്ലാ പ്രൊട്ടസ്റ്റൻറു സഭകളുടെ ഗണത്തിൽ ഉൾപ്പെടുന്ന ആംഗ്ലിക്കൻ സഭ പോലും കാൾച്ചെഡോനിയാ സൂനഹദോസിനെ അംഗീകരിക്കുന്നുണ്ട്. കാൾച്ചെഡോനിയായോടൊപ്പം ബാക്കി ആദ്യത്തെ ഏഴു പൊതുസൂനഹദോസുകളെയും ആംഗ്ലിക്കൻസഭ അംഗീകരിച്ചുകൊണ്ടാണിരിക്കുന്നത്. ക്രൈസ്തവലോകത്തിൽ മഹാഭൂരിപക്ഷം വിഭാഗങ്ങളും കാൾച്ചെഡോനിയാ സൂനഹദോസ് നിയമാനുസരണം നടത്തപ്പെട്ട ഒരു പൊതുസൂനഹദോസ് ആയി സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ, യാക്കോബായ സഭ മാത്രം ചരിത്രപ്രധാനമായ ഈ സൂനഹദോസിന്റെ പ്രാമാണ്യത്തെ നിഷേധിക്കുന്നതിന്റെ കാരണം എന്തെന്ന് കണ്ടുപിടിക്കേണ്ടതാണല്ലോ.

കാൾച്ചെഡോനിയാ സൂനഹദോസിൽ അന്തിയോഖ്യാ പാത്രിയർക്കീസായ മാക്സിമൂസ് ഉൾപ്പെടെ 630 പിതാക്കന്മാർ സംബന്ധിച്ചിരുന്നു. അവരുടെ കൂട്ടത്തിൽ നാലുപേർ മാത്രമാണ് റോമ്മയിൽനിന്നും മാർപ്പാപ്പായുടെ പ്രതിനിധികളായി വന്നു സംബന്ധിച്ചത്. ശേഷമുള്ളവരെല്ലാം പൗരസ്ത്യമെത്രാന്മാരായിരുന്നു. ഇതിനു മുമ്പെങ്ങും ഇത്രവലിയ ഒരു സൂനഹദോസ് തിരുസഭയിൽ നടന്നിട്ടില്ലാ. ഈ മഹാസൂനഹദോസ് ആണ് സത്യവിശ്വാസം സ്വീകരിക്കായ്കനിമിത്തം (സൂനഹദോസിനാൽ പ്രഖ്യാപിക്കപ്പെട്ടവിശ്വാസസത്യത്തെ നിഷേധിക്കുക നിമിത്തം) യാക്കോബായക്കാരെ മുടക്കിയത്. കാൾച്ചെഡോനിയാ സൂനഹദോസ് യാക്കോബായക്കാരെ മുടക്കി സഭയിൽനിന്ന് ബഹിഷ്കരിച്ചതുനിമിത്തം ആ സൂനഹദോസിനെ തങ്ങൾ അംഗീകരിക്കുന്നില്ലാ എന്നു ശഠിക്കുന്നുവെങ്കിൽ അതു ബാലിശമായ ഒരു ദുശ്ശാഠ്യമായിട്ടുമാത്രമേ പരിഗണിക്കപ്പെടാൻ നിവൃത്തിയുള്ളു. നമ്മുടെ കർത്താവ് തന്റെ അപ്പസ്തോലഗണത്തിനു "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും" (മത്തായി 18-18) എന്നു കല്പിച്ചുകൊടുത്ത അധികാരത്തെ പ്രയോഗിച്ചുകൊണ്ടാണ് അപ്പസ്തോലഗണത്തിന്റെ യഥാർത്ഥ പിൻഗാമികളായിരുന്ന കാൾച്ചെഡോനിയായിലെ മെത്രാന്മാരുടെ സംഘം യാക്കോബായക്കാരുടെമേൽ മുടക്കു പ്രസ്താവിച്ചത്. ഈ മുടക്കു സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലും സാധുവാണെന്നുള്ളതിനു സംശയമില്ലാ. അതുകൊണ്ട് യാക്കോബായസഭ വാസ്തവത്തിൽ മുടക്കിൽ നിൽക്കുന്ന ഒരു സഭയാണെന്നുള്ള വാദം ശരിയാണെന്നു സിദ്ധിക്കുന്നു. റവ. വി. സി. ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പാ അവർകൾ യാക്കോബായ സഭയെ പരിത്യജിച്ചത് ആ സഭയുടെ മേലുള്ള കാൾച്ചെഡോനിയാ സൂനഹദോസിന്റെ മുടക്ക് ഇപ്പോഴും നിലനില്ക്കുന്നുവെന്നുള്ള ന്യായത്തെ അടിസ്ഥാനമാക്കിയാണല്ലോ. ഏത്രയും ന്യായമായവിധം ഒരു പൊതുസൂനഹദോസിൽവെച്ച് പ്രഖ്യാപിക്കപ്പെട്ട മുടക്കിനെ അവഗണിക്കുകയോ ധിക്കരിക്കുകയോ ചെയ്യുന്നത് യാതൊരു കാരണവശാലും നീതീകരിക്കത്തക്കതല്ല. മുടക്കിനെ അനുസരിക്കാതെ മത്സരിച്ചുനിൽക്കുന്നവർ തിരുസ്സഭയുടെ അധികാരത്തോടു എതിർക്കുകയാകുന്നു ചെയ്യുന്നത്. തിരുസ്സഭയുടെ അധികാരത്തോടു എതിർക്കുന്നവർ ക്രിസ്തുവിന്റെ അധികാരത്തോട് എതിർക്കുകയാണ് ചെയ്യുന്നത്. ക്രിസ്തുവിന്റെ അധികാരത്തോട് എതിർക്കുന്നവർ തന്റെ അജഗണത്തിൽ ഉൾപ്പെട്ടവരല്ലെന്നും അതിൽനിന്നും പുറംതള്ളപ്പെട്ടവരാണെന്നും ഉള്ളതു സ്പഷ്ടമത്രെ. "സഭയെ കേൾക്കാത്തവൻ നിനക്കു പുറജാതിക്കാരനേയും ചുങ്കക്കാരനേയുംപോലെ ആയിരിക്കട്ടെ" (മത്തായി 18-17) എന്നാണല്ലോ ദിവ്യനാഥൻ കല്പിച്ചിരിക്കുന്നത്.

നമ്മുടെ റവ. വി. സി. ഗീവർഗീസ് കോർ എപ്പിസ്ക്കോപ്പാ അവർകൾ ശരിയായ പഠനത്തിന്റെയും അന്വേഷണത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി യാക്കോബായസഭയുടെ യഥാർത്ഥമായ നിലയെ മനസ്സിലാക്കി ബലിഷ്ഠമായ പാറയിൽ പണിയപ്പെട്ടതും ലോകാവസാനത്തോളമുള്ള നിലനില്പിന്റെ വാഗ്ദാനത്തോടുകൂടിയതും ജീവന്റെയും ശക്തിയുടെയും കേന്ദ്രവും സത്യത്തിന്റെയും കൃപാവരത്തിന്റെയും ആസ്ഥാനവും ആയ ക്രിസ്തുവിന്റെ ഏക സത്യസഭയിൽവന്നു ചേർന്നതിനെപ്പററി അദ്ദേഹത്തെ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. യാക്കോബായസഭയിൽനിന്നും സത്യത്തെ അന്വേഷിക്കുന്നവരും നിത്യരക്ഷയെ അഭിലഷിക്കുന്നവരും ആയ അനേകം ആളുകൾ അദ്ദേഹത്തിന്റെ മഹനീയദൃഷ്ടാന്തം അനുകരിച്ച് സത്യസഭാമാതാവിന്റെ മടിയിൽ വന്നുചേരാൻ സംഗതിയാകട്ടെയെന്നു ഹൃദയംഗമമായി പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു

Chakola's
SILK HOUSE
TRICHUR-ERNAKULAM

കല്യാണ
സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

# രാഷ്ട്രീയകാര്യങ്ങളിൽ വൈദികർക്ക് ഇടപെടാമോ?

(അബൂന്തിയോസ്)

സ്വരാജ്യസ്നേഹം സാന്മാർഗ്ഗികപ്രമാണങ്ങളിൽ നിർദ്ദിഷ്ടമായ ഒരു കടമയാണ്. സാന്മാർഗ്ഗികനിയമങ്ങളുടെ സംരക്ഷകയായ തിരുസ്സഭ സ്വസന്താനങ്ങളെ സ്വരാജ്യസ്നേഹത്തിനായി പ്രേരിപ്പിക്കയും, അതിന്റെ അഭിവൃദ്ധിക്കായി എല്ലാവിധേനയും പരിശ്രമിക്കാൻ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. വിദേശമിഷ്യനറിമാർതന്നെയും, അവർ പ്രേഷിതജോലി ചെയ്യുന്ന സ്ഥലത്തെ വിശ്വാസികളെ ഈ വിഷയത്തിൽ പ്രബുദ്ധരാക്കണമെന്ന് തിരുസ്സഭ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. അവർ യാതൊരു ജനപദത്തിന്റെ സംസ്കാരത്തെയോ, സദാചാരങ്ങളേയൊ, വാസനാവിശേഷങ്ങളെയോ പ്രസംഗങ്ങളിലാകട്ടെ, ലേഖനങ്ങളിലാകട്ടെ യാതൊരുവിധത്തിലും ആക്ഷേപിക്കയും അധഃകരിക്കയും ചെയ്യരുതെന്ന് തിരുസ്സഭ കല്പിച്ചിരിക്കുന്നു. മാത്രമല്ല, വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമല്ലാത്ത എല്ലാ സംസ്കാരസദാചാരങ്ങളെയും സുവിശേഷദീപ്തിചൊരിഞ്ഞ് പവിത്രീകരിക്കണമെന്നും ഉദ്ബോധിപ്പിച്ചിരിക്കുന്നു. വിദേശമിഷ്യനറിമാർ തങ്ങളുടെ രാജ്യത്തിന്റെ അഥവാ രാജ്യങ്ങളുടെ താല്പര്യങ്ങൾ പ്രേഷിതവേലയിൽ കലർത്തുകയോ, ആവിദേശരാജ്യങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ ഏതെങ്കിലും തരത്തിൽ പ്രസ്തുത ധർമ്മത്തെ ഉപകരണമാക്കുകയോ ചെയ്തുപോകരുതെന്ന് 11-ാം പീയൂസ് തിരുമനസ്സുകൊണ്ട് വിശേഷവിധിയായി നിഷ്കർഷിച്ചിട്ടുണ്ട്. വിദേശ മിഷ്യനറിമാർ വിദേശ ചാരന്മാരാണെന്നു ചിലർ ചെയ്യുന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് സ്ഥാപിക്കാൻവേണ്ടി ഇത്രയും പറഞ്ഞതാണ്. (Cf. Instrction of S. Congr. of Prop. Fide, 6th Jan. 1920; 9th June 1939; Ap. Letters of H. H. Pope Benedict XV, 30th Nov. 1919; P. Pius XI, 19th March 1924)

## ബാംഗ്ലൂർ സൂനഹദോസ്

തിരുസ്സഭയുടെ പൊതുവായ നയമാണ് മേല്പറഞ്ഞത്. ഓരോരോ ദേശകാലസാഹചര്യങ്ങൾക്കനുസൃതമായി, രൂപതാദ്ധ്യക്ഷന്മാർ തിരുസ്സഭയുടെ പൊതുനിയമങ്ങളെ കൂടുതൽ വിശദീകരിക്കയും പ്രായോഗികമാക്കുകയും ചെയ്യുന്നു. ഭാരതീയ കത്തോലിക്കാ ഹയരാർക്കികളുടെയെല്ലാം പ്രതിനിധികളായ പിതാക്കന്മാർചേർന്ന് 1950 ജാനുവരി 6 മുതൽ 18 വരെ ബാംഗ്ലൂരിൽ നടത്തിയ പ്രഥമസൂനഹദോസിന്റെ നിയമസംഹിത (Decrees of the First Plenary Council of India) ഈ വിഷയത്തിൽ കൂടുതൽ വിശദവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വൈദികർ രാഷ്ട്രീയമാത്സര്യ കോലാഹലങ്ങളിൽ ഇടപെടരുതെന്നും രാഷ്ട്രീയ കക്ഷിപിടുത്തത്തിൽനിന്ന് ഒഴിഞ്ഞു നില്ക്കണമെന്നുമുള്ള തിരുസ്സഭയുടെ മുൻപറഞ്ഞ പൊതുനിയമത്തെ അനുസ്മരിച്ചിട്ട് അതു് ഇപ്രകാരം തുടരുന്നു: "ഈ രാജ്യത്തിലെ കത്തോലിക്കാവൈദികർക്കും സന്യാസികൾക്കും ഇവിടത്തെ പൗരന്മാരെന്ന നിലയിൽ തങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾ കൈകാര്യം ചെയ്യാവുന്നതാണ്, അനുഭവിക്കാവുന്നതാണ്. രാഷ്ട്രീയകാര്യങ്ങളിൽ അഭിപ്രായം പറയാനുള്ള അവകാശവും പൗരന്മാരെന്ന നിലയിൽ അവർക്കുണ്ട്; എന്നാൽ ഈ അഭിപ്രായപ്രകടനം സ്വകാര്യമായി നിർവ്വഹിക്കേണ്ടതാകുന്നു; തങ്ങളുടെ പവിത്രമായ വൈദിക ശുശ്രൂഷാനിർവ്വഹണം ഫലപ്രദമാക്കിത്തീർക്കുന്നതിൽ പ്രസ്തുത പൗരാവകാശവിനിയോഗം ഒരിക്കലും പ്രതിബന്ധമായി ഭവിക്കരുത്. വൈദികർക്കും ജനങ്ങളുടെ ആദ്ധ്യാത്മികാജപാലന്മാർക്കും തിരുസ്സഭയിൽ പരസ്യമായ ഒരു സ്ഥിതി അഥവാ സ്ഥാനവിശേഷമുണ്ട്; ജനങ്ങളുടെ മുമ്പാകെ അവർ തിരുസ്സഭയുടെ പ്രതിനിധികളുമാകുന്നു. ആകയാൽ, അവർ യാതൊരു രാഷ്ട്രീയകക്ഷികളിലും ചേരാതിരിപ്പാനും പേരു കൊടുക്കാതിരിപ്പാനും ബാദ്ധ്യസ്ഥരത്രേ. വിദേശമിഷ്യനറിമാർ രാഷ്ട്രീയമായ സകലകാര്യങ്ങളിൽനിന്നും ഒഴിഞ്ഞിരിക്കണം. അവരുടെ ഏകലക്ഷ്യം പ്രകൃത്യതീതമാണെന്നും, അവരുടെ ആഗമനം ഈ രാജ്യത്തിലെ ജനങ്ങളുടെ നന്മയെ ഉദ്ദേശിച്ചാണെന്നും, ഈ രാജ്യത്തിന്റെ ഐശ്വര്യം അവർ തീവ്രമായി ആഗ്രഹിക്കുന്നവരെന്നുമുള്ള യാഥാർത്ഥ്യം പരിപൂർണ്ണമായ ആത്മാർത്ഥതയോടെ വചനത്തിലും പ്രവൃത്തികളിലും സുസ്പഷ്ടമാക്കണം. സ്വരാജ്യസ്നേഹത്തിൽ അവർക്ക് ഉത്തേജനം നൽകുകയും, സിവിൽ അധികാരികളോടു യഥാർഹമായ വിധേയത്വം അഥവാ കീഴ്‌വഴക്കമുള്ളവരായിരിപ്പാൻ ഉത്സാഹിപ്പിക്കയും വേണം." പ്രസ്തുത നിയമസംഹിതയിൽ അന്യത്ര ഇപ്രകാരം കാണുന്നു: "വൈദികർ, തങ്ങളുടെ ആചാര്യസ്ഥാനത്തിൽ നിക്ഷിപ്തമായ അധികാരത്തെ രാഷ്ട്രീയ കക്ഷിപിടിത്തത്തിന്റെയും താദൃശമായ പൊതുസംരംഭമാത്സര്യങ്ങളുടെയും കാര്യത്തിൽ വിനിയോഗിക്കാൻ ഉദ്യുക്തരാകരുത്." എന്നാൽ രാഷ്ട്രീയ കാര്യങ്ങളോടനുബന്ധമായി വിശ്വാസസന്മാർഗ്ഗകാര്യങ്ങൾ വരുമ്പോൾ, വിശ്വാസികൾക്കുവേണ്ട മുന്നറിവും അപകടസൂചനകളും നൽകുവാൻ വൈദികർ, വിശിഷ്യ, രൂപതാദ്ധ്യക്ഷന്മാർ ബാദ്ധ്യസ്ഥരാണെന്ന് പ്രസ്തുത നിയമസംഹിത അനുസ്മരിപ്പിക്കുന്നുണ്ട്.

## വൈദികർക്ക് ഇടപെടാവുന്ന രംഗം

ഒടുവിൽപറഞ്ഞ സംഗതി പ്രത്യേകം ആലോചനാർഹമാണ്. രാഷ്ട്രീയകാര്യങ്ങളോടു ദൃഢബദ്ധമായിവരുന്ന വിശ്വാസസന്മാർഗ്ഗകാര്യങ്ങളിൽ വൈദികർ എത്രമാത്രം ഇടപെടാം, അഥവാ ഇടപെടണം, എങ്ങനെ ഇടപെടണം എന്നിവയത്രേ അടുത്ത പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾക്കും, തിരുസിംഹാസനത്തിന്റെയും തിരുസ്സഭാപണ്ഡിതന്മാരുടേയും ആധുനികങ്ങളായ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ സമാധാനം കണ്ടെത്താവുന്നതാണ്. പരി. പിതാവ് 12-ാം പീയൂസ് തിരുമേനി 1946 മേയ് 16-ാം തീയതി ചെയ്ത ഒരു പ്രഭാഷണത്തിൽ, അത്മായർക്ക് പൗരധർമ്മങ്ങളെ സംബന്ധിച്ച് ഉപദേശം നൽകുവാൻ വൈദികർക്കുള്ള കടമ വ്യക്തമാക്കിയിട്ടുണ്ട്: "വൈദികൻ തിരുസ്സഭയുടെ ശുശ്രൂഷിയാകുന്നു. തന്റെ ജനങ്ങളുടെ മതപരവും സാന്മാർഗ്ഗികവുമായ കാര്യങ്ങളെ സ്പർശിക്കുന്ന സമസ്തവും വൈദികന്റെ പ്രേഷിതധർമ്മത്തിൽ ഉൾപ്പെടുന്നു. ഈ ധർമ്മനിർവ്വഹണത്തിൽ വൈദികന് ഒഴിഞ്ഞുമാറാൻ പാടില്ലാത്ത ഒന്നാണ് വിശ്വാസികളെ രാജ്യത്തിന്റെ പൊതുക്കാര്യങ്ങളിൽ ഉൽസുകരാക്കി തൽസംബന്ധമായ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻവേണ്ട ആലോചനയും ഉപദേശവും മതപരമായ വശത്തുകൂടി നൽകുകയെന്ന കാര്യം...... ഈദൃശമണ്ഡലം വിസ്തൃതമാകുന്നതനുസരിച്ച് പ്രേഷിതമണ്ഡലവും വിസ്തൃതമാകുന്നു; ജാഗ്രതാപൂർവ്വം സംരക്ഷിക്കാൻ തന്നിക്കേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളെ തത്വബോധനങ്ങളാലും മുന്നറിവുകളാലും ആലോചനകളാലും സഹായിക്കാൻ വൈദികൻ ബാദ്ധ്യസ്ഥനാകുന്നു. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ—മതം, തത്വശാസ്ത്രം, വിവിധലക്ഷ്യങ്ങളോടുകൂടി മനുഷ്യർ ഏർപ്പെടുന്ന സംഗതികൾ, വ്യക്തിപരവും സാമൂഹ്യവുമായ ജീവിതവശങ്ങളിൽ അവർ അവലംബിക്കുന്ന ധാർമ്മികതത്വങ്ങൾ ആദിയായി തിരുസ്സഭാപ്രബോധനങ്ങളോട് രഞ്ജിപ്പിക്കുവാനോ, കത്തോലിക്കർ സ്വീകരിക്കുവാനോ അസാദ്ധ്യമായ കാര്യങ്ങളിൽ—വാക്കാലും, എഴുത്താലും, പ്രസംഗവേദിക

ൾ വഴിയായും, നിയമാനുസൃതമായ മററു സകല മാർഗ്ഗേണയും വിശ്വാസികളെ പഠിപ്പിക്കുകയെന്നതു് തിരുസ്സഭയുടെ അവകാശവും ഗുരുതരമായ ചുമതലയുമാകുന്നു." വോട്ടിംഗിൻെറ കടമകളെ സംബന്ധിച്ചു് വൈദികനോടു ആലോചിക്കുമ്പോൾ അദ്ദേഹത്തിനു ഒരിക്കലും മൗനമവലംബിക്കാവുന്നതല്ല എന്നു് കാർഡിനൽ ഹ്ളോണ്ടു് പ്രസ്താവിക്കുന്നു: "പൗരന്മാർ തങ്ങളുടെ സമ്മതിദാനാവകാശം ശരിയായി വിനിയോഗിക്കുന്നതിൽ മാർഗ്ഗനിർദ്ദേശകങ്ങളായിരിക്കേണ്ട ധാർമ്മികതത്വങ്ങൾ വൈദികൻ അവരെ ഗ്രഹിപ്പിക്കണം. രാഷ്ട്രീയനിയോജകപ്രസ്ഥാനങ്ങൾക്കു് നേതൃത്വംനൽകുവാൻ തിരുസ്സഭ ഒരിക്കലും ആഗ്രഹിക്കുന്നില്ല. എന്നാൽ ഏതു രാഷ്ട്രീയകക്ഷിയായാലുംശരി കത്തോലിക്കരുടെ വോട്ടു ലഭിക്കണമെങ്കിൽ അതു് അവശ്യം സ്വീകരിക്കേണ്ട ധാർമ്മികപ്രമാണങ്ങളുണ്ടു്. ആ പ്രമാണങ്ങൾ കത്തോലിക്കാവോട്ടർമാരെ വൈദികർ ഗ്രഹിപ്പിക്കാതെ തരമില്ല"(1946 നവം. 16)

വിശ്വാസത്തിനും സന്മാർഗ്ഗത്തിനുമെതിരായ ആശയാദർശങ്ങളുള്ള സ്ഥാനാർത്ഥികൾക്കു വോട്ടു ചെയ്യരുതെന്നു് പരസ്യമായിത്തന്നെ വൈദികർക്കു പറയാവുന്നതാണെങ്കിലും, ഒരു വ്യക്തിയെ പ്രത്യേകം പേർപറഞ്ഞു് നിഷേധാജ്ഞ നൽകരുതെന്നു് സിൻസിനാത്തിയിലെ ആർച്ചുബിഷപ്പു് നിക്കോളാസ് തിരുമേനി ഉൽബോധിപ്പിക്കുന്നു. എന്നാൽ മതത്തിൻേറയും രാഷ്ട്രത്തിൻേറയും ഉത്തമതാല്പര്യങ്ങൾക്കു ബദ്ധവിരോധിയെന്നു കുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരു സ്ഥാനാർത്ഥിയുടെ പേർപറഞ്ഞു് നിഷേധാജ്ഞ നൽകാവുന്ന അസാധാരണസാഹചര്യങ്ങളുണ്ടാകാമെന്നു് തിരുമേനി തന്നെ ഒരവസരത്തിൽ പറകയുണ്ടായി. നിഷിദ്ധങ്ങളായ രാഷ്ട്രീയാശയങ്ങളേയും ആദർശങ്ങളേയും കുറിച്ചു് വൈദികർ വിശദീകരണം നൽകേണ്ട സാഹചര്യങ്ങളുണ്ടാകാം. ഏതാദൃശവിശദീകരണം എങ്ങനെ നൽകാമെന്നു് അഥവാ നൽകണമെന്നു് സുപ്രസിദ്ധ ചിന്തകനായ ഫാദർ എഡ്മണ്ടു് കെയിലി ഉദാഹരണസഹിതം പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധേയമത്രെ: "നിരീശ്വരപരമായ വിദ്യാഭ്യാസത്തിൻെറ ദൂഷ്യവശങ്ങളേയും ഈ വിഷയത്തിൽ കത്തോലിക്കർ അവലംബിക്കേണ്ട ധാർമ്മികനിലയേയും ഒരു വൈദികൻ വിശദീകരിക്കുന്നെന്നു സങ്കല്പിക്കുക; അതിവിനാശകരമായ ഈദൃശവിദ്യാഭ്യാസപദ്ധതിയെ പാടെ മാററിക്കളയത്തക്കവിധം വിശ്വാസികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കണമെന്നുള്ള കത്തവ്യം അവരെ അനുസ്മരിപ്പിക്കുന്നെന്നും വിചാരിക്കുക. ഈദൃശനിഷിദ്ധവിദ്യാഭ്യാസപദ്ധതിയെ മുറുകെപ്പിടിച്ചു വാദിക്കുന്നതിൽ കുപ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള ഒരുവൻ സ്ഥാനാർത്ഥിയായി തദവസരത്തിൽ നില്ക്കുന്ന സംഗതി ഏവർക്കും അറിയാമായിരിക്കാം. അപ്രകാരംതന്നെ പ്രതിനിധിസഭയിലേക്കു തിരിഞ്ഞെടുക്കപ്പെടുന്നതിനു് ഇന്നതരത്തിൽപ്പെട്ട ആൾ യോഗ്യനാണെന്നും, ഇന്നതരത്തിൽപ്പെട്ട ആൾ അയോഗ്യനാണെന്നും, ഇവരിൽ ഒടുവിൽ പറഞ്ഞ തരത്തിലുള്ള ആളിനെ പരിത്യജിച്ചുകൊണ്ടു് ആദ്യംപറഞ്ഞതരത്തിലുള്ള ആളിനെ തിരിഞ്ഞെടുക്കുവാൻ ധാർമ്മികപ്രമാണമനുസരിച്ചു് വിശ്വാസികൾ ബാദ്ധ്യസ്ഥരാണെന്നും ഒരു വൈദികൻ തൻെറ അജഗണങ്ങളെ അനുശാസിക്കുന്നപക്ഷം അതിൽ യാതൊരു തെററുമില്ല; ഏതാദൃശകത്തവ്യം സമ്മതിദായകരായ വിശ്വാസികളെ അനുസ്മരിപ്പിക്കുന്നതിനു് ഏതൊരു ന്യായാധിപനും അനുവദിക്കും. എന്നാൽ സ്ഥാനാർത്ഥികളുടെ യോഗ്യതായോഗ്യതകൾ ന്യായമാംവിധം പ്രായോഗികമായി വിശദീകരിക്കുമ്പോൾ ചില സ്ഥാനാർത്ഥികളുടെ അയോഗ്യതാവസ്ഥ കൂടുതൽ സ്പഷ്ടമായി ശ്രോതാക്കൾക്കു ഗ്രഹിക്കാവുന്നതാണു്. ഇതിൽനിന്നു് ആ സ്ഥാനാർത്ഥികളെ വ്യക്തിപരമായി സ്പർശിച്ചുകൊണ്ടു് മനഃപൂർവ്വം വൈദികൻ ആക്ഷേപിച്ചുവെന്നോ, അയാൾക്കു വോട്ടുചെയ്യരുതെന്നു് അജഗണങ്ങളെഅനുശാസിച്ചുവെന്നോഒരിക്കലും അനുമിക്കാവുന്നതല്ല; അങ്ങനെയൊരു നിഗമനം എടുക്കാവുന്നതല്ല. യോഗ്യനായ സ്ഥാനാർത്ഥിക്കു വോട്ടുചെയ്യുവാൻ അവർ മനസ്സാക്ഷിപ്രകാരം കടപ്പെട്ടുന്നുവെന്നും അല്ലാത്തപക്ഷം അവർ കുററക്കാരാകുമെന്നും ഇക്കാര്യത്തിൽ അവർ ഉത്തരവാദിത്വം വഹിക്കേണ്ടിവരുമെന്നും വൈദികൻ പറഞ്ഞെന്നുവരാം; അവരുടെ ധാർമ്മികകത്തവ്യം(moral duty) സുഗ്രഹമാകത്തക്കവിധം നാനാവശങ്ങളിൽക്കൂടെ സംഗതികൾ ശരിയായി പ്രകാശിപ്പിച്ചെന്നുംവരാം. കാരണം ഒരു യാഥാർത്ഥ്യം വെളിവാക്കുമ്പോൾ പ്രവത്തനത്തിൻെറ സൂക്ഷ്മതയും ഉദ്ദേശശുദ്ധിയോടെ (ധാർമ്മികസ്വാതന്ത്ര്യത്തോടെ) അതു നിവ്വഹിക്കുന്നതിനും അതിൻെറ സ്വഭാവത്തെ സമ്പൂർണ്ണമായി വ്യക്തമാക്കാതെ തരമില്ല."

### വൈദികനും പൗരാവകാശമുണ്ടു്

വൈദികരും വോട്ടുചെയ്യണം. തനി രാഷ്ട്രീയ കാര്യങ്ങളിൽ വൈദികർ ഇടപെടരുതെങ്കിലും അവർ മററുള്ള പൗരന്മാരാകയാൽ വോട്ടിംഗുപോലുള്ള അവരുടെ രാഷ്ട്രീയാവകാശത്തെ അവർക്കു വിനിയോഗിക്കാവുന്നതാണു്, വിനിയോഗിക്കേണ്ടതുമാണു്. ഇക്കാര്യത്തിൽ തിരുസ്സഭയുടെ മനോഭാവമെന്തെന്നു സാമൂഹ്യശാസ്ത്രവിശാരദനായ ഫാദർ ഹ്സ്ലൈൻ വിശദമാക്കുന്നു: "ഒന്നാമതായി വൈദികൻ ഒരു ജനകീയഭരണാദർശം നിലവിലിരിക്കുന്ന രാജ്യത്തെ പൗരനാണു്. മററു കാര്യങ്ങളിലേക്കാൾ ഒട്ടും കുറയാത്തതരത്തിൽ വോട്ടുചെയ്യുകയെന്ന തൻെറ പൗരധർമ്മം സമ്പൂർണ്ണമായി വിശ്വസ്തതാപൂർവ്വം നിവ്വഹിച്ചുകൊണ്ടു് അജഗണങ്ങൾക്കു് ഉത്തമാദർശം കാണിച്ചുകൊടുക്കണം." ഈദൃശ പൗരധർമ്മനിവ്വഹണംവഴിയായും മററും വൈദികർ അത്മായരെ പൊതുകാര്യങ്ങളിൽ പ്രബുദ്ധരാക്കണമെന്നു് മുൻപറഞ്ഞ ആർച്ചുബിഷപ്പു് നിക്കോളാസ് തിരുമേനി ഉദ്ബോധിപ്പിക്കുന്നു

"ലോകത്തെ സമൂഹ്യമായി കരുപ്പിടിപ്പിക്കുന്നതിലും ഒരു നവീനക്രമം ഏർപ്പെടുത്തുന്നതിലും സഹകരിക്കാനുള്ള കടമ തിരുസ്സഭയ്ക്കുണ്ടെന്നു് അവൾ ഗ്രഹിച്ചിട്ടുണ്ടു്. നാഗരികതയെ ഭയപ്പെടുത്തുന്ന അപകടത്തിൽനിന്നു് അതിനെ രക്ഷിക്കാനുള്ള ധാർമ്മികശക്തി അവൾക്കുമാത്രമേയുള്ളു. ഈ യാഥാർത്ഥ്യം ഇന്നു് എവിടേയും ഏവരും സമ്മതിക്കുന്നു. എന്നാൽ അതിൻെറ ഫലപ്രാപ്തിയാകട്ടെ, സജീവമായ വിശ്വാസത്തേയും സാമാന്യജനങ്ങളുടെ രാഷ്ട്രീയബോധത്തേയും വളരെയധികം ആശ്രയിച്ചിരിക്കുന്നു" (Cf "Ransoming the Time" by Jacques Maritain)




# ചെറുകഥ

## "അബ്രാഹം! അബ്രാഹം!!"

(കെ. വി. സെബാസ്ററ്യൻ, നെയ്യശ്ശേരി)

കൊയ്ത്തുകഴിഞ്ഞ വയലിൽക്കൂടി അബ്രാഹം നടന്നുപോയി. ഹെബ്രോണിലെ പുൽമേടുകളുടെ മുഖത്തു് സിന്ദൂരപ്പൊടി ചിതറിക്കൊണ്ടു് സൂര്യൻ അസ്തമിക്കാൻപോവുകയായിരുന്നു. വെയിലേററുതളർന്നുനിന്ന വൃക്ഷങ്ങളുടെ നിശ്വാസംപോലെ ഒരു കൊച്ചുകാററുവന്നു. അതു് അബ്രാഹമിൻെറ താടിമീശകളിൽ ഒളിച്ചുകളി നടത്തിക്കൊണ്ടിരുന്നു.

പകൽ മുഴുവൻ എന്തു ചൂടായിരുന്നു! ഉഗ്രമായ വെയിൽ. മഴയുടെ യാതൊരു ലക്ഷണവുമില്ല. വയലുകളിൽ കൃഷിയിറക്കേണ്ട സമയം കഴിഞ്ഞു. വെള്ളത്തിനു ദാഹിച്ചു വിണ്ടുകീറിയ ഹൃദയവുമായി കൃഷിനിലങ്ങൾ പരന്നുകിടക്കുന്നു.

അദ്ദേഹം കഴിഞ്ഞകാലങ്ങളെപ്പററി ഓർത്തുപോയി. കരളിൽ കൃതജ്ഞതയുടെ വേലിയേററമാണു്. എന്തുമാത്രം പ്രതിബന്ധങ്ങൾ നേരിട്ടു. എങ്കിലെന്തു്? യാതൊരു തകരാറുംകൂടാതെ അവയെല്ലാം തരണം ചെയ്യപ്പെട്ടു.

ബാബേലിലെ രാജാക്കന്മാരുടെ അഹങ്കാരത്തിനു് അറുതിവരുത്താൻ കഴിഞ്ഞതു് തീർച്ചയായും വിജയമാണു്. തങ്ങൾ എന്തിനും പോന്നവരാണെന്നായിരുന്നു അവരുടെ ഭാവം. ഈ വിചാരമാണു് ലോത്തിനെ പിടിച്ചുകെട്ടിക്കൊണ്ടുപോകാൻ അവരെ പ്രേരിപ്പിച്ചതു്. പക്ഷേ, ആ അഹങ്കാരം മുളയിൽത്തന്നെ കരിഞ്ഞുപോയി. അവരെ എതിർത്തു തോല്പിക്കുക അത്ര എളുപ്പമായിരുന്നില്ല. മഹാശക്തന്മാരായ രാജാക്കന്മാരോടു് ഏതാനും ആളുകൾക്കു് എന്തുചെയ്യാൻ കഴിയും? പക്ഷേ, നിരാശപ്പെടാനുള്ള സമയമായിരുന്നില്ല അതു്. രാജാക്കന്മാർ തോററോടി. തടവുകാരൻ സ്വതന്ത്രനായി.

അതെല്ലാംകഴിഞ്ഞിട്ടു് വർഷങ്ങൾതന്നെയായിരിക്കുന്നു. സ്തോഭകാരിയായ ഒരു കിനാവുപോലെ ഉപബോധമനസ്സിൻെറ അഗാധതയിൽ ആ ഓർമ്മകൾ അടിഞ്ഞുകിടക്കുന്നു.

ആ വൃദ്ധൻെറ കണ്ണുകൾ തിളങ്ങി. ഹൃദയത്തിൽ കൃതജ്ഞതയും ശുഭാപ്തിവിശ്വാസവും തുളുമ്പിനിന്നു.

അബ്രാഹം കണ്ണുകളുയർത്തി. മനോഹരമായ ആകാശം. പകൽ അന്ത്യശ്വാസം വലിച്ചുകഴിഞ്ഞു. സ്വർഗ്ഗത്തിൽ മാലാഖാമാർ കത്തിച്ചുവെച്ച വിളക്കുകൾപോലെ നക്ഷത്രങ്ങൾ തിളങ്ങുന്നു. അവ അബ്രാഹമിനെ കണ്ണിമയ്ക്കാതെ നോക്കിനിന്നു.

നക്ഷത്രങ്ങൾ!

"അബ്രാഹമേ, നിൻെറ സന്തതികൾ ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും............"

"പിതാവേ, അങ്ങു് എത്രയോ കരുണയുള്ളവനാണു്" ആ വൃദ്ധൻെറ ഹൃദയം മന്ത്രിച്ചു.

ചുട്ടുപൊള്ളുന്ന മരുഭൂമിയിൽക്കൂടിയുള്ള ഒരു യാത്രപോലെയായിരുന്നു ജീവിതം. എങ്ങും മണൽക്കുന്നുകൾ! ചുററിയടിക്കുന്ന കൊടുങ്കാററിൽ ഒരെണ്ണം നശിക്കുമ്പോഴേക്കും മറെറാന്നു രൂപംകൊണ്ടു കഴിയുന്നു. പക്ഷേ, ആ യാത്രയ്ക്കിടയിൽ ഒരിക്കലെങ്കിലും സ്വന്തം വേദനകളോർത്തു് നിശ്വസിച്ചില്ല. ആരോടും പരാതിപ്പെട്ടുമില്ല.

ആർത്തുചിരിക്കുന്ന കാട്ടാറുകളുടെ നാട്ടിലാണു് ആ യാത്ര അവസാനിച്ചതു്.

സാറായുടെ സ്ത്രീത്വം പുഷ്പിച്ചു. പ്രതീക്ഷയുടെ കരിന്തിരി കത്തിനിന്ന കണ്ണുകളിൽ ആഹ്ളാദം തുളുമ്പി. മുന്തിരിച്ചാറു നിറച്ച പാനപാത്രംപോലെ ജീവിതം മധുരമുള്ളതായിത്തീർന്നു.

ഐസക്കു് ജനിച്ചു; വളർന്നു. അവൻെറ കിളികൊഞ്ചലും മധുരഹാസവും ആ വൃദ്ധദമ്പതികളെ യുവത്വത്തിൻെറ നന്ദനോദ്യാനത്തിലേക്കു തിരിയെ കൊണ്ടുവന്നു.

അബ്രാഹം തിരക്കിട്ടുനടന്നു. ഇരുളിൻെറ കരിമ്പടം നിവർത്തി പ്രകൃതി ഉറങ്ങാനാരംഭിച്ചിരുന്നു. മഞ്ഞിൻതൊപ്പികൾ ധരിച്ച കുന്നുകൾ പാറാവുകാരെപ്പോലെ തലയുയർത്തിനിന്നു.

തള്ളയെക്കാണാഞ്ഞു കരയുന്ന ഒരാട്ടിൻകുട്ടിയെ തോളിലേററിക്കൊണ്ടു് അദ്ദേഹം കൂടാരത്തിൽ പ്രവേശിച്ചു.

"ഗാസൽ" അബ്രാഹം ഭൃത്യനെ വിളിച്ചു.

മെലിഞ്ഞ ദേഹവും നീണ്ട താടിയുമുള്ള ഗാസൽ ഓടിയെത്തി. ഒററനോട്ടത്തിൽതന്നെ ഭൃത്യനു കാര്യം മനസ്സിലായി. യജമാനൻ വികാരാധീനനായിരിക്കുന്നു!

"ഞാനിതാ വന്നു, യജമാനനേ" അയാൾ വിനയപുരസ്സരം അറിയിച്ചു.

അബ്രാഹം ആട്ടിൻകുട്ടിയെ തലോടിക്കൊണ്ടു മൗനമായിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ വിഷാദസങ്കുലങ്ങളായിരുന്നു.

"പ്രഭോ!" ഭൃത്യൻ വിളിച്ചു.

അബ്രാഹം കണ്ണുകളുയർത്തി. ദീർഘനിശ്വാസത്തോടെ അദ്ദേഹം ചോദിച്ചു: "ഗാസൽ, ആട്ടിൻകുട്ടികളുടെ രോമം കത്രിക്കാൻ ആരാണനുവാദം നൽകിയതു്?"

"എനിക്കറിഞ്ഞുകൂടാ യജമാനനേ."

"താൻ എവിടെപോയിരുന്നു?"

"ഞാൻ വയലിലായിരുന്നു യജമാനനെ. അതുകൊണ്ടു്......."

"തണുപ്പുകാലം വരുമ്പോൾ ഈ പാവപ്പെട്ട ജീവികൾ എന്തു ചെയ്യും?"

ഭൃത്യൻ മറുപടി പറഞ്ഞില്ല. യജമാനൻെറ ഉള്ളിൽ തട്ടിയതുകൊണ്ടു പറയുന്നതാണെന്നവനറിയാം. അപ്പോൾ മൗനമാണു് നല്ലതു്.

"ഇതാ ഇവനെക്കൊണ്ടുപോയി തള്ളയുടെ കൂട്ടത്തിൽ വിടു. നാളെ ആട്ടിൻപററങ്ങളെ മേച്ചിൽസ്ഥലത്തേക്കു കൊണ്ടുപോകും. അപ്പോൾ ഇവൻെറ കാര്യം പ്രത്യേകം നോക്കിക്കൊള്ളാൻപറയണം. ഈ പാവങ്ങളെ തണുപ്പത്തു ചാകാൻ വിടരുതു്."

വളരെയധികം രാച്ചെല്ലുന്നതുവരെ അബ്രാഹം കൂടാരത്തിനു വെളിയിൽ ഉലാത്തിക്കൊണ്ടിരുന്നു. ഉറങ്ങാൻ പോകുമ്പോൾ ആകാശം ശൂന്യമായിരുന്നു. പാതിരാത്രികഴിഞ്ഞു. അബ്രാഹം ഞെട്ടിയുണർന്നു. ഭയങ്കരമായ ഇരമ്പൽ! എന്താണു സംഭവിച്ചതെന്നു മനസ്സിലാക്കാൻ ഏതാനും നിമിഷങ്ങൾ വേണ്ടിവന്നു.

കൂടാരത്തിനു വെളിയിൽ കൊടുങ്കാററു ചീറിയടിക്കുകയാണു്. മഴയുടെ ഇരമ്പലും കാററിൻെറ സംഹാരനൃത്തവും! കൂടാരം തകക്കപ്പെടുമോ?

അപകടത്തിൻെറ മുമ്പിൽ ആ വൃദ്ധൻ പതറിയില്ല. സ്വർഗ്ഗത്തിലേക്കു ദൃഷ്ടികളുയർത്തി അദ്ദേഹം പ്രാർത്ഥിച്ചു: "പിതാവേ........."

ഉണങ്ങിവരണ്ട കൃഷിനിലങ്ങൾ! അവ ആർത്തിയോടെ മഴവെള്ളം മൊത്തിക്കുടിക്കുകയാവും. ഓ! ദൈവം എത്ര കരുണയുള്ളവനാണു്.

പെട്ടെന്നു് ഒരു ദീനസ്വരം അദ്ദേഹത്തിൻെറ കർണ്ണങ്ങളിൽ വന്നലച്ചു. കൊടുങ്കാററിൽപ്പെട്ടു് ആരോ സഹായത്തിനുവേണ്ടി വിളിക്കുകയാവും.

അബ്രാഹം ധൃതിയിൽ വിളക്കു കത്തിച്ചു. പക്ഷെ പ്രയോജനമുണ്ടായില്ല. വിളക്കണഞ്ഞുപോയി. കൂടാരത്തിനുവെളിയിൽനിന്നും ദീനസ്വരത്തിലുള്ള സഹായാഭ്യർത്ഥന ഉയർന്നു: "സഹായിക്കണേ, സഹോദരന്മാരെ!"

അബ്രാഹം ഓടിച്ചെന്നു വാതിൽ തുറന്നു. മഴവെള്ളം അടിച്ചുകയറി കൂടാരത്തിൻെറ ഉൾഭാഗം നനയാൻതുടങ്ങി. കട്ടപിടിച്ച ഇരുട്ടിൽ ഒന്നുംവ്യക്തമായിരുന്നില്ല.

"ആരാണു്?" ഇരുളിലേക്കു തുറിച്ചുനോക്കിക്കൊണ്ടു് അബ്രാഹം വിളിച്ചുചോദിച്ചു.

"സഹായിക്കണേ!" താഴ്ന്ന സ്വരത്തിൽ ആ യാചന വീണ്ടും ഉയർന്നു.

തൻെറ മുമ്പിൽ ഒരാൾ നില്ക്കുന്നതായി അബ്രാഹം കണ്ടു. അദ്ദേഹം കൈകൾനീട്ടി: "വരൂ, സഹോദരാ."

അബ്രാഹമിൻെറ കൈക്കുപിടിച്ചുകൊണ്ടു് അയാൾ അകത്തുകടന്നു. മഴ നനഞ്ഞതുകൊണ്ടു് അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു. എല്ലുന്തിയ മാറിടം തലോടിക്കൊണ്ടു് അയാൾ തീയുടെ അരികിലിരുന്നു. അബ്രാഹം അയാളെ ഉണങ്ങിയ വസ്ത്രങ്ങളുടുപ്പിച്ചു. വിശപ്പടക്കാൻ അപ്പവും കാട്ടുതേനും മധുരമുള്ള വീഞ്ഞും കൊടുത്തു. അയാൾ ആർത്തിയോടെ ഭക്ഷിക്കാൻ തുടങ്ങി.

അബ്രാഹം ചോദിച്ചു: "സഹോദരാ, ഭക്ഷണത്തിനിരിക്കുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കാറില്ലേ?"

വിസ്മയംനിറഞ്ഞ കണ്ണുകളോടെ ആഗതൻ അദ്ദേഹത്തെ നോക്കി. ആക്ഷേപസ്വരത്തിൽ അയാൾ പറഞ്ഞു: "ഹും! പ്രാർത്ഥ

(ശേഷം 7-ാംപേജിൽ)

ആത്മകഥാകഥനം

# സത്യം അറിയുന്നതിന്

## യുവതികൾക്കും കടമയുണ്ടു്

(എം. പി. സാറാമ്മ മാടത്തേത്തു് വീട്ടു്, കീക്കൊഴൂർ)

കാരുണ്യമൂർത്തേ! കനിവേകണേ മാം
ശീശ്മക്കുടിപ്പെട്ടു പൊയ്പ്പോയ നാൾക്കായ്
മേലിൽ പിഴയ്ക്കാതെ കാക്കണമേ നീ
കൂപ്പുന്നു തൃപ്പാദം നാഥാ! നമസ്തേ.

1953 നവംബർ 27, എന്റെ ലൗകികപോരാട്ടത്തിലെ ഏററവും സുന്ദരവും സൗഭാഗ്യകരവുമായ സുദിനമായിരുന്നു തിരുസ്സഭാമാതാവിന്റെ പരിലാളനത്തിനു് ഞാൻ പാത്രീഭൂതയായ ആ മഹദ്ദിനം എന്റെ ജീവിതത്തിൽ മായാത്ത മുദ്രകൾ പതിച്ചുകഴിഞ്ഞു. യാക്കോബായ ശീശ്മയിൽ ജനിച്ചു വളർന്നിരുന്ന എന്നെ മാടിവിളിച്ചു് സത്യവഴിയിൽ നടത്തിയ കരുണാനിധിയായ സർവ്വേശ്വരനെ നന്ദിനിറഞ്ഞ ഹൃദയത്തോടുകൂടെ സ്തുതിക്കുന്നു. എന്റെ പുനരൈക്യത്തിനു സഹായിച്ച ഓരോരുത്തരോടും പ്രതിനന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. സ്വകാര്യസാദ്ധ്യത്തിനു വേണ്ടി യാക്കോബായസഭയെ ഉപേക്ഷിച്ചു എന്നുള്ള എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ ആക്ഷേപങ്ങൾ ഇതു് വായിച്ചു് സത്യം ഗ്രഹിക്കുന്നവരിലെങ്കിലും നിർമ്മാർജ്ജനം ചെയ്യപ്പെടുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ പുനരൈക്യത്തിനിടയാക്കിയ സംഗതികൾ ചുവടെ ചേർക്കട്ടെ.

1953 മേയ് മാസത്തിൽ അദ്ധ്യാപകവിദ്യാർത്ഥിനിയായി വിജയം നേടിയ ഉടൻതന്നെ ഞാനും എന്റെ ഒരു കൂട്ടുകാരിയുംകൂടി ചങ്ങനാശ്ശേരിയിലുള്ള വാഴപ്പള്ളി ആരാധനമഠം വക സ്കൂളിൽ ജോലിക്കായി ഓരോ അപേക്ഷ അയച്ചു. മടങ്ങിയ പോസ്റ്റിൽതന്നെ, പ്രൈമറി സെക്ഷനിൽ ഒരു ഒഴിവു് ഉണ്ടെന്നും അതിലേക്കു് എത്രയും വേഗം അവിടെ എത്തണമെന്നും മറുപടി കിട്ടി. അതനുസരിച്ചു് ജൂൺ മാസത്തിൽ സ്കൂൾ തുറന്നതോടുകൂടി പ്രസ്തുത മഠത്തിൽ എത്തി ബോർഡിംഗിൽ താമസിച്ചു് ജോലി നോക്കിവന്നു. അവിടെ ചെല്ലുന്നതിനുമുമ്പു് കത്തോലിക്കാസഭയെപ്പററി യാതൊന്നും എനിക്കു് അറിയാൻ പാടില്ലായിരുന്നു.

മഠത്തിന്റെ കപ്പേളയിൽ എല്ലാ ദിവസവും പ്രഭാതത്തിൽ വി. കർബാന അപ്പിക്കാറുണ്ടു്. വി. കർബാനയോടു് ബോർഡേഴ്സിനും ബ. സിസ്റ്റേഴ്സിനും ഉള്ള ആവേശം എന്റെ ഹൃദയതലത്തിൽ ഒരു ചിന്താബീജത്തെ അങ്കുരിപ്പിച്ചു. സിസ്റ്റേഴ്സും ബോർഡേഴ്സും ഉൾപ്പെടെ ഒരു വലിയ കൂട്ടം ഉണ്ടായിരുന്നിട്ടും മഠത്തിന്റെ പരിസരപ്രദേശങ്ങൾപോലും ഏററം അച്ചടക്കത്തിൽ കഴിഞ്ഞു. വി. ബലിയിൽ സംബന്ധിക്കുന്നൊന്നു തോന്നുമാറു് കപ്പേളയുടെ അന്തരീക്ഷംതന്നെ ഭക്തിപ്രചുരിമ നിറഞ്ഞിരുന്നു. ബോർഡിംഗിലെ സന്നിഷ്കർഷമായ സമയവിവരപ്പട്ടികയും തദനുസരണമായ പ്രവർത്തനങ്ങളും എന്നെ ആനന്ദതുന്ദിലയാക്കി. വി. കർബാന സമയത്തു് ബലിയിൽ സംബന്ധിക്കുന്നതിനേക്കാൾ ഞാൻ കാര്യമായി ആദ്യമാദ്യം ചെയ്തുകൊണ്ടിരുന്നതു് വി. കർമ്മത്തിൽ സംബന്ധിക്കുന്ന ഇതരരുടെ പെരുമാററങ്ങളെ വീക്ഷിക്കുകമാത്രമായിരുന്നു.

അഹോ! അത്ഭുതം!! ഇത്ര വളരെ വിശ്വാസവും വാസ്തവത്തിലുള്ള സന്നിധിബോധവും കത്തോലിക്കർക്കല്ലാതെ മററാർക്കാണുള്ളതു്? വി. കർബാന എന്താണെന്നു് ഞങ്ങളുടെ സൺഡേസ്കൂളിൽ ഞാനും പഠിച്ചിരുന്നു. പക്ഷേ അനുഭവത്തിൽ അവയൊന്നും വരുത്താനുള്ള പതിവു് യാക്കോബായ സഭയിൽ ഇല്ലെന്നുള്ള സത്യം തുറന്നു പറയാതിരിക്കാൻ തരമില്ല. മഠത്തിലെ വി. കർബാനയുടെ അവസാനത്തിൽ വി ബലിയിൽ സംബന്ധിക്കുന്ന എല്ലാവരും തന്നെ വി. കർബാന അനുഭവിക്കുക പതിവായിരുന്നു. ബ അമ്മമാർ—ലൗകിക സന്തോഷങ്ങളെ തൃണവൽഗണിച്ചു് ഈശ്വരസേവനാർത്ഥം ജീവിതത്തെ പണയപ്പെടുത്തിയ ആ വീരകന്യകകൾ—വി. കർബാന ഉൾക്കൊള്ളുന്ന രീതി എന്നെ പുളകം കൊള്ളിച്ചു. അണിനിരന്ന സൈന്യംപോലെ അഞ്ജലീബദ്ധരായി എരിയുന്ന മാനസങ്ങളോടുകൂടി സക്രാരിയെ സമീപിക്കുന്ന മാടപ്രാക്കളായി അവരെ ഞാൻ ദർശിച്ചു. എനിക്കു് ചിന്തയോടുകൂടിതന്നെ ആഗ്രഹവും ദിനംദിനം വർദ്ധിച്ചുവന്നു. ബോർഡേഴ്സിനുള്ള മതസംബന്ധമായ എല്ലാ കൃത്യങ്ങളിലും ഞാനും പങ്കുകൊണ്ടു. ഞാൻ എന്നിലേക്കുതന്നെ തിരിഞ്ഞു. എന്റെ ശോച്യമായ നില മാററണമെന്നു് ഞാൻ നിശ്ചയിച്ചു. അതിനുവേണ്ടി ഉൽക്കണ്ഠാസമേതം പ്രാർത്ഥിച്ചു. അങ്ങനെ ദിവസങ്ങൾ ഓരോന്നായി രണ്ടു മൂന്നുമാസങ്ങൾ കഴിഞ്ഞു.

പ്രൈമറി സെക്ഷനിലുള്ള ഏഴ് വയസ്സ് പ്രായമായ കുട്ടികളെ ആദ്യകർബാന കൊൾക്കുന്നതിനുവേണ്ടി ഒരുക്കി. ഇപ്രകാരം ചെറുപ്പത്തിലേ പാപത്തോടുള്ള വിരക്തി ശീലിപ്പിക്കുകയും ദൈവത്തെ സമീപിക്കുവാൻ ഭക്തിപുരസ്സരം പരിശീലനം നൽകുകയും ചെയ്യുന്ന വേറെ ഏതു സമൂഹമാണു് ഇന്നു് ഭൂമുഖത്തുള്ളതു്? ഈ കൃത്യത്തിൽ സഹായിക്കുന്നതിനായി ബ: സിസ്റ്റേഴ്സ് എന്നെയും നിയോഗിച്ചു. ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അന്നേദിവസം കപ്പേളയിൽ എഴുന്നള്ളിയിരുന്നു. ഈശോയെ കൈക്കൊള്ളുന്നതിനായി തീക്ഷ്ണമാനസരും നമ്രശിരസ്കരുമായി ഗാനാഘോഷങ്ങളോടുകൂടി കുട്ടികൾ കപ്പേളയിലേക്കു നിരനിരയായി നീങ്ങിത്തുടങ്ങി. വോളൻറിയർസ്ഥാനത്തു നിന്ന എന്റെ നയനദ്വയങ്ങൾ ബാഷ്പപൂരിതങ്ങളായി. എന്റെ ഹൃദയം നീറി. കഴിഞ്ഞുപോയ എന്റെ ബാല്യകാലത്തെപ്പററി ഞാൻ ചിന്തിച്ചു—നെടുവീർപ്പിട്ടു. വി. കർബാനസമയത്തെല്ലാം അയോഗ്യയായ എന്റെ ആത്മാവു് പാരവശ്യത്താൽ കുതിച്ചുകൊണ്ടിരുന്നു. വി. കർബാനവഴിയായി ഈശോയെ സ്വീകരിച്ച കുഞ്ഞുങ്ങളുടെ വദനകമലങ്ങളിൽ ഈശ്വരനൈർമ്മല്യം കളിയാടി. എന്റെ ആഗ്രഹങ്ങൾ തനിയെ ഇരുന്നു് നീറിയാൽ ഫലമില്ലെന്നു് കണ്ടു് അവ ഞങ്ങളുടെ ബോർഡിംഗ് സിസ്റ്റേഴ്സിനെ ധരിപ്പിച്ചു. സിസ്റ്റേഴ്സ് ഞങ്ങളുടെ മാനേജരായ കണ്ടത്തിൽപറമ്പിൽ ബ: ജോസഫ് അച്ചനെ വിവരം ധരിപ്പിച്ചു. അച്ചന്റെ മാളികയിൽ താമസിച്ചു് ചങ്ങനാശ്ശേരി കോളെജിൽ പഠിച്ചുകൊണ്ടിരുന്ന ബ: പുത്തൻപറമ്പിൽ ആൻഡ്രൂസച്ചൻ വിവരങ്ങൾ അറിഞ്ഞു. അദ്ദേഹം മലങ്കര റീത്തിൽപ്പെട്ടതായതുകൊണ്ടു് ഒരു യാക്കോബായക്കാരിയായ എന്റെ കാര്യത്തിൽ ദത്തശ്രദ്ധനായി. പക്ഷെ മാതാപിതാക്കന്മാരുടെ അനുവാദം ഒന്നു വേണമല്ലോ. എന്താണു മാർഗ്ഗം? എന്റെ പിതാവു് ഒരു സർക്കാർ സ്കൂൾ അദ്ധ്യാപകനായി പെൻഷൻ പററിയിരുന്നു. ഔദ്യോഗികമായി കത്തോലിക്കരുടെ ഇടയിൽ താമസിച്ചതിന്റെ ഫലമായി തിരുസ്സഭയെപ്പററി വളരെമുമ്പു തന്നെ പഠിച്ചു് വിശ്വസിച്ചിരുന്നു പക്ഷെ സാമൂഹികമായ ചില ഗാർഹിക പ്രതിബന്ധങ്ങൾ അദ്ദേഹത്തെ പെട്ടെന്നു് പുനരൈക്യത്തിനനുവദിച്ചില്ല എന്നേയുള്ളു. ബ: ആൻഡ്രൂസച്ചൻ കത്തുമുഖേന മാതാപിതാക്കന്മാരുടെ അനുകൂലമായ അനുവാദവും വാങ്ങി. അപ്പോഴേക്കും മാസങ്ങൾ നാലഞ്ചു കഴിഞ്ഞു.

അത്യുന്നത കർദ്ദിനാൾ തിസ്സറാങ്ങ് തിരുമനസ്സിലെ കേരളസന്ദർശനവേളയിൽ ചങ്ങനാശ്ശേരിയിൽവച്ചു് കാര്യംസാധിപ്പിക്കാമെന്നു് ബ: അച്ചൻ പ്ലാൻചെയ്തിരുന്നു. തിരുമനസ്സിലെ തിരുവല്ലാസന്ദർശനത്തിനോടടുത്തു് ബ: അച്ചൻ എന്നെ തിരുവല്ലാമഠത്തിൽ താമസിപ്പിച്ചു് ബ: അമ്മമാരെ കാര്യം മനസ്സിലാക്കി ചുമതലപ്പെടുത്തി. തിരുവല്ലാ കത്തോലിക്കാപള്ളി മൈതാനത്തുവച്ചു് തിരുമനസ്സുകൊണ്ടു നടത്തിയ വി. കർബാനാനന്തരം തിരുമനസ്സിലെ തൃക്കരങ്ങളാൽ തിരുസ്സഭയുമായി പുനരൈക്യപ്പെടാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. തദവസരത്തിൽ കാലംചെയ്ത മാർ സേവേറിയോസ് തിരുമേനി, ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഇവരും അനേകം ബ: വൈദികരും കന്യാസ്ത്രീകളും ഒരു വലിയ ജനക്കൂട്ടവും ആ മംഗളകർമ്മത്തിനു ദൃക്സാക്ഷികളായിരുന്നു.

ചുരുങ്ങിയ ദിവസങ്ങൾക്കുശേഷം വന്ദ്യ തിരുമേനി ചങ്ങനാശ്ശേരിയിലെത്തി. അവിടെ അരമനയിൽവച്ചു് കുറച്ചു കൊച്ചുകുട്ടികൾക്കു ആദ്യകർബാന നൽകുന്നതിനായി വി. ബലിയർപ്പിച്ചു. ഞങ്ങളുടെ ബോർഡിംഗ് സിസ്റ്റേഴ്സ് ഒരു കുട്ടിയെ ആദ്യകർബാനയ്ക്കു ഒരുക്കുന്നതിൽ മെച്ചമായിട്ടു എന്നേയും ഒരുക്കി അരമനയിൽ കൊണ്ടുചെന്നു് ശിശുക്കളോടൊത്തുതന്നെ അത്യുന്നതകർദ്ദിനാൾ തിരുമനസ്സിലെ തൃക്കരങ്ങളിൽനിന്നും വി. കർബാന ആദ്യമായി സ്വീകരിച്ചു. തദനന്തരം എടുത്ത ഗ്രൂപ്പ്ഫോട്ടോയിൽ പങ്കുകൊള്ളുകയും അസംഷൻകോളെജിൽവച്ചുണ്ടായിരുന്ന ചായസല്ക്കാരത്തിനു ശേഷം ഞങ്ങൾ തിരിച്ചുപോരുകയുംചെയ്തു. അങ്ങനെ കരുണാനിധിയായ ദൈവം എന്റെ എളിയ ആഗ്രഹം അപ്രതീക്ഷിതമായവിധത്തിൽ നിറവേററി.

ഞാൻ ചേർന്നുകഴിഞ്ഞു് എന്റെ കുടുംബത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. എന്റെ പിതാവു് ഔദ്യോഗികമായി കറിക്കാട്ടൂർ പാർത്തിരുന്ന സമയം തിരുസ്സഭയെപ്പററി പഠിപ്പിച്ച കീക്കിരിക്കാട്ടു പുത്തൻപുരയ്ക്കൽ പി. സി. ചാക്കോ അവർകളെ പിതാവു് വിവരം ധരിപ്പിച്ചു. അദ്ദേഹത്തിന്റെയും മററും സാന്നിദ്ധ്യത്തിലും പരി: ദൈവമാതാവിന്റെ സഹായത്താലും 1954 മാർച്ചുമാസം 21-ാംനു- ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ തൃക്കരങ്ങളാൽ മാതാപിതാക്കന്മാരും ഒരു സഹോദരകുടുംബവും പുനരൈക്യപ്പെട്ടു് സഭാപ്രവേശംചെയ്തു.

കുമ്പസാരം, വി. കർബാന ഈ കൂദാശകളാൽ ഞാൻ ബലപ്പെടുത്തപ്പെട്ടു. യാക്കോബായസഭയിലായിരുന്നെങ്കിൽ എന്റെ ആദ്ധ്യാത്മികജീവിതം നിഷ്പ്രയോജനമാകുമായിരുന്നുവെന്നു് ഞാൻ ഇപ്പോൾ ഓർമ്മിക്കുന്നു. എന്നെ ഈ ജീവിതത്തിലേക്കു നയിച്ച ചങ്ങനാശ്ശേരിയിലെ ബ: സിസ്റ്റേഴ്സിനെ ജീവിതാന്ത്യംവരെയും വിസ്മരിക്കുവാൻ എനിക്കു സാദ്ധ്യമല്ല. എന്റെ മററു രണ്ടു സഹോദരങ്ങൾകൂടി തിരുസ്സഭാരാമത്തിലെ പ്രശോഭിതപ്രസൂനങ്ങളായിത്തീരുവാൻ കത്തോലിക്കാ സഹോദരങ്ങളേവരും പ്രാർത്ഥിക്കണമെ.

അഭ്യസ്തവിദ്യരായ ഓരോരുത്തർക്കും— യുവതികൾക്കും— ചിന്തിപ്പാൻ കടമയുണ്ടു്. ക്രിസ്ത്യാനികൾ ആരാണു്? ഒരു തൊഴുത്തും ഒരു ഇടയനുമല്ലേ ഏവർക്കുമുള്ളതു്? ഒരു ക്രിസ്തുവല്ലേ ലോകത്തിൽ അവതരിച്ചു് ക്രൂശിക്കപ്പെട്ടു മരിച്ചുയർത്തതു്. അദ്ദേഹത്തിന്റെ പിൻഗാമികളായി നാമമാത്രക്രിസ്ത്യാനികളായ നാം എങ്ങനെയാണു് ഛിന്നഭിന്നമായതു്. ക്രൈസ്തവപ്രമാണങ്ങൾ എല്ലാം ഒന്നല്ലേ ഉള്ളു. വി. പൗലൂസിന്റെ എഫേസ്യലേഖനത്തിൽ ഒരു കർത്താവു്, ഒരു വിശ്വാസം, ഒരു മാമ്മോദീസാ എന്നല്ലേ എഴുതിയിരിക്കുന്നതു്. എങ്ങനെയാണു് ഇത്രയധികം സഭകൾ ഉണ്ടായിട്ടുള്ളതു്? സ്വാതന്ത്ര്യേച്ഛുക്കളായി ഓരോരുത്തർ അനുസരണമില്ലാതെ ഓരോ കാലങ്ങളിൽ ഓരോ പിരിവുണ്ടാക്കി. സത്യം അറിയാം; എങ്കിലും സമ്മതിച്ചുകൊടുക്കുന്നതു് എങ്ങനെയാണു്. ഒന്നാംനൂററാണ്ടുമുതൽ ഇക്കാലമത്രയും എല്ലാ കാര്യങ്ങളിലും നിഷ്കർഷയോടുകൂടി കൂദാശകൾ കൃത്യമായി ആചരിക്കുകയും ഏക സത്യവിശ്വാസം പഠിപ്പിക്കുകയും ഏകഇടയന്റെ കീഴ് സർവ്വകാര്യങ്ങളിലും അനുസരിച്ചും കഴിയുന്ന സഭ ഭൂമുഖത്തു് കത്തോലിക്കാ തിരുസ്സഭയല്ലാതെ വേറെ ഏതു സഭയുണ്ടു്? ഇതു ഒരു വെറും പരമാർത്ഥംമാത്രമാണു്. ചരിത്രപഠിതാക്കൾ ഇവ അറിയുന്നു. പഴയ മാമൂലുകളുമായി മർക്കടമുഷ്ടിപിടിച്ചു നില്ക്കാതെ സത്യം അന്വേഷിക്കുക. തിരുസ്സഭയുടെ ഗുണഗണങ്ങൾ ഓരോന്നായി വിമർശിക്കുക അനേകകാലങ്ങൾകൊണ്ടു സാദ്ധ്യമല്ല. കത്തോലിക്കാസഭയിൽ പേരെഴുതിച്ചാൽപോരാ. പ്രമാണങ്ങൾ കാക്കുകയുംകൂടി ചെയ്യുന്നതു് എത്ര ആസ്വാദ്യകരം!! രക്ഷ സുനിശ്ചിതം. അതുകൊണ്ടു് കത്തോലിക്കാസഭയുടെ പ്രബോധനങ്ങളുടെ ക്ലിപ്തമായ അർത്ഥത്തേയും ശരിയായ രൂപത്തേയുംപററി അകത്തോലിക്കാ സഹോദരങ്ങളേ! നിങ്ങൾ തുറന്ന മനസ്സോടുകൂടി പഠിപ്പാൻ ആഗ്രഹിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടും തിരുസ്സഭയിലേക്കു് ഓരോരുത്തരേയും ആഹ്വാനംചെയ്തുകൊണ്ടും ആയതിലേക്കു് മാതൃഹസ്തങ്ങളിൽ എന്റെ പ്രാർത്ഥനകൾ അർപ്പിച്ചുകൊണ്ടും നിർത്തുന്നു. സത്യം അറിഞ്ഞേ തീരൂ.


തയ്യാറായിരിക്കുന്ന
ഒരാത്മാവിന്റെ
കപ്പൽ യാത്ര
(രണ്ടാംപതിപ്പ്)

സമാധാനതുറമുഖത്തെത്തിയ ഒരു സത്യാന്വേഷിയുടെ—കേരളമൊട്ടുക്കു പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഫാ. മുത്തുമാലൈ എസ് ജെ. അവർകളുടെ—ജീവിതകഥ.

വിവർത്തകൻ
ഫാദർ ജെ. വലിയപറമ്പിൽ
ഒററപ്രതിക്കു് 4ണ. മാത്രം
(പോസ്റ്റേജ് പുറമെ)

ആവശ്യപ്പെടുക:-
The Manager,
St Joseph's Printing House,
Tiruvalla.


(2-ാംപേജ് തുടർച്ച)

ന്നായി പാലിക്കേണ്ടതെങ്ങനെയാണെന്നെനിക്കറിയാമെന്നും റോമൻ നീതി ഞാൻ പണയത്തിലാക്കുകയില്ലെന്നും ഈ കാര്യത്തിൽ ബന്ധപ്പെട്ടവർ മനസ്സിലാക്കുവാൻ സംഗതി വരുത്തുക.

ഇനി എന്റെ സ്വന്തംകാര്യം പറയുകയാണെങ്കിൽ "വിശുദ്ധനഗരം" എന്നിങ്ങനെ സുജ്ഞാതമായ ഇവിടെ ഒററദിവസമെങ്കിലും ഞാൻ സാക്ഷാൽ സൗഭാഗ്യവാനായി കഴിഞ്ഞിട്ടില്ലെന്നു സ്നേഹിതൻ ധരിച്ചാലും. ഈ രാജ്യം ഭയങ്കരം, ഈ നഗരം ഭയങ്കരം, ജനങ്ങളും ഭയങ്കരർ. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവിടെ നടമാടുന്ന തണുപ്പ് ഇററലിയിൽ ഹേമന്തത്തിന്റെ ഉഗ്രഭാഗത്തനുഭവപ്പെടുന്നതിലും കട്ടിയാണു്. ലാസിയത്തിൽ ഇപ്പോൾ ശരൽക്കാലമാണു്. അവിടെ സർവ്വത്ര സൂര്യപ്രകാശവും സുഖകരമായ ചൂടും വിളയാടുന്നു, അവിടത്തെ ജനങ്ങൾ മനോഹരമായ ഒരു ഭാഷ സംസാരിക്കുന്നു, എനിക്കവിടെ ഒട്ടു വളരെ സ്നേഹിതന്മാരുണ്ടു് ഇത്യാദി സംഗതികൾ സ്മരിക്കുമ്പോൾ സദാജോലിത്തിരക്കും ബുദ്ധിമുട്ടും നൽകിക്കൊണ്ടിരിക്കുന്ന ആഹ്ലാദരഹിതവും സൽക്കാരശീലശൂന്യവുമായ ഈ നാട്ടു ധൃതി വിടുന്നതിലേക്കു് ഭാണ്ഡം മുറുക്കുവാൻ തോന്നിപ്പോകുന്നു. എങ്കിലും പരിണതനായ ഒരു യോദ്ധാവു് സ്വസ്ഥാനം ഉപേക്ഷിക്കുക യുക്തമല്ലല്ലോ. വീണ്ടും എന്റെ പേർക്കു കത്തയക്കണെ. എന്റെ ഈ ഏകാന്തതയിൽ ഒരു സ്നേഹിതന്റെ വാക്കുകൾ അത്യധികം ആശ്വാസപ്രദങ്ങളാണു്. മാത്രമല്ലാ, റോമായിലെ സംഭവവികാസങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുക തീർച്ചയായും എനിക്കാവശ്യവുമാകുന്നു.

എന്റെ പ്രിയപ്പെട്ട റൂളിയസ് ആല്പർ, നിങ്ങൾക്കു് സർവ്വമംഗളങ്ങളും ആശംസിച്ചുകൊണ്ടു് നിറുത്തട്ടെയോ!

പീലാത്തോസ് എഴുത്താണി മാററിവച്ചിട്ടു് ദീർഘമായി നിശ്വസിച്ചു. "വാക്കുകൾ—വാക്കുകൾ" അദ്ദേഹം സ്വയം മന്ത്രിച്ചു. അവയെക്കൊണ്ടെനിക്കെന്തു പ്രയോജനമുണ്ടാകുവാനാണു്?

അദ്ദേഹം എന്താണു് ചെയ്യാൻ പോകുന്നതെന്നു് പീലാത്തോസ് നല്ലവണ്ണം ഗ്രഹിച്ചു. സ്നേഹത്തിന്റെ പരമകാഷ്ഠ ത്യാഗമാണെന്നു തെളിയിക്കുവാൻ അദ്ദേഹം ഉദ്യമിക്കുകയായിരുന്നു. നസ്രത്തിൽനിന്നുള്ള ആ മനുഷ്യനെ രക്ഷിക്കണമെന്നു് അദ്ദേഹം നിശ്ചയം ചെയ്ത അവസരത്തിൽ മഗ്ദലമറിയയുടെ പേരിലദ്ദേഹത്തിനു തോന്നിയപ്രേമം അത്യുച്ചത്തിലെത്തിയിരുന്നു.

(തുടരും)

## അയർലണ്ടിന്റെ സംഭാവന

അടുത്ത മാർച്ചുമാസത്തിൽ 81 വയസ്സു തികയുന്ന മാർപ്പാപ്പാ തിരുമനസ്സിലേക്കു ഐറിഷ് ഗവർമെൻറു് 5 സെററു് കർബാനക്കുപ്പായങ്ങളും 2 കാപ്പകളും സമ്മാനിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഐറിഷ്പോപ്ലിനിൽ മനോഹരമായ ചിത്രത്തയ്യലോടുകൂടിയ ഇവയുടെ നിർമ്മാണത്തിൽ, അതിവിദഗ്ദ്ധകളായ ഏഴ് കന്യാസ്ത്രീകൾ വ്യാപൃതരായിരിക്കുകയാണു്.

Wednesday
February 20
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 27






വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ തർസീസിയൂസ് ഒരു ക്രിസ്റ്റോഫർ ആകാൻപോകയാണ്. വൈദികൻ വിശുദ്ധ കുർബാനയും എഴുന്നെള്ളിച്ചു രോഗിയുടെ അടുക്കലേക്കു പോയാൽ മിക്കവാറും അവിടെ എത്തിച്ചേരുന്നതിനുതന്നെ സാധിക്കുമോ എന്നു സംശയമാണ്. അതിനുമുമ്പു അദ്ദേഹം ശത്രുക്കളുടെ കൈയിൽപ്പെട്ടുപോകാനാണെളുപ്പം. ഉദ്ദേശ്യം സാധിക്കുകയില്ല. വൈദികൻ എല്ലാവർക്കും നഷ്ടപ്പെടും. നേരെ മറിച്ച് ബാലനായ തർസീസിയൂസ് വിശുദ്ധ കുർബാന കൊണ്ടുപോവുകയാണെങ്കിൽ അപകടം വളരെ കുറഞ്ഞിരിക്കും. ഒരു ബാലനെ ആരും അത്ര കാര്യമായി നിരീക്ഷിക്കുകയില്ലല്ലോ. ഈ വാദം അദ്ദേഹത്തിനും ബോദ്ധ്യമായി. അദ്ദേഹം വിശുദ്ധ കുർബാന തർസീസിയൂസിനെ ഏല്പിച്ചു. "കുഞ്ഞേ, സൂക്ഷിച്ചുപോകുക സർവ്വശക്തനായ ദൈവം നിന്നോടുകൂടിയുണ്ട്. അവിടുന്നു നിന്നെ അനുഗ്രഹിക്കട്ടെ" അദ്ദേഹം ഉപദേശിച്ചു. തർസീസിയൂസിന്റെ ആനന്ദം, കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, നിങ്ങൾ ഊഹിച്ചുകൊള്ളുക. എത്രമാത്രം ഭക്തിതീക്ഷ്ണതയായിരിക്കും ആ കുഞ്ഞുഹൃദയത്തിൽ കത്തിക്കാളിക്കൊണ്ടിരുന്നത്. എത്ര ശ്രദ്ധയോടെയായിരിക്കും ആ കുഞ്ഞുപാദങ്ങൾ ഓരോന്നും മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നത്. കാലിടറി താഴെ വീഴാതെ, ശത്രുക്കളുടെ കണ്ണിൽ പെടാതെ, കളിച്ചും ചിരിച്ചും സമയം പാഴാക്കാതെ, മാറിടത്തിൽ വഹിക്കുന്ന ഈശോയെപ്പററിയുള്ള ഓർമ്മ വിടാതെ ആ ബാലൻ മുമ്പോട്ടു നീങ്ങുകയാണ്. ഈശോ, ഈശോ........അതാണവന്റെ ശ്വാസനവും നിശ്വാസനവും.

ഈ ഭാഗ്യം നിങ്ങൾക്കും കൈവരണമെന്നാഗ്രഹമുണ്ടോ? ഉണ്ട്, ഉണ്ട്, എന്നുള്ള സ്വരം വല്യേട്ടൻ ഓരോരുത്തരിൽനിന്നു കേൾക്കുന്നു. അതുകൊണ്ട് അതിനുള്ള വഴി പറഞ്ഞുതരാം. നിങ്ങൾ ഓരോരുത്തരും ആദ്യമായി വിശുദ്ധ കുർബാന സ്വീകരിച്ച ആ മഹദ്ദിനത്തെപ്പററി ഓർമ്മിക്കുക. അന്നെന്തെല്ലാമായിരുന്നു നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞൊഴുകിക്കൊണ്ടിരുന്ന വികാരങ്ങൾ. ഈശോ നിങ്ങളുടെ ഹൃദയത്തിൽ എഴുന്നെള്ളിയിരുന്നു. വൃത്തിയായ വസ്ത്രങ്ങൾ ധരിച്ച്, പുഷ്പമുടിയുംവച്ച് കത്തിച്ച തിരിയുംപിടിച്ച് ഈശോയെ ഉള്ളിൽ വഹിച്ചുകൊണ്ട് അൾത്താരയുടെ അഴിക്കാലിങ്കൽനിന്നു നിങ്ങൾ നടന്നുപോയ ആ മടക്കയാത്ര ആർക്കെങ്കിലും മറക്കുവാൻ കഴിയുമോ? അതുപോലെ തന്നെ ഓരോ ദിവസവും ഈശോയെ സ്വീകരിക്കുവാനും വഹിക്കുവാനും ഇന്നു നിങ്ങൾക്കു പാടമുണ്ട്. അതിനുവേണ്ടി പരിശുദ്ധ മാർപ്പാപ്പാ മുതൽ എല്ലാ ആദ്ധ്യാത്മികപിതാക്കന്മാരും നിങ്ങളുടെ സ്നേഹമുള്ള നല്ല മാതാപിതാക്കന്മാരും എല്ലാം ആഗ്രഹിക്കുകയും പലപ്പോഴും നിങ്ങളോടുപദേശിക്കുകയും ചെയ്യുന്നില്ലേ? നിങ്ങളുടെ ഒരു നല്ല മനസ്സ്, അല്പം ത്യാഗം സഹിച്ച് ദിവസവും ദേവാലയത്തിൽ പോകുന്നതിനുള്ള സന്നദ്ധത ഇവ മാത്രം മതി നിങ്ങൾക്കു ഓരോ തർസീസിയൂസായി മാറുവാൻ. ഈശോയെ അക്ഷരാർത്ഥത്തിൽ വഹിക്കുവാനുള്ള ഭാഗ്യം ലഭിക്കുവാൻ. ഓരോരുത്തരും അതിനു തയാറാകുമോ?

വല്യേട്ടൻ



7. തർസീസിയൂസ് വൈദികനോട് മുട്ടിപ്പായി അപേക്ഷിക്കുന്നു, വിശുദ്ധകുർബാന അവനെ ഏല്പിച്ചുവിടുന്നതിനു്.

8. വൈദികൻ അതിനു സമ്മതിച്ചു. തർസീസിയൂസ് ആനന്ദപരവശനായി വൈദികനെ സമീപിച്ചു.

## 104-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മര്യാദ

## പ്രശ്നം നമ്പ്ര് 105

(കെ. ടി. അഗസ്റ്റിൻ
Reg. No. 11)

സജ്ജനങ്ങളെല്ലാവരും എന്തെങ്കിലും അബദ്ധം പ്രവത്തിച്ചുപോയാൽ എന്നെ ആശ്രയിക്കുകയായി മനസ്സമാധാനം വീണ്ടെടുക്കാൻ. ഞാൻമൂലം ശത്രുക്കൾ മിത്രങ്ങളാകുന്നു. എന്നെ കൈകാര്യം ചെയ്യാൻ ദുരഭിമാനികൾക്കു വലിയ വിഷമമാണ്. എന്റെ പേരിനു നാലക്ഷരമുണ്ട്. ഒന്നും നാലും അക്ഷരങ്ങൾ ചേന്നാൽ സ്നേഹിതന്മാർ തമ്മിൽ തമ്മിൽ ചെയ്യുന്ന ഒരു കൃത്യമാകും. മൂന്നും നാലും അക്ഷരങ്ങൾ ചേന്നാൽ ഞാനെല്ലാവരുടേയും ഒരു പ്രധാനപ്രവത്തനലക്ഷ്യമാകും. ഒന്നാമത്തെ അക്ഷരം വക്ഷസ്സിലുണ്ട്, ഹൃദയത്തിലില്ല. രണ്ടാമത്തെ അക്ഷരം ബഹുമാനത്തിലുണ്ട്, സ്നേഹത്തിലില്ല. മൂന്നാമത്തെ അക്ഷരം കപടതയിലുണ്ട്, വക്രതയിലില്ല. നാലാമത്തെ അക്ഷരം ശരണത്തിലുണ്ട് വിശ്വാസത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## ക്രിസ്മസ് സമ്മാനം

(ജോസഫ് ജെ. പൊരിയത്തു്
Reg. No: 85)

അന്നത്തെ പ്രഭാതം വളരെ മനോഹരമായിരുന്നു. ചീവീടുകളുടെ "രീ രീ രീ" ശബ്ദവും പക്ഷികളുടെ "കളകളാരവവും ഒന്നുചേന്നു അന്തരീക്ഷം മുഖരിതമായി. പ്രഭാതത്തിന്റെ മുന്നോടിയായി വന്നണഞ്ഞ ഒരു മന്ദമാരുതൻ പള്ളിപ്പരിസരങ്ങളിൽ ചുററിക്കറങ്ങി പലതരം പുഷ്പങ്ങളുടെ സൗരഭ്യവും വഹിച്ചുകൊണ്ട് അകത്തേക്കു കടന്നു, ഏതോ മഹാസംഭവത്തിൽ പങ്കുകൊള്ളാൻ.

അന്നെന്താണിത്ര വിശേഷം? എന്താണവിടെ നടക്കുന്നത്? അന്നാണ് അയ്യപ്പൻ പത്രോസാകുന്ന ദിവസം! അതെ, അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടന്ന ഒരു ആത്മാവിനു് അന്നാണ് സത്യവെളിച്ചം കണ്ടുകിട്ടുന്നത് അതാ! അയാൾ നില്ക്കുന്നു, കൈകൾ കൂപ്പിപ്പിടിച്ചു ഏകാഗ്രതയോടും ഭക്തിപാരവശ്യത്തോടുംകൂടി.

വീടുകൾതോറും കയറിയിറങ്ങി ഭിക്ഷാടനംകൊണ്ട് കാലയാപനം കഴിച്ചിരുന്ന അയാൾക്ക് ഈ മഹാഭാഗ്യം കൈവരുവാൻ ഇടയാക്കിയ സംഭവം എന്താണെന്നു നമുക്കന്വേഷിക്കാം.

x x x

ജോണി നാലാംക്ലാസിലാണു പഠിക്കുന്നത്. കേവലം പത്തു വയസ്സുമാത്രം പ്രായംവരുന്ന അവൻ എല്ലാ ശനിയാഴ്ചകളിലും ദേവാലയത്തിൽ പോവുകയും കുർബാനയിലും സൊഡാലിററി ഒപ്പീസിലും സംബന്ധിക്കുകയും ചെയ്ക പതിവാണ്. മിക്കദിവസങ്ങളിലും അവനാണ് കുർബാനയ്ക്കു കൂടുന്നതും.

അന്നും പതിവുപോലെ അവൻ പള്ളിയിലേക്കു തിരിച്ചു. അസഹനീയമായ തണുപ്പുണ്ടായിരുന്നെങ്കിലും അതു് പ്രതിബന്ധമായി അവനു തോന്നിയില്ല. ദിവ്യ ഈശോയെ ഓത്തു അതു സസന്തോഷം സഹിച്ചു. സമയം വൈകിയെന്നു കരുതി ജോണി വേഗം നടന്നു. അവൻ പള്ളിയിൽ എത്തിയപ്പോൾ സമയം അല്പം വൈകിയിരുന്നുതാനും.

കുർബാനയും സൊഡാലിററി ഒപ്പീസും കഴിഞ്ഞു് ജോണി പുറത്തിറങ്ങി. വീട്ടിൽ വളരെ ജോലിയുണ്ടായിരുന്നതുകൊണ്ട്, ആ ആഴ്ചയിലെ "സത്യദീപ"വുമെടുത്തുകൊണ്ട് ജോണി വേഗം നടന്നു. അപ്പോഴിതാ പോസ്ററുമാൻ എതിരേവരുന്നു.

"കുഞ്ഞു", കുളക്കരയിൽ സെബാസ്റ്റ്യൻ ജോണിയാണോ" അയാൾ ചോദിച്ചു.

"അതെ" ജോണി ഉത്തരം പറഞ്ഞു.

ഒരു ബുക്കുപോസ്റ്റ് ജോണിയെ ഏല്പിച്ചിട്ട് അയാൾ നടന്നുമറഞ്ഞു.

ജോണി ജിജ്ഞാസയോടുകൂടി എഴുത്തുകൂടു തുറന്നു. കോളേജിൽ പോയിരിക്കുന്ന ജോണിയുടെ സഹോദരി മേരിയുടെ ഒരെഴുത്തും ക്രിസ്മസിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ടുള്ള ഒരു സമ്മാനവും ആയിരുന്നു അതു്.

"ഹാ! എത്ര മനോഹരമായ ചിത്രം! ഉണ്ണീശോ കാലിത്തൊഴുത്തിൽ പിറന്നു കിടക്കുന്നു" അവൻ തന്നത്താൻ പറഞ്ഞുപോയി. ആ പടം അവൻ തിരിച്ചും മറിച്ചും നോക്കി. പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ തട്ടി ആ പടം മിന്നിത്തിളങ്ങി.

അവൻ വേഗം വീട്ടിലേക്കോടി. പടിക്കൽ അവന്റെ സഹോദരൻ ജോസുകുട്ടിയും സഹോദരി ലില്ലിയും നില്ക്കുന്നു. ജോണി ചെന്നപാടേ അവർ അവനെ പിടുത്തമിട്ടു. അവർ ഇരുവക്കും ആ രൂപം കിട്ടിയേ മതിയാവൂ.

അവരിൽ ആർക്കാണു കൊടുക്കേണ്ടതെന്നുള്ള അഭിപ്രായം ആരായുവാനായി അവൻ അമ്മയുടെ അടുക്കലേക്കോടി. പുറകേ ആ കുട്ടികളും. അന്നമ്മ ഒരു വൃദ്ധയാചകനായ അയ്യപ്പനു് അരി കൊടുത്തുകൊണ്ടുനിൽക്കുകയാണ്.

"നിങ്ങൾക്ക് ഇരുവക്കും ആ പടം കിട്ടണമെന്നു നിർബന്ധമാണെങ്കിൽ അതു് നിങ്ങളാരും എടുക്കാതെ അയാൾക്കു് കൊടുത്തേക്കുവിൻ. അതൊരു പുണ്യവുമായിരിക്കും" അന്നമ്മ അഭിപ്രായപ്പെട്ടു.

അതിന് എതിരുപറയുവാൻ ആരും മുതിന്നില്ല അങ്ങനെ ആ പടം യാചകനായ അയ്യപ്പന്റെ കൈയിൽ ചെന്നുചേന്നു. അയാൾ ഒരു മന്ദസ്മിതത്തോടുകൂടി അല്പനേരത്തേക്കു് ആ രൂപത്തെത്തന്നെ നോക്കിക്കൊണ്ടുനിന്നു. "ഇതാരാണ്?" അയാൾ ചോദിച്ചു.

"അയ്യോ! അതു ഉണ്ണീശോയല്ലേ?" ലില്ലിയാണ് അതിനുത്തരം പറഞ്ഞതു്.

"മൊതലാളീടെ ആരാണീക്കുഞ്ഞു്" അയാൾക്കു സംശയം വർദ്ധിച്ചു. കുട്ടികൾ എല്ലാവരും കുടുകുടെച്ചിരിച്ചു.

"ദൈവകല്പനയ്ക്കെതിരായി മനുഷ്യർ പാപംചെയ്തു." അന്നമ്മ അടുത്തുവന്നു വിവരിച്ചുപറയുവാൻ തുടങ്ങി; വൃദ്ധൻ ശ്രദ്ധിക്കുവാനും. ദിവ്യഈശോയുടെ ജീവചരിത്രം അന്നമ്മ ഭംഗിയായി വിവരിച്ചു. "അങ്ങനെ മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വന്തം ജീവനെക്കൂടി ബലിയർപ്പിച്ച ആ മഹാകാരുണികൻ ജനിച്ചുകിടക്കുന്നതിന്റെ ചിത്രമാണിതു്" അവർ അവസാനിപ്പിച്ചു.

വൃദ്ധനിൽ എന്തോ മാററംവന്നതുപോലെ തോന്നി. "ആ സത്യദൈവം സ്ഥാപിച്ചതായ സഭയിൽ വിശ്വസിക്കുകയും അവിടുന്നു നൽകിയ പ്രമാണങ്ങൾക്കനുസരണമായി ജീവിക്കുകയും ചെയ്യാത്ത ഒരു വ്യക്തിക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ല" എന്നു അന്നമ്മ പറഞ്ഞ വാചകം അയാളുടെ മനസ്സിൽ മാറാതെ നിൽക്കുകയാണ്. വൃദ്ധനിൽ ഒരാശയം ഉദിച്ചു. അയാൾക്കുമൊരു കത്തോലിക്കനാകണം. സ്വർഗ്ഗാവകാശിയാകണം. പരിശുദ്ധനാകണം. അയാൾ ഈ വിവരം അന്നമ്മയെ അറിയിച്ചപ്പോൾ അവർ വളരെ സന്തോഷിച്ചു. ദൈവത്തിനു നന്ദിപറഞ്ഞു. ഒരാഴ്ചയ്ക്കകം അയാൾ നമസ്കാരങ്ങളും മതതത്വങ്ങളും പഠിച്ചുകഴിഞ്ഞു, അന്നമ്മയുടേയും ജോണിയുടെയും സഹായത്തിൽ. ജ്ഞാനസ്നാനദിവസം തിങ്കളാഴ്ചയെന്നു നിശ്ചയിക്കുകയും ചെയ്തു. വിവരമറിഞ്ഞു് വികാരിയച്ചനും വളരെ സന്തോഷിച്ചു.

x x x

"അതാ ഇച്ചായനും പത്രോസുചേട്ടനും വരുന്നുണ്ട്." ജോണി വിളിച്ചുപറഞ്ഞു. അന്നമ്മ ഓടിവന്നു വഴിയിലേക്കു നോക്കി. അതെ, ജ്ഞാനസ്നാനം സ്വീകരിച്ച ആ യാചകനും സ്വഭത്താവുംതന്നെയാണു വരുന്നതു്. ജോണിയും മാതാവും മുട്ടിന്മേൽനിന്നു് പരമകാരുണികനു് കൃതജ്ഞത പ്രകാശിപ്പിച്ചു. ജോണിക്കു കിട്ടിയ ആ "ക്രിസ്മസ് സമ്മാനം" ഒരു ആത്മാവിനു് സത്യമതത്തിൽ പ്രവേശിക്കുവാൻ അവസരമായിതീന്നു.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യയ്ക്കു പുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at theMar Louis Memorial Press,
Ernakulam-1